بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ  نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ  وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

2026 സെപ്റ്റംബർ 10-17 • ഹി.ശം 1405 തബൂക്ക് 10-17 • ഹി. ഖ. 1448 റബീഉൽ അവ്വൽ 27

വാല്യം 11    ലക്കം 37-38

# ബദർ

വാരിക ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ : എച്ച്.ശംസുദ്ദീൻ



വിശുദ്ധ ഖുർആനിൽ നിന്ന്:

## ദൃഢജ്ഞാനം

فَسَبِّحۡ بِحَمۡدِ رَبِّکَ وَکُنۡ مِّنَ السّٰجِدِیۡنَ ○ وَاعۡبُدۡ رَبَّکَ حَتّٰی یَاۡتِیَکَ الۡیَقِیۡنُ ○

(الحجر :99-100)

അതിനാൽ നിന്റെ നാഥനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ വിശുദ്ധിയെ പ്രകീർത്തിക്കുക. (അവന്റെ മുമ്പാകെ) സാഷ്ടാംഗപ്രണാമം ചെയ്യുന്നവരിൽ നീ ഉൾപ്പെടുക. മരണം നിനക്ക് വന്നെത്തുന്നതുവരെ നീ നിന്റെ നാഥനെ ആരാധിക്കുക.



ഹദീസ്:

## ദൃഢവിശ്വാസത്തോടെ പ്രാർഥിക്കുക

عَنۡ عُمَرَ بۡنِ الۡخَطَّابِ قَالَ: قَالَ رَسُوۡلُ اللّٰہِ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ "لَوۡ اَنَّکُمۡ کُنۡتُمۡ تَوَکَّلُوۡنَ عَلَی اللّٰہِ حَقَّ تَوَکُّلِہٖ لَرُزِقۡتُمۡ کَمَا تُرۡزَقُ الطَّیۡرُ تَغۡدُوۡ خِمَاصًا وَتَرُوۡحُ بِطَانًا"

[سنن ترمذی/ کتاب الزھد عن رسول اللہ صلی اللہ علیہ وسلم/حدیث:2344]

ഹദ്റത്ത് ഉമർ ബിൻ അൽഖത്വാബ് (റ) നിവേദനം ചെയ്യുന്നു: തിരുനബി (സ) അരുളി ചെയ്തു: നിങ്ങൾ അല്ലാഹുവിൽ ഭരമേൽപ്പിക്കേണ്ട യഥാർത്ഥ രീതിയിൽ അവനു മേൽ ഭരമേൽപ്പിക്കുന്നവരാണെങ്കിൽ, പക്ഷികൾക്ക് ജീവിതവിഭവം നൽകപ്പെടുന്നത് പോലെ നിങ്ങൾക്കും അത് നൽകപ്പെടുമായിരുന്നു; അതായത്, രാവിലെ ഒഴിഞ്ഞ വയറുമായി പുറപ്പെടുകയും വൈകുന്നേരം വയറുനിറഞ്ഞ് മടങ്ങുകയും ചെയ്യുന്ന പക്ഷികളെപ്പോലെ.

عَنۡ اَبِیۡ ھُرَیۡرَۃَ قَالَ: قَالَ رَسُوۡلُ اللّٰہِ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ: "اُدۡعُوا اللّٰہَ وَاَنۡتُمۡ مُوۡقِنُوۡنَ بِالۡاِجَابَۃِ، وَاعۡلَمُوۡا اَنَّ اللّٰہَ لَا یَسۡتَجِیۡبُ دُعَاءً مِنۡ قَلۡبٍ غَافِلٍ لَاہٍ"

[سنن ترمذی/ کتاب الدعوات عن رسول اللہ صلی اللہ علیہ وسلم/حدیث:3479]

ഹദ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു: തിരുനബി (സ) അരുളി ചെയ്തു: നിങ്ങൾ അല്ലാഹുവിനോട് പ്രാർത്ഥിക്കുക, ആ പ്രാർത്ഥന തീർച്ചയായും സ്വീകരിക്കപ്പെടുമെന്ന പൂർണ്ണ ഉറപ്പോടെ പ്രാർത്ഥിക്കുക. (നന്നായി) മനസ്സിലാക്കിക്കൊള്ളുക, അശ്രദ്ധവും കളിതമാശകളിൽ മുഴുകിയതുമായ ഒരു മനസ്സിൽ നിന്നുള്ള പ്രാർത്ഥന അല്ലാഹു സ്വീകരിക്കുകയില്ല.



ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പാഠങ്ങൾ:

## മഅ്രിഫത്ത് അഥവാ ദൈവാവബോധം അനിവാര്യം

ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) അരുളുന്നു:

ഈമാൻ ശക്തിപ്പെടുത്തേണ്ടത് വളരെ അനിവാര്യമാകുന്നു. ഈമാനില്ലാതെ കർമ്മങ്ങൾ മൃതദേഹങ്ങളെപ്പോലെയാണ്. ഈമാൻ ഉണ്ടാകുമ്പോഴാണ് മനുഷ്യന് ആ ദൈവാവബോധം (മഅ്രിഫത്) ലഭിക്കുന്നത്, അതുവഴി അവൻ ആകാശത്തേക്ക് ഉയർത്തപ്പെടുന്നു. ഇത് ഇല്ലെങ്കിൽആനുഗ്രഹങ്ങളോ സന്തോഷമോ ലഭിക്കുകയല്ല. അല്ലാഹുവിനെ കണ്ടതിനു ശേഷം ഏതെങ്കിലും കർമ്മം ചെയ്യപ്പെടുമ്പോൾ, ആ കർമ്മത്തിന് ലഭിക്കുന്ന മഹത്വം മറ്റൊരാളുടെ കർമ്മത്തിന് ലഭിക്കുമോ? ഒരിക്കലുമില്ല. കർമ്മപരമായ രോഗങ്ങളും തഖ്‌വയിലെ ബലഹീനതകളും എത്രയൊക്കെ കാണപ്പെടുന്നുവോ, അവയുടെയെല്ലാം അടിസ്ഥാന കാരണം മഅ്രിഫത്തിന്റെ (ദൈവാവബോധത്തിന്റെ) ബലഹീനതയാണ്. ഒരു ചെറിയ കീടത്തെക്കുറിച്ചുള്ള തിരിച്ചറിവ് ഉണ്ടായാൽ പോലും മനുഷ്യൻ അതിനെ ഭയപ്പെടുന്നു, പിന്നെ സർവ്വശക്തനായ ദൈവത്തിന്റെ മഅ്രിഫത്ത് ഉണ്ടെങ്കിൽ അവനെ എന്തുകൊണ്ട് ഭയപ്പെടുകയില്ല? ചുരുക്കത്തിൽ, മഅ്രിഫത്തിന് വലിയ പ്രാധാന്യമുണ്ട്.

ഞാൻ കാണുന്നു, നമ്മുടെ ജമാഅത്ത് വളരുന്നുണ്ടെങ്കിലും നിലവിൽ പുറംതോട് മാത്രമാണ് വർദ്ധിക്കുന്നത്, അതിന്റെ അകക്കാമ്പ് ആണ് വളരുന്നതെങ്കിൽ അതൊരു വലിയ കാര്യമാണ്. തിരുനബി (സ)യുടെ പവിത്രമായ ശക്തി എത്രമാത്രം മഹത്തരമാണ്! നബി(സ)ൽ വിശ്വസിച്ച സ്വഹാബത്ത് (റ) ഒറ്റയടിക്ക് ലോകത്തിന്റെ വിധി തന്നെ മാറ്റിമറിച്ചു. ജീവനേക്കാൾ വിലപിടിപ്പുള്ളതായി മറ്റെന്താണുള്ളത്? അവർ തങ്ങളുടെ രക്തംകൊണ്ട് ദീനിന്മേൽ മുദ്രകൾ പതിപ്പിച്ചു. എന്നാൽ ഇപ്പോൾ ആളുകൾ ബൈഅത്ത് ചെയ്യുമ്പോൾ, ഒപ്പം ചില രഹസ്യ ലൗകിക താൽപര്യങ്ങളും കൂടെക്കൂട്ടുന്നത് കാണാം; അതായത് ഭൗതികമായ ഇന്ന കാര്യം നടക്കണം, ഇന്നത് സംഭവിക്കണം എന്നിങ്ങനെ. ആരെങ്കിലും യഥാർത്ഥ മുമിൻ (വിശ്വാസി) ആയിത്തീർന്നാൽ, അല്ലാഹു അവന്റെ എല്ലാ പ്രയാസങ്ങളും എളുപ്പമാക്കി കൊടുക്കും എന്നത് സത്യം തന്നെയാണ്, എന്നാൽ സർവ്വപ്രഥമമായി മഅ്രിഫത്താണ് (ദൈവാവബോധം) ആവശ്യം, അതിനുശേഷം അല്ലാഹു തന്നെ അവന്റെ എല്ലാ ആവശ്യങ്ങളുടെയും ഉത്തരവാദിയായിത്തീരും.

*(മൽഫൂസാത്ത് വാല്യം അഞ്ച്, പേജ് 222 - 223)*



**തഫ്സീർ:** ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)

## یقین کے معروف اور حقیقی معنی کیا ہیں

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)

وَاعۡبُدۡ رَبَّکَ حَتّٰی یَاۡتِیَکَ الۡیَقِیۡنُ

ഇവിടെ യഖീൻ എന്നതിന്റെ അർത്ഥം മരണം എന്നാണ്. അതിനാൽ ഇനി മരണം വരെ നീ നമ്മുടെ ആരാധനയിൽ മുഴുകിയിരിക്കുക. അതായത്, ഇസ്‌ലാമിന് ലഭിക്കുന്ന പുരോഗതിയിൽ ഇനി യാതൊരു തടസ്സവും ഉണ്ടാകുകയില്ല. നിനക്ക് സമാധാനത്തോടെയും നിർഭയമായും മരണത്തോളം പരസ്യമായി അല്ലാഹുവിനെ ആരാധിക്കാൻ കഴിയുകയും ചെയ്യും. നിന്റെ മുഴുവൻ ജീവിതവും ആരാധനാ സ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ സമാധാനത്തിൽ കഴിയുന്ന തരത്തിൽ അല്ലാഹു ഇപ്പോൾ നിന്റെ ആരാധനകളിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്ന ഈ ആളുകളെ, നശിപ്പിച്ചുകളയും.

ഇവിടെ യഖീനിന്റെ സുപരിചിതമായ അർത്ഥങ്ങളും സ്വീകരിക്കാവുന്നതാണ്. ആ സാഹചര്യത്തിൽ അതിന്റെ അർത്ഥം ഇതായിരിക്കും:

ശേഷം പേജ് 15 ൽ

**അഹ്‌മദിയ്യാ വാർത്ത**

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയുരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതിനും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്‌മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്, ഖാദിയാൻ

لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

**എഡിറ്റോറിയൽ**

# തിരുനബി(സ)യുടെ
## ഉന്നതമായ മഹത് സ്ഥാനം

قُلْ اِنْ كُنْتُمْ تُحِبُّوْنَ اللّٰهَ فَاتَّبِعُوْنِيْ يُحْبِبْكُمُ اللّٰهُ وَيَغْفِرْ لَكُمْ ذُنُوْبَكُمْ وَاللّٰهُ غَفُوْرٌ رَّحِيْمٌ
(آل عمران:32)

اِنَّ اللّٰهَ وَمَلٰٓئِكَتَهٗ يُصَلُّوْنَ عَلَى النَّبِيِّ يٰٓاَيُّهَا الَّذِيْنَ اٰمَنُوْا صَلُّوْا عَلَيْهِ وَسَلِّمُوْا تَسْلِيْمًا (الاحزاب:57)

നീ പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുവിൻ; അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാണ്. നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യും. അല്ലാഹു വളരെയേറെ പൊറുക്കുന്നവനും കൂടെക്കൂടെ കരുണ ചെയ്യുന്നവനുമാണ്.

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് മേൽ അനുഗ്രഹങ്ങളാശംസിക്കുന്നു. വിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് അനുഗ്രഹവും നല്ലപോലെ സമാധാനവും നേരുക.

ഈ രണ്ട് ആയത്തുകളിൽ ഒന്ന് ആൽ ഇംറാനിൽ നിന്നുള്ളതും മറ്റൊന്ന് സൂറത്തുൽ അഹ്സാബിൽ നിന്നുള്ളതുമാണ്. തർജ്ജമയിലൂടെ നിങ്ങൾ കേട്ടതുപോലെ, തിരുനബി(സ)യിലൂടെ മുൻകാലത്തെയും വരാനിരിക്കുന്നതുമായ എല്ലാ മാതൃകകളും ഇനി അവസാനിച്ചിരിക്കുന്നുവെന്നും, ഇനി ഒരാൾക്ക് അനുകരിക്കാൻ യോഗ്യമായ ഒരേയൊരു മാതൃക തിരുനബി(സ)യുടെ മാതൃക മാത്രമാണെന്നും ആൽ ഇംറാനിലെ ഈ ആയത്തിലൂടെ അല്ലാഹു തആല നമുക്കും ലോകത്തെ എല്ലാ മനുഷ്യർക്കും സന്ദേശം നൽകിയിരിക്കുന്നു. ഈ മാതൃക എങ്ങനെയാണ് സ്ഥാപിക്കപ്പെടുക? ഒരു യഥാർത്ഥ പ്രേമി തന്റെ പ്രിയപ്പെട്ടവന്റെ ഇഷ്ടങ്ങളും അനിഷ്ടങ്ങളും തന്റെ തന്നെ ഇഷ്ടങ്ങളും അനിഷ്ടങ്ങളുമാക്കി മാറ്റുന്നതിലൂടെയാണ് അത് സ്ഥാപിക്കപ്പെടുന്നത്. നിങ്ങൾ ഈ രീതിയിൽ തിരുനബി(സ)യെ പിൻപറ്റുമ്പോൾ മാത്രമേ ഞാൻ നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരുകയുള്ളൂ എന്നും നിങ്ങളോട് സ്നേഹത്തോടെ പെരുമാറുമെന്നും അല്ലാഹു തആല പറയുന്നു. നിങ്ങളുടെ ലൗകികവും ആത്മീയവുമായ നന്മകൾക്കുള്ള വഴികളും ഞാൻ ഒരുക്കിത്തരുന്നതാണ്. അതിനാൽ, അല്ലാഹുവിലേക്ക് എത്തിച്ചേരാനുള്ള എല്ലാ വഴികളും ഇപ്പോൾ അടഞ്ഞിരിക്കുന്നുവെന്നും, ഇനി എന്തെങ്കിലും ഒരു വഴി തുറന്നിട്ടുണ്ടെങ്കിൽ അത് തിരുനബി(സ)യെ പൂർണ്ണമായി പിൻപറ്റിക്കൊണ്ട് അവിടുത്തെ പാതയിലൂടെ നടന്നുചെന്നാൽ മാത്രമെ അല്ലാഹുവിലേക്ക് എത്തിച്ചേരാൻ കഴിയൂ എന്നും വ്യക്തമാകുന്നു. ഇതാണ് തുറക്കപ്പെട്ടിട്ടുള്ള ഒരേയൊരു വഴി.

തുടർന്ന്, ഈ ഉസ്വവ: ഹസന: (ഉത്തമ മാതൃക) പിൻപറ്റുന്നതിനും തിരുനബി(സ)യോടുള്ള സ്നേഹം ഹൃദയത്തിൽ വർദ്ധിപ്പിക്കുന്നതിനുമുള്ള മാർഗ്ഗം ഞാൻ പാരായണം ചെയ്ത അടുത്ത ആയത്തിലൂടെ, അതായത് സൂറത്തുൽ അഹ്സാബിലൂടെ അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. അത് ഇതാണ്: ഈ നബി സാധാരണക്കാരനായ ഒരു പ്രവാചകനല്ല. മറിച്ച്, അല്ലാഹുവിന്റെ ഏറ്റവും പ്രിയപ്പെട്ട പ്രവാചകനാണ്. ഭൂമിയും ആകാശവും സൃഷ്ടിക്കപ്പെട്ടത് അവിടുത്തേക്ക് വേണ്ടിയാണ്. അല്ലാഹു തആലയും അവിടുത്തെ മേൽ അനുഗ്രഹാശിസുകൾ നേരുന്നു. അല്ലാഹുവിന്റെ ഈ പ്രിയപ്പെട്ട നബിക്ക് മേൽ അനുഗ്രഹാശിസുകൾ വർഷിച്ചുകൊണ്ടും പ്രാർത്ഥനകൾ ചെയ്തുകൊണ്ടും മലക്കുകളും ഇതേ കാര്യത്തിൽ തന്നെ സക്രിയമാണ്. അതിനാൽ, വിശ്വാസ പ്രഖ്യാപനം നടത്തികൊണ്ട് അല്ലാഹുവിന്റെ പ്രീതി ആഗ്രഹിക്കുന്നവരേ, ഈ നബിയുമായി സ്നേഹം സ്ഥാപിക്കേണ്ടത് നിങ്ങളുടെ ചുമതലയാണ്. നബി(സ)ക്കു മേൽ നിങ്ങൾ ധാരാളം സ്വലാത്തും സലാമും ചൊരിയുക. നിങ്ങൾ ഈ രീതിയിൽ ഈ നബിക്ക് മേൽ ശാന്തിയും സമാധാനവും നേരുമ്പോൾ, നബി(സ)നെ പിൻപറ്റാനുള്ള വഴികൾ നിങ്ങൾക്ക് മുന്നിൽ തുറക്കപ്പെടുകയും, ഈ വഴികൾ ഓരോന്നായി തുറക്കപ്പെടുമ്പോൾ നിങ്ങൾ നബി(സ) പിൻപറ്റിക്കൊണ്ടിരിക്കുന്നതിനനുസരിച്ച് അല്ലാഹുവിന്റെ സ്നേഹം നേടിയെടുക്കാൻ കഴിയുന്നവരായി നിങ്ങൾ മാറുകയും ചെയ്യും.

ഈ വിഷയത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം അരുളുന്നു: പ്രാർത്ഥനകൾ സ്വീകരിക്കപ്പെടാനുള്ള മൂന്ന് മാർഗ്ഗങ്ങൾ മാത്രമാണുള്ളത്. ഒന്ന്: قُلْ اِنْ كُنْتُمْ تُحِبُّوْنَ اللّٰهَ فَاتَّبِعُوْنِيْ (ആൽ ഇംറാൻ: 32). രണ്ട്: يٰٓاَيُّهَا الَّذِيْنَ اٰمَنُوْا صَلُّوْا عَلَيْهِ وَسَلِّمُوْا تَسْلِيْمًا (അൽഅഹ്സാബ്: 57). മൂന്നാമത്തേത് ദൈവീകമായ ഔദാര്യം (موہبت الٰہی).' (ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു പ്രഭാഷണവും വഹ്ദത്തുൽ വുജൂദ് സംബന്ധിച്ച ഒരു കത്തും, പേജ് 23).

അതായത്, നിങ്ങളുടെ പ്രാർത്ഥനകൾ അംഗീകരിപ്പിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, റസൂലുല്ലാഹി സ്വല്ലല്ലാഹു അലൈഹിവസല്ലം കൊണ്ടുവന്ന മതത്തെ നിങ്ങൾ പിൻപറ്റുക, നബി(സ)യെ സ്നേഹിക്കുക, അല്ലാഹുവിന്റെ സ്നേഹം നേടിയെടുക്കുക. തുടർന്ന്, ആ സ്നേഹം സ്വയം വർദ്ധിപ്പിക്കുന്നതിനും അതുവഴി അല്ലാഹുവിന്റെ സ്നേഹം നേടിയെടുക്കുന്നതിനും വേണ്ടി റസൂലുല്ലാഹി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലുക. അതുപോലെ, അല്ലാഹുവിനു മുന്നിൽ കുനിയുക, അവനിൽ നിന്ന് പാപമോചനം തേടുക, അവനെ ആരാധിക്കുക, അല്ലാഹുവല്ലാത്ത എല്ലാറ്റിനെയും ഉപേക്ഷിക്കുക. ഈ മൂന്ന് കാര്യങ്ങൾ ഉണ്ടായാൽ, നിങ്ങൾ അല്ലാഹുവിന്റെ സാമീപ്യം നേടുന്നവരായിത്തീരുമെന്ന് മനസ്സിലാക്കിക്കൊള്ളുക. നിങ്ങളുടെ ഇഹപരലോകം നന്നാക്കപ്പെടുകയും ചെയ്യും.

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) കൂടുതൽ വ്യക്തമാക്കുന്നു: 'നിങ്ങൾ ദൈവത്തിന്റെ പ്രിയപ്പെട്ടവരാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങളുടെ പാപങ്ങൾ പൊറുക്കപ്പെടാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അതിനുള്ള ഒരേയൊരു മാർഗ്ഗം എന്നെ അനുസരിക്കുകയാണെന്ന് അവരോട് പറയുക.'

തുടർന്ന് പറയുന്നു: '.... എന്നെ പിൻപറ്റുക എന്നത് അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് ഒരിക്കലും നിരാശരാക്കുന്നില്ല. അത് പാപങ്ങളുടെ മോചനത്തിന് കാരണമാവുകയും അല്ലാഹുവിന്റെ പ്രിയപ്പെട്ടവനാക്കി മാറ്റുകയും ചെയ്യുന്നു.' അതായത്, യഥാർത്ഥമായി പിൻപറ്റുന്നവർ ഒരിക്കലും അല്ലാഹുവിന്റെ അനുഗ്രഹത്തെ സംബന്ധിച്ച് നിരാശരാവുകയില്ല. ഈ വശത്തിലൂടെ നാം തീർച്ചയായും അല്ലാഹുവിന്റെ സാമീപ്യവും സ്നേഹവും നേടിയെടുക്കുമെന്ന ഉറച്ച ബോധം അവരിലുണ്ടായിരിക്കും. അതിനാൽ, എന്നെ പിൻപറ്റൽ പാപമോചനത്തിന് കാരണമാവുകയും അല്ലാഹുവിന്റെ പ്രിയപ്പെട്ടവനാക്കി മാറ്റുകയും ചെയ്യുമെന്ന് വ്യക്തമാക്കുന്നു. 'ഞങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെന്ന നിങ്ങളുടെ അവകാശവാദം നിങ്ങൾ എന്നെ പിൻപറ്റിയാൽ മാത്രമേ സത്യവും ശരിയുമായി തെളിയുകയുള്ളൂ.'

തുടർന്ന് അവിടുന്ന് ഇപ്രകാരം പറയുന്നു: 'ലോകത്തിൽ കോടിക്കണക്കിന് വിശുദ്ധ പ്രകൃതമുള്ളവർ കഴിഞ്ഞുപോയിട്ടുണ്ട്, വരുംകാലങ്ങളിലും ഉണ്ടാകും. എന്നാൽ മുഹമ്മദ് സ്വല്ലല്ലാഹു അലൈഹിവസല്ലം എന്ന് പേരുള്ള ആ ദൈവദാസനാണ് നമ്മൾ കണ്ടവരിൽ വെച്ചേറ്റവും മികച്ചവനും ഏറ്റവും ഉന്നതനും ഏറ്റവും ശ്രേഷ്ഠനും.

اِنَّ اللّٰهَ وَمَلٰٓئِكَتَهٗ يُصَلُّوْنَ عَلَى النَّبِيِّ يٰٓاَيُّهَا الَّذِيْنَ اٰمَنُوْا صَلُّوْا عَلَيْهِ وَسَلِّمُوْا تَسْلِيْمًا (അൽഅഹ്സാബ്: 57). വിശുദ്ധ ഖുർആനിൽ വിശദമായി പരാമർശിക്കപ്പെടാത്ത ജനതകളിലെ മഹാത്മാക്കളുടെ കാര്യം വിട്ടേക്കുക. ഖുർആനിൽ പരാമർശമുള്ള പ്രവാചകന്മാരെക്കുറിച്ച് മാത്രമാണ് ഞങ്ങൾ ഞങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കുന്നത്. ഉദാ: മൂസാ(അ), ദാവൂദ്(അ), ഈസാ(അ) തുടങ്ങിയ പ്രവാചകന്മാർ. അതിനാൽ, തിരുനബി(സ) ലോകത്ത് വരികയോ വിശുദ്ധ ഖുർആൻ അവതരിക്കപ്പെടുകയോ ഞങ്ങൾ നേരിൽ കണ്ട ആ അനുഗ്രഹങ്ങൾ കണ്ടറിയുകയോ ചെയ്തിരുന്നില്ലെങ്കിൽ, മുൻകാല പ്രവാചകന്മാരുടെ സത്യാവസ്ഥ ഞങ്ങൾക്ക് സംശയകരമായി അവശേഷിക്കുമായിരുന്നു എന്ന് ഞങ്ങൾ ദൈവത്തെ സാക്ഷി നിർത്തി സത്യം ചെയ്തു പറയുന്നു.' അതായത്, വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ നമ്മുടെ മുന്നിൽ ഇല്ലായിരുന്നുവെങ്കിലോ, ആ പ്രവാചകന്മാരെക്കുറിച്ച് വിശുദ്ധ ഖുർആൻ വിവരിച്ചതുപോലെ ഞങ്ങൾ ഞങ്ങളുടെ കണ്ണുകൊണ്ട് അത് നേരിട്ട് കണ്ടറിഞ്ഞിരുന്നില്ലെങ്കിലോ, വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമ്പോൾ ഞങ്ങൾക്ക് ബോധ്യപ്പെട്ടതുപോലെ മുൻകാല പ്രവാചകന്മാരുടെയെല്ലാം സത്യാവസ്ഥ ഞങ്ങൾക്ക് വ്യക്തമാകുമായിരുന്നില്ല.

അവിടുന്ന് പറയുന്നു: 'കാരണം കേവലം കഥകളിലൂടെ യാതൊരു യാഥാർത്ഥ്യവും നേടിയെടുക്കാനാവില്ല, ആ കഥകൾ ശരിയായിരിക്കണമെന്നുമില്ല. അവരിലേക്ക് ചേർത്തുപറയപ്പെടുന്ന എല്ലാ അത്ഭുതങ്ങളും അതിശയോക്തികൾ മാത്രമായിരിക്കാനും സാധ്യതയുണ്ട്. കാരണം ഇപ്പോൾ അവയുടെ യാതൊരു പേരുംചൂരും ബാക്കിയില്ല, മാത്രമല്ല ആ മുൻകാല ഗ്രന്ഥങ്ങളിൽ നിന്ന് ദൈവത്തെക്കുറിച്ച് മനസ്സിലാക്കാൻ കഴിയുന്നില്ല.

ശേഷം പേജ് 14 ൽ

ഖുത്വ്ബ ജുമുഅ

2026 ജൂലൈ 24, 1405 വഫാ 24
*ഹദീഖതുൽ മഹ്ദി, ആൾട്ടൺ (ഹാംപ്ഷയർ), യു.കെ*

# ജൽസാ സാലാനാ : അതിഥി സൽക്കാരവും നമ്മുടെ ഉത്തരവാദിത്വങ്ങളും

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് ജൽസ സാലാന യു.കെ ആരംഭിക്കുകയാണ്. ഈ രാജ്യത്തിന്റെ കോണുകളിൽ നിന്നും ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നും അതിഥികൾ ഇതിൽ പങ്കെടുക്കാനായി വന്നുകൊണ്ടിരിക്കുന്നുണ്ട്. ഇവർ എല്ലാവരും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അതിഥികളാണ്. അവർ ഒരു പ്രത്യേക ദീനീ ലക്ഷ്യത്തിനുവേണ്ടിയാണ് ഇവിടെ വരുന്നത്. അതിനാൽ ഈ അതിഥികളുടെ അതിഥിസത്കാരത്തിനും പ്രത്യേക സ്ഥാനമുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജൽസ സാലാന നടക്കുന്ന ലോകത്തെ ഏത് രാജ്യത്തായാലും അവിടത്തെ കുട്ടികളും യുവജനങ്ങളും പുരുഷന്മാരും സ്ത്രീകളും തങ്ങൾ ജൽസയിലെ അതിഥികളുടെ സേവനം ചെയ്യേണ്ടതുണ്ട് എന്ന കാര്യത്തിൽ ബോധമുള്ളവരാണ്. അതിനായി എല്ലാവരും വോളന്റിയർമാരായി, അതായത് സന്നദ്ധ സേവകരായി സ്വയം സമർപ്പിക്കുന്നു. ഇന്ന് ലോകത്തുള്ളവരുടെ മുൻഗണനകൾ മാറിയിട്ടുണ്ടെങ്കിൽ കൂടിയും അതിൽ നിന്നും വ്യത്യസ്തമായി ആത്മാർത്ഥരായ ജമാഅത്തംഗങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അതിഥികളുടെ സേവനത്തിനായി സ്വയം സമർപ്പിക്കുന്നു. ഞാൻ പറഞ്ഞതുപോലെ കുട്ടികൾ മുതൽ മുതിർന്നവർ വരെയും വിവിധ ഭൗതിക ജോലികളിൽ വ്യാപൃതരായ ആളുകളും ഈ ദിവസങ്ങളിൽ തങ്ങളുടെ ജോലികളിൽ നിന്നും അവധിയെടുത്ത് സേവനത്തിനായി സ്വയം സമർപ്പിക്കുന്നു. ഇവർ അല്ലാഹു നമുക്ക് അതിഥികളുടെ സേവനവും ബഹുമാനവും ആദരവും നിർബന്ധമാക്കിയിട്ടുണ്ടെന്ന് ബോധ്യമുള്ള ആളുകളാണ്. നബി തിരുമേനി(സ) തന്റെ കർമ്മം കൊണ്ടും വാക്ക് കൊണ്ടും ഈ കാര്യത്തിന് പ്രേരണ നല്കിയിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ ഭാഗത്തേക്ക് ആവർത്തിച്ച് ശ്രദ്ധതിരിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു: യാത്രക്കാർക്ക് അവരുടെ അവകാശം നല്കുവിൻ. *(വിശുദ്ധ ഖുർആൻ — സൂറത്തുൽ ഇസ്റാഅ് 17:27)*

അതുപോലെ വിശുദ്ധ ഖുർആനിൽ ഹദ്റത്ത് ഇബ്രാഹിം (അ) ന്റെ ഉദാഹരണം രേഖപ്പെടുത്തിയിട്ടുണ്ട്. അതായത് അതിഥികൾ അദ്ദേഹത്തിന്റെ അടുത്തു വന്നപ്പോൾ അതിഥികളെ കണ്ട് അദ്ദേഹം ഭക്ഷണം കഴിക്കുമോ ഇല്ലയോ എന്ന് ചോദിക്കുകയല്ല മറിച്ച് ഉടൻ തന്നെ ഒരു കാളക്കുട്ടിയെ അറുക്കുകയും അത് ചുട്ടതിനുശേഷം അതിഥികളുടെ മുന്നിൽ സമർപ്പിക്കുകയുമാണ് ചെയ്തത്. *(വിശുദ്ധ ഖുർആൻ —സൂറത്തു ഹൂദ് 11:70)*

അതുപോലെ ഒരു ഹദീസിൽ വന്നിരിക്കുന്നു, നബി തിരുമേനി(സ) പറഞ്ഞു: അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ അതിഥിയുടെ ന്യായമായ അവകാശം നല്കുന്നു, അവരത് നിർവഹിക്കേണ്ടതുണ്ട്. ചോദിക്കപ്പെട്ടു, ന്യായമായ അവകാശം എന്താണ്? അദ്ദേഹം പറഞ്ഞു, ഒരു പകലും രാവുമുള്ള അതിഥിസത്കാരമാണ്. മറ്റൊരു സ്ഥലത്ത് മൂന്ന് ദിവസം വരെ അവനെ അതിഥിസത്കാരം ചെയ്യുക എന്നും വന്നിട്ടുണ്ട്. *(സ്വഹീഹ് ബുഖാരി)*

ഇത് പ്രത്യേക അതിഥികൾക്ക് വേണ്ടിയുള്ളതാണ്. സാധാരണയായി വീട്ടിൽ വരുന്ന അതിഥികൾ ഏതാനും ദിവസങ്ങൾക്ക് വേണ്ടിയാണു വരുന്നത്. പൊതുവെ ആരെങ്കിലും അതിഥിയായി വന്നാൽ അതിഥിസത്കാരം ചെയ്യേണ്ടതാണ്, ഇതാണ് മുസ്ലിങ്ങൾക്കുള്ള കൽപ്പന. ഇന്നത്തെക്കാലത്ത് ജൽസയുടെ ദിവസങ്ങളിൽ വരുന്ന അതിഥികൾ വിദൂരസ്ഥലങ്ങളിൽ നിന്നും യാത്ര ചെയ്താണ് വരുന്നത്. മറ്റ് രാജ്യങ്ങളിൽ നിന്നും വരുന്നുണ്ട്. ഇവർ മൂന്ന് ദിവസത്തിൽ കൂടുതലും തങ്ങും. ജമാഅത്തിന്റെ സംവിധാനത്തിന് കീഴിൽ ഇവർ എത്ര ദിവസങ്ങൾ തങ്ങിയാലും, മൂന്ന് നാല് ആഴ്ചകൾ വരെ അല്ലെങ്കിൽ രണ്ട് മൂന്ന് ആഴ്ചകൾ വരെ ജമാഅത്ത് ഇവരെ സത്കരിക്കുന്നു. അതിനായി അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താൽ ജമാഅത്തിന്റെ പക്കൽ ഇവരെ അതിഥിസത്കാരം ചെയ്യുന്നതിനായി ഇത്രയും വലിയ സംഖ്യയിൽ പ്രവർത്തകർ ലഭ്യമാണ്, അവർ ശമ്പളം വാങ്ങുന്ന പ്രവർത്തകരല്ല. മൂന്ന് നാല് ആഴ്ചകൾ വരെ വോളന്റിയർമാർ ഈ ലക്ഷ്യത്തിനായി സ്വയം സമർപ്പിക്കുന്നു. ഇവിടെ യുകെയിൽ അതിഥിസത്കാരത്തിന് വലിയ വിശാലമായ സംവിധാനമുണ്ട്, വർഷം മുഴുവനും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ലംഗർ പ്രവർത്തിക്കുന്നുണ്ട്. ആ ലംഗറിൽ സേവനത്തിനായി വരുന്നവരിൽ സ്വന്തം ബിസിനസ്സുകളുള്ള ധാരാളം ആളുകളുണ്ട്. ചിലർക്ക് സ്വന്തം റെസ്റ്റോറന്റുകളുണ്ട്, ചിലരുടെ കാറ്ററിംഗ് ബിസിനസ്സുകളുണ്ട്, അവരെല്ലാം വർഷം മുഴുവനും അതിഥികളുടെ സേവനത്തിനായി കുറച്ചെങ്കിലും സമയം സമർപ്പിക്കുന്നു. ഈ പ്രത്യേകത ഇപ്പോൾ യുകെയിലെ ജമാഅത്തിന് ലഭിക്കുന്നതിന് കാരണം ഇവിടെ ഖിലാഫത്ത് ഉള്ളതാണ്, കാലത്തിന്റെ ഖലീഫയുടെ സാന്നിധ്യം കാരണത്താൽ ആളുകളുടെ ഇങ്ങോട്ടുള്ള വരവും വളരെ കൂടുതലാണ്, അക്കാരണത്താൽ അതിഥിസത്കാരവും ചെയ്യേണ്ടി വരുന്നു. പൊതുവായ അതിഥിസത്കാരം ഇവിടെ തുടരുന്നുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തംഗങ്ങൾ വളരെ ഭംഗിയായി ഈ അതിഥിസത്കാരം ചെയ്യുന്നുണ്ട്. അല്ലാഹു ഇവർക്കെല്ലാവർക്കും പ്രതിഫലം നല്കുമാറാകട്ടെ. ഞാൻ പറഞ്ഞതുപോലെ ജമാഅത്തിന്റെ പ്രവർത്തകർക്ക് പുറമെ ഔദ്യോഗികമായി വോളന്റിയർമാരായി പോലും ആളുകൾ വലിയ സേവനം അനുഷ്ഠിക്കുന്നുണ്ട്. ആകയാൽ ഞാൻ പറഞ്ഞതുപോലെ ഇത് ജൽസയുടെ ദിവസങ്ങളാണ്, നാം പ്രത്യേകം അതിഥികളുടെ കാര്യം ശ്രദ്ധിക്കേണ്ടതാണ്. നബി തിരുമേനി(സ) പറഞ്ഞതുപോലെ, അതിഥിയെ പൂർണമായി ബഹുമാനക്കുക. കാരണം അത് നമ്മുടെ ഈമാന് അത്യന്താപേക്ഷിതമാണ്. അല്ലാഹുവിലും അന്ത്യദിനത്തിലുമുള്ള ഈമാന് അത്യാവശ്യമാണ്. ഒരു മുഅ്മിൻ അതിഥിസത്കാരം ചെയ്യുന്നവനാണ്, നല്ല സ്വഭാവമുള്ളവനാണ്, നല്ല സ്വഭാവത്തോടുകൂടി തന്റെ അതിഥികളോട് പെരുമാറുന്നവനാണ്. എന്നതൊക്കെ ഈമാന്റെ നിബന്ധനകളാണ്. അതിനാൽ ഈ ദിവസങ്ങളിൽ നമ്മുടെ ആയിരക്കണക്കിന് വോളന്റിയർമാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന വളരെ വലിയൊരു പദവിയാണിത്. അവരിൽ പെൺകുട്ടികളും സ്ത്രീകളും ഉൾപ്പെടുന്നുണ്ട്, ആൺകുട്ടികളും പുരുഷന്മാരും ഉൾപ്പെടുന്നുണ്ട്, മുതിർന്ന പ്രായമുള്ളവരും ഉൾപ്പെടുന്നുണ്ട്, ചെറിയ പ്രായമുള്ളവരും ഉൾപ്പെടുന്നുണ്ട്. അതിനാൽ ഇവർക്കെല്ലാവർക്കും ഈ പദവി ലഭിക്കുന്നുണ്ട്. അവർ എപ്പോഴും ഇത് ഓർമ്മിക്കേണ്ടതുണ്ട്, അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ഈ പദവിയുടെ കടമകൾ എപ്പോഴാണ് നിറവേറ്റപ്പെടുക? അതിഥിസത്കാരത്തിന്റെ അവകാശം നിറവേറ്റുമ്പോഴാണ് അത് സാധ്യമാകുക. ഓരോ അതിഥിയോടും ബഹുമാനത്തോടും ആദരവോടും കൂടി പെരുമാറുകയും, നല്ല സ്വഭാവത്തോടുകൂടി പെരുമാറുകയും, അവരുടെ വികാരങ്ങളെ മാനിക്കുകയും ചെയ്യേണ്ടതുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു, അതിഥിയുടെ വികാരങ്ങൾ വളരെ ലോലമാണ്, അതിനാൽ അവരെ എപ്പോഴും പരിഗണിക്കേണ്ടതാണ്.

*(മൽഫൂസാത്ത്, വാല്യം 5, പേജ് 111, 2022 പതിപ്പ്)*

അതിനാൽ നാം ഈ കാര്യം മറക്കരുത്, നാം അതിഥികളെ എല്ലാ വിധേനയും സേവിക്കേണ്ടതുണ്ട്. നാം സ്വയം സമർപ്പിച്ചിട്ടുണ്ടെങ്കിൽ, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനായി ഈ കടമ നിർവഹിക്കുന്നതിന് സാധ്യമായ എല്ലാ ശ്രമങ്ങളും ചെയ്യേണ്ടതുണ്ട്. അങ്ങനെ ഈ സേവനത്തിന് പകരമായി അല്ലാഹു നമ്മോട് തൃപ്തനാകുകയും, സാധ്യമാകുന്നിടത്തോളം മുഹമ്മദ് നബിയുടെ മസീഹിന്റെ അതിഥികളുടെ സേവനത്തിന്റെ അവകാശം നമുക്ക് നിറവേറ്റാൻ കഴിയുകയും ചെയ്യും. അതിഥിസത്കാരം നടത്തുന്ന നമ്മുടെ പ്രവർത്തകർ അല്ലെങ്കിൽ നമ്മുടെ ജൽസയുടെ ക്രമീകരണങ്ങൾ എന്നിവയാൽ പുറത്തുനിന്ന് വന്ന ജമാഅത്തിന് പുറത്തുള്ളവരും അമുസ്ലിങ്ങളായ അതിഥികളും വളരെ ആകൃഷ്ടരാകുന്നുണ്ട്. ഇത്രയും ആയിരക്കണക്കിന് ആളുകളുടെ ഭക്ഷണം പാകം ചെയ്യപ്പെടുന്നുണ്ടെന്നും വോളന്റിയർമാർ ഭക്ഷണം പാകം ചെയ്യുന്നുണ്ടെന്നും കണ്ട് അവർ അത്ഭുതപ്പെടു

ന്നു. പിന്നെ ഒരു ക്രമീകരണത്തിന് കീഴിൽ അവർക്ക് ഭക്ഷണം വിളമ്പുകയും ചെയ്യുന്നുണ്ട്, അവരെ സേവിക്കുകയും ചെയ്യുന്നുണ്ട്. പിന്നെ ഇവിടെ നടപ്പിലാക്കപ്പെടുന്ന പ്രവർത്തകരുടെ ഒരു മുഴുവൻ സംവിധാനമുണ്ട്. അതിൽ ട്രാഫിക് സംവിധാനമുണ്ട്, ഭക്ഷണ സംവിധാനമുണ്ട്, ശുചീകരണ സംവിധാനമുണ്ട്, പാകം ചെയ്യുന്ന സംവിധാനമുണ്ട്, വെള്ളം വിതരണം ചെയ്യുന്ന സംവിധാനമുണ്ട്. ചുരുക്കത്തിൽ എണ്ണമറ്റ വകുപ്പുകളുണ്ട്, അതിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന്റെ വോളന്റിയർമാർ ജോലി ചെയ്യുന്നുണ്ട്. ജോലി ചെയ്യുക മാത്രമല്ല, അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ മികച്ച രീതിയിൽ ജോലി ചെയ്യുകയും ചെയ്യുന്നു. പുറത്തുനിന്നുള്ള ആളുകൾ ഇത് കണ്ട് വളരെ ആകൃഷ്ടരാകുന്നുണ്ട്. ഇതും തബ്ലീഗിന്റെ ഒരു മാർഗമാണ്. അതിനാൽ ഇവിടെ വരുന്ന ഓരോ പ്രവർത്തകനും, അവരിൽ ചിലർ പഴയവരും പരിചയസമ്പന്നരുമാണ്. പുതിയവരും ഓർമ്മിക്കേണ്ടതുണ്ട്, നിങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അതിഥികളുടെ സേവനത്തിനായിട്ടാണ് ഇവിടെ വന്നിട്ടുള്ളത്. ആയതിനാൽ അതിന്റെ കടമകൾ നിറവേറ്റുന്നതിന് പൂർണമായും ശ്രമിക്കുക. അതിഥിയോടുള്ള കടമകൾ നിറവേറ്റുക. ഇത് നിങ്ങളുടെ ഈമാന് അത്യന്താപേക്ഷിതമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അതിഥികളെ ഏത് പരിധി വരെ സേവിക്കാറുണ്ടായിരുന്നു അല്ലെങ്കിൽ അവരെക്കുറിച്ച് ശ്രദ്ധിക്കാറുണ്ടായിരുന്നുവെന്നാൽ ഒരു റിപ്പോർട്ടിൽ ഇപ്രകാരം വരുന്നുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) അതിഥികളുടെ സത്കാരത്തിന്റെ കാര്യത്തിൽ വളരെ ശ്രദ്ധപുലർത്തിയിരുന്നു. ഹാഫിസ് ഹാമിദ് അലി സാഹിബ് ലംഗറിലെ അതിഥികളെ പരിപാലിക്കുന്നതിനായി നിയോഗിക്കപ്പെട്ടപ്പോൾ അദ്ദഹം അതായത് ഹദ്റത്ത് മസീഹ് മൗഊദ് (അ) അതിഥികളുടെ കാര്യം പ്രത്യേക ശ്രദ്ധിക്കുക എന്ന് അദ്ദേഹത്തിന് നിർദേശം നല്കിയിരുന്നു, സാധാരണ ദിവസങ്ങളിലും അതിഥികളുടെ പദവിക്ക് അനുസരിച്ച് അവരുടെ സേവനം ചെയ്യുക.

*(ദിക്റെ ഹബീബ്, ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് (റ), പേജ് 153)*

അല്ലാഹുവിന്റെ അനുഗ്രഹത്താൽ സാധാരണ ദിവസങ്ങളിൽ ജമാഅത്തിലേക്ക് വരുന്ന അതിഥികളെ, ജമാഅത്തിന് സാധ്യമാകുന്ന സാമ്പത്തിക സ്രോതസ്സുകളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് സേവിക്കുന്നു. എങ്കിലും ജൽസയുടെ ദിവസങ്ങളിൽ അത്തരത്തിൽ ശ്രദ്ധിക്കാൻ സാധിക്കില്ല. ഇത് ഇവിടെ ഒരു പൊതുവായ അതിഥിസത്കാരമാണ്. അതിനാൽ ഇതിലും വളരെ അധികം ജാഗ്രതയും ശ്രദ്ധയും പുലർത്തേണ്ടതുണ്ട്.

ഒരു സ്വഹാബി പറയുന്നു, 1902 ൽ ആണെന്നു തോന്നുന്നു, ഞാൻ ഐമനാബാദിൽ നിന്നും ഖാദിയാനിലേക്ക് വരുമ്പോൾ, ഖാദിയാനിലേക്കുള്ള യാത്രയ്ക്കായി ലാഹോർ സ്റ്റേഷനിൽ കാത്തിരിക്കുകയായിരുന്നു അവിടെ എനിക്ക് ഒരു സുഹൃത്തിനെ ലഭിച്ചു. ഞങ്ങൾ രണ്ടുപേരും ഖാദിയാനിലേക്കായി യാത്ര ആരംഭിച്ചു. വഴിയിൽ വളരെ മഴ പെയ്തുകൊണ്ടിരുന്നു, ബട്ടാലയിൽ എത്തിയപ്പോൾ വലിയ ശക്തമായ മഴ പെയ്യുന്നുണ്ടായിരുന്നു. എങ്കിലും ഞങ്ങൾ അവിടെ ഇറങ്ങി ടാങ്കയോ ഇക്കയോ വാടകയ്ക്കെടുത്ത് ഖാദിയാനിലേക്ക് പുറപ്പെട്ടു. ഖാദിയാനടുത്തേക്ക് എത്തിയപ്പോൾ ആ സമയം മഴ നിന്നു എന്ന് അദ്ദേഹം പറയുന്നു. എങ്കിലും അവർ പറയുന്നു, ഞങ്ങൾ ദാറുൽ അമാനിൽ എത്തി, ഞങ്ങളുടെ വരവിൽ ഞങ്ങൾ രണ്ടുപേർക്കും ഹദ്റത്ത് മസീഹ് മൗഊദിന്റെ കൽപ്പനപ്രകാരം ഒരു മുറിയിൽ സ്ഥലം നൽകപ്പെട്ടു, ഈ സംഭവം വിവരിക്കുന്ന ആ ദിവസങ്ങളിൽ അതൊരു ബുക്ക് ഷോപ്പായിരുന്നു. അദ്ദേഹം പറയുന്നു, എങ്കിലും രാവിലെ പ്രാതലിന്റെ സമയത്ത് ഞങ്ങൾക്ക് വളരെ മികച്ച ഭക്ഷണം കഴിക്കാൻ തന്നു. ഭക്ഷണം വളരെ വിഭവസമൃദ്ധമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ശാഹ് സാഹിബിനോട്, ഒപ്പമുണ്ടായിരുന്ന മറ്റ് അതിഥിയോട്, ആവർത്തിച്ച് ചോദിച്ചു, താങ്കൾക്ക് ബുദ്ധിമുട്ടൊന്നുമില്ലല്ലോ, എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ പറയണം. ഒരുപാട് അതിഥികളോടും അതുപോലെ ചോദിക്കാറുണ്ടായിരുന്നു. അതിനാൽ അദ്ദഹം അതിഥികളെ വളരെ വലിയ അളവിലും അങ്ങേയറ്റത്തെ നിലയിലും ബഹുമാനിക്കാറുണ്ടായിരുന്നു.

*(രിവായാത്ത് അസ്ഹാബെ അഹ്മദ്, വാള്യം 2, പേജ് 155)*

അതുപോലെ ഭേരയിലെ മൻസൂർ അഹ്മദ് സാഹിബ് എഴുതുന്നു, എന്റെ ബഹുമാന്യനായ പിതാവ് വളരെ പഴയ ഒരു അഹ്മദിയാണ്. 1894 ൽ അദ്ദേഹം തന്റെ മാതാവിനോടൊപ്പം ആദ്യമായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനെ കാണാനായി ഖാദിയാനിൽ വന്നു, മാതാവിനോടൊപ്പമാണ് ബൈഅത്ത് ചെയ്തതും. ഖലീഫത്തുൽ മസീഹ് എന്റെ മുത്തശ്ശന്റെ അടുത്തുനിന്ന് കുട്ടിക്കാലത്ത് പഠിച്ചുകൊണ്ടിരുന്നു. എന്റെ മുത്തശ്ശന്റെ മൂന്നാമത്തെ ഭാര്യ ഹദ്റത്ത് ഖലീഫത്തുൽ അവ്വലിന്റെ വളർത്തു സഹോദരിയും ആയിരുന്നു. അദ്ദേഹം പറയുന്നു, ഞാൻ പിതാവിനോട് ചോദിച്ചു, ആ കാലഘട്ടത്തിൽ വന്നതിനെ കുറിച്ച് വല്ല സംഭവവും ഓർമ്മയുണ്ടോ? അപ്പോൾ അദ്ദേഹം പറഞ്ഞു, ഞങ്ങൾ എട്ട് ആളുകൾ ഒരു ദിവസം ഹുസൂറിനോടൊപ്പം ഉച്ചഭക്ഷണം കഴിക്കുന്നതിനായി മസ്ജിദ് മുബാറക്കിൽ ഉണ്ടായിരുന്നു. ആ സമയം അത് അതിന്റെ ആദ്യ അവസ്ഥയിലായിരുന്നു. ഞങ്ങൾ പള്ളിയിൽ ഭക്ഷണം കഴിക്കുകയായിരുന്നു. ആ സമയം വളരെ ചെറിയൊരു പള്ളിയായിരുന്നു അത്. അതിഥികൾക്ക് ഇരിക്കാൻ വേറെ സ്ഥലമൊന്നും ഉണ്ടായിരുന്നില്ല, അവിടെയാണ് അദ്ദഹം ഇരുത്താറുണ്ടായിരുന്നത്. ഒരു വരിയിൽ എട്ട് പത്ത് ആളുകൾ നിൽക്കാറുണ്ടായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ അവ്വൽ പോലും ഈ സദസ്സിൽ ഉൾപ്പെട്ടിരുന്നു. അദ്ദേഹം പറയുന്നു, രണ്ട് തരം കറിയുണ്ടായിരുന്നു, വീട്ടിൽ നിന്നും പാകം ചെയ്താണ് വരാറുള്ളത്, രണ്ടിലും ഇറച്ചിയുമുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൌഊദ് (അ) തന്റെ കറിയിൽ നിന്നും ഇടയ്ക്കിടെ ഇറച്ചിക്കഷണം എടുത്ത്, തന്റെ പ്ലേറ്റിൽ നിന്നും എടുത്ത് മറ്റുള്ളവരുടെ കറിയിലേക്ക് പകർന്നുകൊടുക്കുമായിരുന്നു. തന്റെ പ്ലേറ്റിൽ ഏതെങ്കിലും ഇറച്ചിക്കഷണം വരുമ്പോൾ അത് മറ്റുള്ളവരുടെ കറിയിൽ ഇട്ടുകൊടുക്കുമായിരുന്നു. ഖലീഫത്തുൽ മസീഹ് അവ്വലിനെക്കുറിച്ചും അദ്ദേഹം പറയുന്നു, അദ്ദഹവും അതിഥികളുടെ സത്കാരത്തിനായി. അതുപോലെ അദ്ദഹത്തെ അനുകരിക്കാറുണ്ടായിരുന്നു, ചിലപ്പോൾ അതിഥികൾ വല്ലതിനെയും കുറിച്ച് ആഗ്രഹം പ്രകടിപ്പിക്കാറുണ്ടായിരുന്നു. ഒരിക്കൽ ഒരു അതിഥി ഭക്ഷണം കഴിക്കുന്നതിനിടയിൽ മാമ്പഴം കഴിക്കണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു. അദ്ദഹം പറഞ്ഞു, ഭക്ഷണത്തോടൊപ്പം മാമ്പഴം കഴിക്കണമെന്ന വളരെ നല്ല ചിന്തയാണ് നിങ്ങളുടെ മനസ്സിൽ വന്നിട്ടുള്ളത്. അപ്പോൾ അവിടെ ഇരുന്നിരുന്ന മറ്റാരോ, അതിഥികളിൽ പെട്ടതോ അവിടത്തെ പ്രാദേശികരിൽ പെട്ടതേ ആയ ആരോ പറഞ്ഞു, ഞാൻ പോയി വിപണിയിൽ നിന്ന് ഉടൻ തന്നെ മാമ്പഴം കൊണ്ടുവരട്ടെ? ഹുസൂർ പറഞ്ഞു, വേണ്ട ഇരിക്കൂ. അല്പസമയത്തിനു ശേഷം ഒരു പാർസൽ വന്നു, അതിൽ ആരോ അയച്ച മാമ്പഴമുണ്ടായിരുന്നു. എട്ട് മാമ്പഴങ്ങളുണ്ടായിരുന്നു. ആളുകളും എട്ട് പേരുണ്ടായിരുന്നു, വന്ന പാർസലിൽ മാമ്പഴങ്ങളും എട്ട് എണ്ണമുണ്ടായിരുന്നു. ഹുസൂർ ഓരോ മാമ്പഴം വീതം എല്ലാവർക്കും നൽകി, തന്റെ ഭാഗത്ത് വന്ന മാമ്പഴവും അദ്ദേഹം മുറിച്ച് ആളുകൾക്ക് മുന്നിൽ സമർപ്പിക്കുകയും അതിഥിസത്കാരം നിർവഹിക്കുകയും ചെയ്തു.

*( രിവായാത്ത് അസ്ഹാബെ അഹ്മദ്, വാള്യം 2, പേജുകൾ 204-205)*

അതുപോലെ മാലേർകോട്-ലയിലെ ഹദ്റത്ത് ബദ്റുദ്ദീൻ സാഹിബ് പറയുന്നു, ഒരു ദിവസം ഈ എളിയവൻ തന്റെ പിതാവിനോടൊപ്പം ബോർഡിങ് കിണറ്റിൽ നിന്നും വെള്ളം കോരുകയായിരുന്നു. രാത്രി ഒമ്പത് മണിയായിരുന്നു, ഇശാ നിസ്കാരവും കഴിഞ്ഞിരുന്നു. ഹുസൂർ തന്റെ കയ്യിൽ പാലു ഡബിൾ റൊട്ടിയും അടങ്ങിയ ഒരു പാത്രവുമായി കിണറ്റിൻകരയിലേക്ക് വന്നു, വന്ന് എന്റെ പിതാവിനോട് പറഞ്ഞു, ബാബാ ജി, ഏതെങ്കിലും അതിഥി പട്ടിണി കിടക്കുന്നുണ്ടോ? അതിന് പിതാവ് പറഞ്ഞു, ഹുസൂർ, മിയാൻ നജ്മുദ്ദീൻ എല്ലാ സ്ഥലങ്ങളിലും അന്വേഷിച്ച് കഴിഞ്ഞു, എല്ലാവരും ഭക്ഷണം കഴിച്ചിട്ടുണ്ട്. അപ്പോൾ ഹുസൂർ പറഞ്ഞു, എങ്കിൽ പിന്നെ എന്നോടൊപ്പം വരൂ. അപ്പോൾ ഞങ്ങൾ അച്ഛനും മകനും ഹുസൂറിനോടൊപ്പം ചെ

**• ഹദീഥുന്നബ്‌വി ﷺ •**

**"അക്‌രിമൂ ഔലാദക്കും."**
**നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.**

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബ്‌വി ﷺ •**

**"അൽഅമാനത്തു ഇസ്സുൻ."**
**വിശ്വസ്തത അന്തസ്സാണ്.**

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

ന്നു. അതിഥി മന്ദിരത്തിൽ ചെന്ന് അതിഥികളോട് അന്വേഷിച്ചപ്പോൾ ആരെയും കിട്ടിയില്ല. എല്ലാവരും ഭക്ഷണം കഴിച്ചിട്ടുണ്ടായിരുന്നു. പിന്നെ ഞങ്ങൾ പറയുന്നു, അവിടെ ഷേർ മുഹമ്മദിന്റെ ഒരു കടയുണ്ടായിരുന്നു. ആ സമയം അത് തുറന്നിരുന്നു. അവിടെയെത്തിയപ്പോൾ അവിടെ ഒരു വ്യക്തി പറഞ്ഞു, ഹുസൂർ, എനിക്ക് പാലുവും ഡബിൾ റൊട്ടിയും കഴിക്കണം. അപ്പോൾ ഹുസൂർ ആ പാത്രം അയാൾക്ക് നല്കി.

*(രിവായാത്ത് അസ്ഹാബെ അഹ്മദ്, വാല്യം 3, പേജ് 285)*

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കരങ്ങളിലൂടെ അല്ലാഹു അയാൾക്ക് ഭക്ഷണം നല്കാൻ ഉദ്ദേശിച്ചിരുന്നു, അദ്ദേഹത്തിന് അതിന്റെ ആവശ്യവുമുണ്ടായിരുന്നു. അതിഥികൾക്ക് ഭക്ഷണം നല്കാൻ പോകൂ എന്ന് അല്ലാഹു ഹുസൂറിന്റെ മനസ്സിൽ തോന്നിപ്പിച്ചു, അങ്ങനെ അദ്ദഹം ആ അതിഥിയുടെ സേവനത്തിനായി അത് കൊണ്ടുചെല്ലുകയും ചെയ്തു.

അതുപോലെ ഇത്തരം നിരവധി സംഭവങ്ങൾ അദ്ദഹത്തിന്റെ ജീവിതത്തിൽ നിന്നും ലഭിക്കുന്നുണ്ട്, സാധാരണ അവസ്ഥകളിലും അദ്ദഹം അതിഥിസത്കാരം നിർവഹിക്കാറുണ്ടായിരുന്നു. കാരണം അതിഥിയെ ആദരിക്കുന്നതിന്റെയും ബഹുമാനിക്കുന്നതിന്റെയും ആദരവ് നല്കുന്നതിന്റെയും പരാമർശമുണ്ട്, വിശന്നവന് ഭക്ഷണം നല്കുന്നതിന്റെ പരാമർശമുണ്ട്. ആവശ്യമുള്ളവന് ഭക്ഷണം നല്കുന്നതിന്റെ പരാമർശമുണ്ട്. ഇത് അല്ലാഹുവിന്റെ കൽപ്പനയാണ്.

അതുപോലെ ഹദ്റത്ത് ഡോകൂർ ഹശ്മത്തുല്ലാഹ് സാഹിബ് തന്റെ ഒരു സംഭവം വിവരിക്കുന്നു, അദ്ദേഹം പറയുന്നു, ജൽസയുടെ അവസരത്തിൽ ഒരു രാത്രി ജമാഅത്തിന്റെ സെക്രട്ടറി എന്ന നിലയിൽ സദർ അഞ്ചുമന്റെ യോഗത്തിലേക്ക് ഞാൻ പോകേണ്ടതുണ്ടായിരുന്നു. മഗ്രിബിന്റെയും ഇശായുടെയും ജൽസയ്ക്ക് ശേഷം യോഗം നടക്കാറുണ്ടായിരുന്നു, ജമാഅത്തുകളുടെ ഭാരവാഹികൾ മാത്രമാണ് വന്നിരുന്നത്, അവരുമായി മീറ്റിംഗ് നടക്കാറുണ്ടായിരുന്നു. അദ്ദേഹം പറയുന്നു, മഗ്രിബ് നമസ്കാരത്തിനും ഇശാ നമസ്കാരത്തിനും ശേഷം മസ്ജിദ് മുബാറക്കിൽ യോഗം നടക്കേണ്ടതുണ്ടായിരുന്നു, സമയം കുറവായിരുന്നു, അതിനാൽ ഞാൻ പറഞ്ഞു, ഭക്ഷണം ഞാൻ പിന്നീട് കഴിച്ചോളാം, എനിക്ക് ആ സമയം വിശപ്പുണ്ടായിരുന്നു., രാവിലെ എട്ടു മണിക്ക് ശേഷം ഞാൻ ഭക്ഷണം കഴിച്ചിട്ടുണ്ടായിരുന്നു, എങ്കിലും അദ്ദേഹം പറയുന്നു, എന്തുതന്നെയായാലും ജമാഅത്തിന്റെ ഉത്തരവാദിത്വമായിരുന്നതിനാൽ ഞാൻ പറഞ്ഞു, ഭക്ഷണം പിന്നീട് കഴിച്ചോളാം. മീറ്റിംഗ് അവസാനിച്ചപ്പോൾ രാത്രി വൈകി ലംഗർഖാനയിൽ ഞാൻ എത്തിയപ്പോൾ ആ സമയം പതിനൊന്ന് മണിയായിരുന്നു, എനിക്ക് ശക്തമായ വിശപ്പുണ്ടായിരുന്നു. അദ്ദേഹം പറയുന്നു, ഞാൻ എന്റെ ജമാഅത്തിലെ ആളുകളുടെ അടുത്തു ചെന്ന് അവിടെ ഭക്ഷണത്തെക്കുറിച്ച് അന്വേഷിച്ചപ്പോൾ മനസ്സിലായി ഭക്ഷണം തീർന്നുപോയിരിക്കുന്നു. അവിടെയുള്ള നമ്മുടെ ഒരു സുഹൃത്ത് പറയുന്നു, ആ സമയം ഭക്ഷണം തീർന്നുപോയിരിക്കുന്നു, ഒരു സുഹൃത്ത് പോയി വിരിപ്പിൽ നിന്നും ഒരു റൊട്ടി കഷണം എടുത്തു കൊണ്ടുവന്നു, ലംഗർഖാന ഇപ്പോൾ അടച്ചുപോയിരിക്കുന്നു, ഈ കഷണം കഴിച്ചോളൂ, ഇന്ന് ഇതിൽ കഴിഞ്ഞുകൂടൂ എന്ന് പറഞ്ഞു. അതിനാൽ അദ്ദേഹം പറയുന്നു, ഞാനും ആ കഷണം ചവയ്ക്കാൻ തുടങ്ങി. ഞാൻ ആ കഷണം അവസാനിപ്പിച്ചിരുന്നില്ല, അപ്പോഴേക്കും നമ്മുടെ മുറിയുടെ വാതിലിൽ അതിശക്തമായ മുട്ട് കേട്ടു. ആരോ ശക്തമായി മുട്ടി. ഏതെങ്കിലും അതിഥി പട്ടിണി കിടക്കുന്നുണ്ടോ, ഭക്ഷണം കഴിക്കാത്ത ആരെങ്കിലും ഉണ്ടെങ്കിൽ വരട്ടെ, ലംഗർഖാനയിൽ പോയി ഭക്ഷണം കഴിക്കട്ടെ എന്ന് ഒരു ശബ്ദവും വന്നു. എന്റെ സഹപ്രവർത്തകർ എന്നെയും പുറത്തേക്ക് കൊണ്ടുപോയി, ലംഗറിൽ ചെന്ന് കിട്ടിയത് അൽഹംദുലില്ലാഹ് എന്നു പറഞ്ഞു കഴിച്ചു. അദ്ദേഹം പറയുന്നു, പിറ്റേദിവസം പകൽ പത്ത് മണിക്ക് ഹദ്റത്ത് മസീഹ് മൗഊദ് (അ) മസ്ജിദ് മുബാറക്കിന്റെ ചെറിയ പടിയുടെ വാതിലിൽ നിൽക്കുന്നത് ഞാൻ കണ്ടു, ഖുദ്ദാമിനെ തെരുവിൽ ഹുസൂറിന്റെ നേരെ തിരിഞ്ഞുനിൽക്കുന്നതായും കണ്ടു. ഹുസൂർ അവരോട് എന്തോ സംസാരിക്കുന്നുണ്ടായിരുന്നു. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബും അവിടെയുണ്ടായിരുന്നു. ഹുസൂർ ആവേശത്തോടെ പറയുന്നുണ്ടായിരുന്നു, അതിഥിയുടെ ഭക്ഷണത്തിന്റെ മറ്റും ക്രമീകരണങ്ങൾ മികച്ചതായിരിക്കണം, കാരണം രാത്രി എനിക്ക് അല്ലാഹു ഇൽഹാം ഇറക്കിയിരിക്കുന്നു,

**യാ അയ്യുഹന്നബിയ്യു അത്ഇമിൽ ജായിഅ വൽ മുഅ്തർ.**

അതായത് നബിയേ, വിശന്നവനും ചോദിക്കുന്നവനുമായ ആളുകൾക്ക് ഭക്ഷണം നല്കുക. അങ്ങനെ പാതിരാത്രിയിൽ എന്നെ ഉണർത്തൽ ഒരു ഇൽഹാമിന്റെ അടിസ്ഥാനത്തിലായിരുന്നു എന്ന് എനിക്ക് മനസ്സിലായി, രാത്രി എന്റെ വാതിലിൽ ആരോ മുട്ടിയതും ഭക്ഷണം കഴിപ്പിച്ചതും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് അല്ലാഹു അറിയിച്ചതിന്റെ അടിസ്ഥാനത്തിലായിരുന്നു. അപ്പോഴാണ് അദ്ദഹം ഭക്ഷണം അയച്ചത്.

*(രിവായാത്ത് അസ്ഹാബെ അഹ്മദ്, വാല്യം 4, പേജു 155-156/തദ്കിറ, പേജ് 631)*

ഇവർ സജ്ജനങ്ങളായിരുന്നു, അവരുടെ വിശപ്പിന്റെ ബുദ്ധിമുട്ട് അല്ലാഹു പോലും അനുഭവിച്ചറിയുകയും, പിന്നീട് തന്റെ നബിക്ക് വിവരം അറിയിച്ചുകൊടുക്കുകയും ചെയ്തിരുന്നു. അവിടെ ആ ഒരു സംവിധാനമുണ്ടായിരുന്നു. എന്നാൽ ഇവിടെ നമ്മുടെ ജൽസയുടെ സംഘാടകർ ശ്രദ്ധിക്കേണ്ടതുണ്ട്, വൈകി വരുന്ന അതിഥികളെ, ചിലപ്പോൾ രാത്രിയിൽ യാത്ര ചെയ്ത് ദൂരസ്ഥലങ്ങളിൽ നിന്നും വന്നിട്ടുള്ളവരെ, യൂറോപ്പിലെ യാത്രയിൽ നിന്നും വന്നിട്ടുള്ളവരെ, ചിലപ്പോൾ ഫെറി വൈകിപ്പോയതുകൊണ്ട്, ചിലപ്പോൾ വിമാനം വൈകിപ്പോയതുകൊണ്ട്, ചിലപ്പോൾ യാത്രയിൽ ട്രാഫിക്കിൽ കുടുങ്ങിപ്പോയതുകൊണ്ട്, വൈകിവന്നവർക്കായി ഭക്ഷണ സംവിധാനം ഉണ്ടായിരിക്കണം. മുൻകരുതൽ ഉണ്ടായിരിക്കണം, ഭക്ഷണം നല്ല അവസ്ഥയിലായിരിക്കണം. ചൂട് കാരണം ഭക്ഷണം കേടായിപ്പോയിട്ട് നിങ്ങൾ പഴകിയ ഭക്ഷണം കഴിപ്പിക്കരുത്, അത് ഏതെങ്കിലും രോഗത്തിന് കാരണമായി തീരരുത്. അതിഥിസത്കാരത്തിൽ എപ്പോഴും ഇക്കാര്യവും ഓർമ്മിക്കേണ്ടതുണ്ട്, അവരുടെ കാര്യം ശ്രദ്ധിക്കുകയും വേണം, നല്ലതും മികച്ചതുമായ ഭക്ഷണം കഴിപ്പിക്കുകയും വേണം.

ഒരിക്കൽ ഹുസൂർ(അ) പറഞ്ഞു: വരുന്ന എല്ലാവർക്കും ഒരേ തരത്തിലുള്ള ഭക്ഷണം കഴിപ്പിക്കുക. അതായത് ജൽസയിലേക്ക് വരുന്ന ആളുകൾക്ക് ഒരേ തരത്തിലുള്ള ഭക്ഷണം കഴിപ്പിക്കുക. യാതൊരുവിധ വേർതിരിവുകളും ഉണ്ടാകരുത്. അതുകേട്ട് ഖാജാ സാഹിബോ മറ്റോ പറഞ്ഞു: ചില ദരിദ്രരും വരാറുണ്ട്, അവർക്ക് സ്വന്തം വീട്ടിൽ പരിപ്പുകറി പോലും ലഭിക്കാറില്ല, ചമ്മന്തി കൂട്ടി റൊട്ടി കഴിക്കാറുള്ളവരാണ്. അവർക്ക് ഇവിടെ പരിപ്പുകറി കൊടുക്കുന്നതിൽ തെറ്റില്ല. അവർക്കായി ഇറച്ചിക്കറി പാകം ചെയ്യേണ്ട ആവശ്യമില്ല, ഇറച്ചിയല്ല. പരിപ്പ് മാത്രം കഴിപ്പിച്ചാലും കുഴപ്പമൊന്നുമില്ല, അവർക്കായി ഇറച്ചികറി ഉണ്ടാക്കേണ്ട ആവശ്യമില്ല. ഹുസൂർ (അ) പറഞ്ഞു: അവർക്ക് വീട്ടിൽ പരിപ്പ് ലഭിക്കാറില്ലെങ്കിലും, മറ്റുള്ളവർ ഇറച്ചിയോ പുലാവോ കഴിക്കുന്നത് കാണുമ്പോൾ അവർക്ക് ഭക്ഷണം കഴിക്കാൻ ആഗ്രഹം ഉണ്ടാകും. അത് ലഭിക്കാത്ത പക്ഷം അവരുടെ മനസ്സ് തളരുകയും ചെയ്യും. ഇത് അതിഥിയുടെ മനസ്സ് തളർത്തലാണ്. ഒരു വശത്ത് ഒരു അതിഥിയെ ഇരുത്തി നിങ്ങൾ ഇറച്ചി കഴിപ്പിക്കുന്നു, മറ്റൊയാളോട് പരിപ്പ് കഴിക്കാൻ പറയുന്നു. അത് നടക്കില്ല. അദ്ദഹം പറഞ്ഞു, എന്റെ അനുയായികൾ ദരിദ്രരായാലും സമ്പന്നരായാലും അവരോട് എനിക്ക് ഒരേപോലെയുള്ള ബന്ധമാണുള്ളത്.

*(രിവായാത്ത് അസ്ഹാബെ അഹ്മദ്, വാല്യം 4, പേജ് 65)*

അതിനാൽ ഒരേ തരത്തിലുള്ള ഭക്ഷണം പാകം ചെയ്യുക. ഇറച്ചിയോ പുലാവോ ഒക്കെ നല്കുകയാണെങ്കിൽ എല്ലാവർക്കും നല്കുക, പരിപ്പാണ് നല്കുന്നതെങ്കിൽ പിന്നെ എല്ലാവർക്കും പരിപ്പ് നല്കുക. അതെ, നിങ്ങളുടെ പക്കൽ സാമ്പത്തിക ശേഷിയില്ലെങ്കിൽ പരിപ്പാണ് കഴിപ്പിക്കുന്നതെങ്കിൽ പിന്നെ എല്ലാവർക്കും പരിപ്പ് ലഭിക്കും, അല്ലാതെ ചിലർക്ക് ഇറച്ചി കൊടുക്കുകയും ചിലർക്ക് പരിപ്പ് കഴിപ്പിക്കുകയും ചെയ്യുക ശരിയല്ല. ഇതായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ രീതി. അദ്ദഹത്തിന്റെ തനത് ശൈലിയും ഉപദേശിക്കുന്ന ഇതായിരുന്നു. അദ്ദഹത്തിന്റെ അതിഥിസത്കാരത്തിന്റെ രീതി ഇതായിരുന്നു.

ഹദ്റത്ത് ചൗധരി അബ്ദുറഹീം സാഹിബും അതുപോലെ വിവരിക്കുന്നു, ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) എനിക്ക് അഞ്ഞൂറ് രൂപ നല്കി, പറഞ്ഞു, ജൽസയുടെ ക്രമീകരണം നിങ്ങളുടെ ചുമതലയിലാണ്, എങ്കിലും ഓർക്കുക, എല്ലാ സുഹൃത്തുക്കളോടും ഒരേപോലെയുള്ള പെരുമാറ്റമേ പാടുള്ളൂ, എല്ലാവർക്കും ഒരേ തരത്തിലുള്ള ഭക്ഷണമാണ് തയ്യാറാക്കേണ്ടത്. സാധാരണ അവസ്ഥകളിൽ വ്യത്യസ്ത ഭക്ഷണങ്ങൾ പാകം ചെയ്യപ്പെടാറുണ്ട്. ഞാൻ പറഞ്ഞതുപോലെ, എങ്കിലും ഈ ദിവസങ്ങളിൽ ഒരു ഭക്ഷണമേ പാകം ചെയ്യുകയുള്ളൂ എന്ന് അദ്ദഹം

• ഹദീഥുന്നബ്‌വി ﷺ •

"തഅല്ലമുൽയഖീന."
ദൃഢജ്ഞാനം ആർജിക്കുവിൻ.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

പറഞ്ഞു. അപ്പോൾ ചില ആളുകൾ മറ്റൊരാളുടെ പേര് നിർദേശിച്ചു, ഹക്കീം ഫസ്ലുദ്ദീൻ സാഹിബ് കൂടുതൽ പരിചയസമ്പന്നനാണ്, ഈ ക്രമീകരണം അദ്ദേഹത്തിന് നല്കുക. അദ്ദേഹം കൂടുതൽ മികച്ച രീതിയിൽ അത് ചെയ്യും. എങ്കിലും ഹുസൂർ മറുപടിയൊന്നും നല്കിയില്ല, ചൗധരി അബ്ദുറഹീം സാഹിബിനോട് തന്നെയാണ് ഈ ക്രമീകരണം ചെയ്യുവാൻ ആവശ്യപ്പെട്ടത്. അദ്ദേഹം പറയുന്നു, ആ സമയത്ത് ഖാജാ കമാലുദ്ദീൻ സാഹിബ് എന്റെ അടുക്കൽ വന്നു, എന്നോട് പറഞ്ഞു, എനിക്ക് ചോറ് തയ്യാറാക്കി തരൂ, കാരണം ഹുസൂർ ഭക്ഷണത്തിന്റെ ക്രമീകരണം ചുമതലപ്പെടുത്തിയിരിക്കുന്നത് നിങ്ങൾക്കാണ്. ഞാൻ അദ്ദേഹത്തോട് പറഞ്ഞു, എല്ലാവർക്കും ഒരേ തരത്തിലുള്ള ഭക്ഷണം തയ്യാറാക്കണം എന്നാണ് എനിക്ക് ഹദ്റത്ത് സാഹിബിന്റെ കൽപ്പനയുള്ളത്. അതിനാൽ ചോറ് കഴിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അനുവാദം വാങ്ങി വരൂ. ഖാജാ സാഹിബ് പറഞ്ഞു, ചോറിന് എന്തിനാണ് അനുവാദം ചോദിക്കുന്നത്? അപ്പോൾ ഞാൻ പറഞ്ഞു, എങ്കിൽ പിന്നെ ഹുസൂറിന്റെ അനുവാദമില്ലാതെ ചോറിന്റെ ഒരു മണി പോലും എനിക്ക് നല്കാൻ കഴിയില്ല. അതിൽ അദ്ദേഹം വളരെ കോപിപ്പതനായി, അദ്ദേഹം പറയുന്നു, ഇവിടെയുള്ള കാലത്തോളം അദ്ദേഹം എന്നോട് പിണക്കത്തിൽ തന്നെയായിരുന്നു.

*(രിവായാത്ത് അസ്ഹാബെ അഹ്മദ്, വാല്യം 2, പേജ് 333)*

എന്തായാലും അതിഥികളും ഈ കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്, ലംഗറിന്റെ ക്രമീകരണത്തിന് കീഴിൽ പാകം ചെയ്യപ്പെടുന്ന ഭക്ഷണം, എന്ത് ലഭിച്ചാലും അത് ക്ഷമയോടും കൃതജ്ഞതയോടും കൂടി കഴിക്കണം. നിങ്ങൾ ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ക്ഷണം സ്വീകരിച്ചും ആത്മീയ വിരുന്ന് കരസ്ഥമാക്കണമെന്ന ലക്ഷ്യത്തോടെയുമാണ് വന്നിട്ടുള്ളതെങ്കിൽ, ആത്മീയ വിരുന്നിന്റെ നേർക്കായിരിക്കണം കൂടുതൽ ശ്രദ്ധയുണ്ടാവേണ്ടത്. ഭക്ഷണത്തിൽ എന്തെങ്കിലും ഏറ്റക്കുറച്ചിൽ ഉണ്ടായാൽ പോലും അത് സഹിക്കേണ്ടതാണ്. യാതൊരുവിധ ആവശ്യങ്ങളും ഉന്നയിക്കരുത്. ചില ആളുകൾ വളരെ അധികം ആവശ്യങ്ങൾ ഉന്നയിച്ചില്ലെങ്കിൽ പോലും, മാർക്കറ്റിൽ പോയി ഭക്ഷണം കഴിക്കുന്നു, വളരെ വൈകുവോളം കടകൾ തുറന്നിരിക്കുകയും ചെയ്യുന്നു. അപ്പോൾ സംഘാടകർക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നു. നിലവിലെ സാഹചര്യത്തിൽ പ്രത്യേകിച്ച് വരണ്ട കാലാവസ്ഥയാണ്,പുറത്ത് ഭക്ഷണം പാകം ചെയ്യുക, ചിലപ്പോൾ വൈകുവോളം, തുടരേണ്ടി വരുന്നത് പ്രയാസകരമാണ്. ചില വകുപ്പുകൾ തങ്ങളുടെ ജോലി അവസാനിപ്പിക്കുകയും പൂർണ്ണമായ മേൽനോട്ടം ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ, ചിലപ്പോൾ അത് സുരക്ഷിതമല്ലാതായി തീരുന്നു. അതിനാൽ അതിഥികളും ഈ കാര്യം ശ്രദ്ധിക്കുക, ഈ മൂന്ന് ദിവസങ്ങളിൽ എന്ത് ലഭിച്ചാലും അത് ക്ഷമയോടും കൃതജ്ഞതയോടും കൂടി കഴിക്കുക, ഇത് ഞങ്ങൾക്ക് ഇഷ്ടപ്പെട്ടില്ല, ഞങ്ങൾ കഴിക്കില്ല എന്ന തരത്തിലുള്ള യാതൊരുവിധ പ്രതികരണങ്ങളും നടത്താതിരിക്കുക.

ഒപ്പം ഞാൻ ഇതും പറയാൻ ആഗ്രഹിക്കുന്നു, ഭക്ഷണം ഒരിക്കലും പാഴാക്കരുത്. നിങ്ങൾക്ക് കഴിക്കാൻ കഴിയുന്നത് അത്രമാത്രം എടുക്കുക. ഞാൻ പറഞ്ഞതുപോലെ യഥാർത്ഥ കാര്യം ആത്മീയ ആഹാരമാണ്, ആ ഒരു ഉദ്ദേശത്തോടെയാണ് നാം ജൽസയിൽ വന്നിട്ടുള്ളത്, നാം ഇവിടെ നമ്മുടെ ആത്മീയ ജീവിതം മെച്ചപ്പെടുത്തുന്നതിന്റെ നേർക്കായിരിക്കണം കൂടുതൽ ശ്രദ്ധിക്കേണ്ടത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആഹാരം ലഭിക്കുന്നുണ്ട്, അത് തുടരുന്നതുമാണ്. മൂന്ന് ദിവസം വരെ മനുഷ്യന് ക്ഷമയോടും കൃതജ്ഞതയോടും കൂടി അല്പം ഭക്ഷണം കഴിച്ചുകൊണ്ട്, അല്ലെങ്കിൽ ചിലപ്പോൾ ഇഷ്ടപ്പെടാത്ത ഭക്ഷണം കഴിച്ചുകൊണ്ട് തുടരാൻ സാധിക്കുമല്ലോ.

അതുപോലെ ശൈഖ് സൈനുൽ ആബിദീൻ സാഹിബ് പറയുന്നു, ഹുസൂറിന്റെ കാലഘട്ടത്തിൽ അതിഥികൾക്കായി ഭക്ഷണത്തിന്റെ പ്രത്യേക സംവിധാനമുണ്ടായിരുന്നു. സാധാരണ അവസ്ഥകളിലും ഹുസൂറിന് അതിഥികളുടെ സത്കാരത്തിന്റെ പ്രത്യേക ശ്രദ്ധയുണ്ടായിരുന്നു. എന്റെ സഹോദരൻ ഹാഫിസ് ഹാമിദ് അലി വിവരിക്കുന്നു, ഒരിക്കൽ ഒരുപക്ഷേ ജൽസ സാല്ലാനയുടെ അവസരമായിരുന്നു, ചോറിന്റെ നാല് വലിയ കലങ്ങൾ പാകം ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നു. ആ കാലഘട്ടത്തിൽ നാല് കലങ്ങൾ എന്ന് പറഞ്ഞാൽ അത് വളരെ കൂടുതലാണ്. രണ്ടെണ്ണം സർദ(മധുര ചോർ) ആയിരുന്നു, രണ്ടെണ്ണം പുലാവ്(ഇറച്ചി ചോർ) ആയിരുന്നു. ഒരു ദിവസം ഹുസൂർ അതിരാവിലെ ലംഗർഖാനയിൽ പോയി പാചകക്കാരനോട് പറഞ്ഞു, മൂടി മാറ്റു, ചോറ് നോക്കട്ടെ. അയാൾ മൂടി എടുത്തു. ഹുസൂറിന് അതിന്റെ മണം ഇഷ്ടപ്പെട്ടില്ല. അതിൽ എന്തോ ചീഞ്ഞ നാറ്റം രൂപപ്പെട്ടിട്ടുണ്ടെന്ന് തോന്നി. അതിൽ ഹുസൂർ മറ്റ് കലങ്ങളും നോക്കി, പറഞ്ഞു, സർദയുടെ രണ്ട് കലങ്ങളും ശരിയല്ല. അവ ഓവിലേക്ക് വലിച്ചെറിയുക. ഇത് മനുഷ്യർക്ക് കഴിക്കാൻ യോഗ്യമല്ല. അദ്ദഹം പറഞ്ഞു, നമുക്ക് അതിന്റെ സുഗന്ധം ഇഷ്ടപ്പെടുന്നില്ലെങ്കിൽ, അതിൽ രുചി വ്യത്യാസം അനുഭവപ്പെടുന്നുണ്ടെങ്കിൽ, സഹിക്കാൻ ബുദ്ധിമുട്ടുള്ള ഒരു ഗന്ധമാണ് വരുന്നതെങ്കിൽ, പിന്നെ അതിഥികൾക്ക് എങ്ങനെ അത് ഇഷ്ടപ്പെടും? അതിനാൽ എനിക്ക് ഇഷ്ടപ്പെടാത്ത ഒരു വസ്തു അതിഥികൾക്ക് കഴിപ്പിക്കാൻ കഴിയില്ല. അതിനാൽ ഇത് ഓവിലേക്ക് വലിച്ചെറിയുകയും നശിപ്പിക്കുകയും ചെയ്യുക, അവിടെ മൃഗങ്ങൾ അത് തിന്നുകൊള്ളും.

*(രിവായാത്ത് അസ്ഹാബെ അഹ്മദ്, വാല്യം 1, പേജ് 103)*

ഇതാണ് ഹദ്റത്ത് മസീഹ് മൌഊദ് (അ) ന്റെ ജാഗ്രത. അതിനാൽ ഭക്ഷണം പാകം ചെയ്യുന്ന ഡ്യൂട്ടിയിലുള്ള പ്രവർത്തകരും ജാഗ്രത പാലിക്കേണ്ടതുണ്ട്, ഈ ദിവസങ്ങളിൽ പ്രത്യേകിച്ച് ഇന്നത്തെക്കാലത്ത് വേനൽക്കാലമായതിനാൽ, ഞാൻ പറഞ്ഞതുപോലെ ഭക്ഷണത്തിന്റെ ക്രമീകരണം അങ്ങനെയായിരിക്കണം, ഭക്ഷണം ശരിയായി സംരക്ഷിക്കപ്പെടുകയും ദീർഘനേരം കിടക്കാതിരിക്കുകയും വേണം. പ്രത്യേകിച്ച് പരിപ്പ് പോലുള്ളവ, പെട്ടെന്ന് ചീഞ്ഞഴുകിപ്പോകുന്നത്, അത് ദീർഘനേരം വെച്ചുകൊണ്ട് അതിഥികൾക്ക് കഴിപ്പിക്കരുത്. അക്കാര്യം ശ്രദ്ധിക്കുക, ഭക്ഷണം നന്നായി പരിശോധിച്ചതിനുശേഷം മാത്രം നല്കുക.

അതുപോലെ മറ്റ് വകുപ്പുകളാണ്. അവിടെയും ഓരോ വകുപ്പിലെയും പ്രവർത്തകർ അതിഥികളുടെ ആശ്വാസത്തിനായി സാധ്യമാകുന്നതെല്ലാം ചെയ്യാൻ ശ്രമിക്കണം. കുളിമുറികളുടെ ശുചീകരണ വിഭാഗമാകട്ടെ, ട്രാഫിക് വകുപ്പാകട്ടെ, പാർക്കിംഗ് വകുപ്പാകട്ടെ, അല്ലെങ്കിൽ സുരക്ഷാ വകുപ്പാകട്ടെ. സുരക്ഷ ഉണ്ടായിരിക്കണം, എങ്കിലും ആളുകളോട് ജാഗ്രത യോടും ബഹുമാനത്തോടും ആദരവോടും കൂടി പെരുമാറുക. അതിഥികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതും, തങ്ങളോട് പരുഷമായി സംസാരിച്ചുവെന്ന് അവർക്ക് തോന്നുന്നതുമായ തെറ്റായ രീതിയിലുള്ള പെരുമാറ്റം സുരക്ഷാ ജീവനക്കാർ സ്വീകരിക്കരുത്. അതിനാൽ നാം ഈ കാര്യങ്ങൾ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുണ്ട്. ഇവിടെ ജൽസാഗാഹിനുള്ളിൽ പോലും നിശബ്ദത പാലിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങളിൽ, അച്ചടക്കം നിലനിർത്തുന്നതിനായി ജാഗ്രതയോടെ പ്രവർത്തിക്കുക, സ്ത്രീകളുടെ ഭാഗത്തും പ്രത്യേകം ശ്രദ്ധിക്കുക.

അതുപോലെ ഇവിടെ ഒത്തുകൂടിയിരിക്കുന്ന അതിഥികളോടും എനിക്ക് പറയാനുള്ളത്, യാത്രയുടെ ബുദ്ധിമുട്ടുകൾ സഹിച്ച് ഇവിടെ ഒത്തുകൂടുമ്പോൾ അതിന്റെ ഒരു ലക്ഷ്യമുണ്ടെന്ന് നാം ചിന്തിക്കേണ്ടതുണ്ട്. തീർച്ചയായും ഇന്നത്തെ കാലത്തെ യാത്രയുടെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും പണ്ടത്തെ കാലത്തെപ്പോലെ അത്രയധികമില്ല, എങ്കിലും യാത്ര എപ്പോഴും യാത്ര തന്നെയാണ്. ഇവിടെ വന്നിട്ടുള്ള ആളുകൾ, ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ആഗ്രഹങ്ങളെ മാനിച്ചുകൊണ്ട് ജൽസയുടെ ലക്ഷ്യം പൂർത്തീകരിക്കാനാണ് ഇവിടെ വന്നിട്ടുള്ളത് എന്ന കാര്യം ഓർക്കണം. ജൽസയുടെ ഈ മൂന്ന് ദിവസങ്ങളിൽ പങ്കെടുക്കുമ്പോൾ, നാം ജൽസയുടെ പരിപാടികൾ കൃത്യമായി കേൾക്കണം എന്ന കാര്യം മനസ്സിൽ ഉണ്ടായിരിക്കണം. ഈ മൂന്ന് ദിവസങ്ങൾ അവിടേയും ഇവിടേയും ഇരുന്ന് വർത്തമാനം പറഞ്ഞോ കറങ്ങി നന്നോ കളയാനുള്ളതല്ല, മറിച്ച് ജൽസയുടെ പരിപാടി എപ്പോൾ ആരംഭിക്കുന്നുവോ, അപ്പോൾ തന്നെ നാം ജൽസയുടെ പന്തലിനുള്ളിൽ അല്ലെങ്കിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും കുട്ടികൾക്കും മറ്റുള്ളവർക്കും ഇരിക്കുന്നതിനായി ഏത് സ്ഥലത്താണോ ക്രമീകരണം ചെയ്തിട്ടുള്ളത് അവിടെ സന്നിഹിതരാകേണ്ടതുണ്ട്. അവിടെ ഇരുന്നുകൊണ്ട് അച്ചടക്കത്തോടെ ജൽസ കേൾക്കണം. അതുപോലെ കുട്ടികളോടൊപ്പം ഇരിക്കുന്നതിനായി സ്ത്രീകൾക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രത്യേക സ്ഥലത്ത് സ്ത്രീകളും തങ്ങളുടെ കുട്ടികളോടൊപ്പം നിശബ്ദരായി ഇരുന്നുകൊണ്ട് ജൽസ കേൾക്കണം. കുട്ടികളോടൊപ്പം ഇരിക്കുക എന്നതിന്റെ അർത്ഥം സ്ത്രീകൾ പരസ്പരം സംസാരിച്ചു കൊണ്ടിരിക്കുക എന്നല്ല. കുഞ്ഞിനെ മിണ്ടാതിരിപ്പിക്കാനോ അവനെ രസിപ്പിക്കാനോ വേണ്ടി സംസാരിക്കേണ്ടി വന്നാൽ മാത്രം സംസാരിക്കുക. ചെറിയ കുട്ടി കരഞ്ഞുപോയാൽ അവനെ മിണ്ടാതിരിപ്പിക്കാൻ വല്ല മാർഗവും സ്വീകരിക്കേണ്ടതുണ്ടെങ്കിൽ അത് ചെയ്യുക, എങ്കിലും മാതാക്കൾ പരസ്പരം സംസാരം തുടങ്ങിയാൽ ആകെ ബഹളമാകും. അത് ഉണ്ടാകരുത്, കാരണം അത് അവിടെ ഇരിക്കുന്ന മറ്റ് ആളുകൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കും. കുട്ടികൾ കുറച്ചേ ബഹളം വെക്കാറുള്ളൂ, സ്ത്രീകൾ പരസ്പരം സംസാരിക്കാൻ തുടങ്ങുന്നു എന്ന നിരവധി പരാതികളും വരാറുണ്ട്. തങ്ങൾ കുട്ടികളുടെ പന്തലിലാണ് ഇരിക്കുന്നത്, അതിനാൽ തങ്ങൾക്ക് സംസാരിക്കുന്നത് അനുവദനീയമാണെന്ന് അവർ കരുതുന്നു, എന്നാൽ ഇത് അനുവദനീയമല്ല. കുട്ടികളില്ലാത്ത മറ്റ് ആളുകൾക്ക് സുഖമായി ജൽസ കേൾക്കാനും, കുട്ടികളുടെ മാതാക്കൾക്കും സുഖമായി ഇരുന്നു കേൾക്കാനും വേണ്ടിയാണ് ഈ ക്രമീകരണം

ഏർപ്പെടുത്തിയിട്ടുള്ളത്. അതിനാൽ സാധ്യമാകുന്നിടത്തോളം സംസാരം പരമാവധി കുറയ്ക്കാൻ ശ്രമിക്കുക.

അതുപോലെ ജൽസയുടെ പരിപാടിക്കിടെ വിപണികൾ അടച്ചിട്ടിരിക്കാറുണ്ടെങ്കിലും, എങ്കിലും സാധാരണ സമയത്ത് വിപണികൾ തുറന്നിരിക്കുമ്പോൾ അവിടെയും അതിഥികൾ അച്ചടക്കം പാലിക്കുകയും ജാഗ്രതപുലർത്തുകയും വേണം. അവിടത്തെ അന്തരീക്ഷം വഷളാകുന്ന തരത്തിലുള്ള യാതൊരു കാര്യങ്ങളും ഉണ്ടാകരുത്. ക്ഷമയോടും ആത്മവിശ്വാസത്തോടും കൂടി തങ്ങളുടെ സാധനങ്ങൾ വാങ്ങാനുള്ള ക്രമീകരണം ചെയ്യണം. ചിലപ്പോൾ തിരക്ക് അനുഭവപ്പെടാറുണ്ട്, കട ഒരെണ്ണമായിരിക്കും, സ്റ്റാൾ ഒരെണ്ണമായിരിക്കും അതിനാൽ താമസം നേരിടാം. എങ്കിലും അത്തരം അവസ്ഥകളിലും ആളുകൾ ക്ഷമയോടും ആത്മവിശ്വാസത്തോടും സഹിഷ്ണുതയോടും കൂടി പ്രവർത്തിക്കേണ്ടതാണ്. അപ്പോഴാണ് നിങ്ങൾ ജൽസയുടെ ലക്ഷ്യം പൂർത്തീകരിക്കുന്നവരായി മാറുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) എങ്ങനെയുള്ള അഹ്മദികളാണ് ആഗ്രഹിച്ചിരുന്നത്? തത്സംബന്ധമായി അദ്ദേഹം പറഞ്ഞു,

തഖ്വ(സൂക്ഷ്മത) പാലിക്കുന്നവരും നന്മകൾ പ്രവർത്തിക്കുന്നവരുമായിത്തീരുക. കാരണം തഖ്വ കൂടാതെ അല്ലാഹു തൃപ്തനാകുകയില്ല.

*(മൽഫൂസാത്ത്, വാല്യം 6, പേജുകൾ 298-299)*

അതിനാൽ ഇവിടെ വന്നിട്ടുള്ള നിങ്ങൾ, ഈ ലക്ഷ്യം കൈവരിക്കുക എന്നതാണ് നിങ്ങളുടെ യഥാർത്ഥ ലക്ഷ്യമായിരിക്കേണ്ടത്. തഖ്വ കൈവരിക്കുക, അതിനായി നിശബ്ദരായി ഇരുന്നുകൊണ്ട് ജൽസ കേൾക്കുക. പുരുഷന്മാരും സ്ത്രീകളും ഇത് ചെയ്യണം. ഈ ലക്ഷ്യം കൈവരിക്കുമ്പോഴാണ് ജൽസയിൽ പറയപ്പെടുന്ന കാര്യങ്ങളിൽ നിന്നും, എന്ത് ലക്ഷ്യത്തിനുവേണ്ടിയാണോ ജൽസ സംഘടിപ്പിക്കപ്പെടുന്നത്, അതിൽ നിന്നും നിങ്ങൾക്ക് പ്രയോജനം നേടാൻ കഴിയുകയുള്ളൂ. ഇതിനായി ഇവിടെ വന്നിട്ടുള്ള ഓരോരുത്തരും പരസ്പരം സ്നേഹത്തോടും അനുകമ്പയോടും കൂടി കാണുക, സലാം പറയുന്നത് ശീലമാക്കുക. ജൽസയിൽ എല്ലാ ഭാഗത്തും ***അസ്സലാമു അലൈക്കും*** എന്ന ശബ്ദത്താൽ അന്തരീക്ഷം മുഖരിതമായിരിക്കണം. ജൽസയുടെ പരിപാടികൾ അവസാനിച്ചതിനു ശേഷം പരസ്പരം കാണുമ്പോൾ സ്നേഹത്തോടുകൂടി കാണുക. മുൻകാല പിണക്കങ്ങൾ ഉണ്ടെങ്കിൽ അവ ദൂരീകരിക്കുക. അസ്വസ്ഥത ഉണ്ടാക്കുന്ന യാതൊരു പ്രവൃത്തിയും നാം ചെയ്യരുത് എന്ന് സാധ്യമാകുന്നിടത്തോളം ശ്രമിക്കുക. ചില ആളുകളിൽ സഹിഷ്ണുത ഉണ്ടാകാറില്ല. അങ്ങനെയുള്ള ആളുകളും ഉണ്ട്, നൂറുശതമാനം ആളുകളും വലിയ ക്ഷമയും ആത്മവിശ്വാസവും ഉള്ളവരാകില്ല. ചില ആളുകളിൽ സഹിഷ്ണുതയുടെ അളവ് വളരെ കുറവായിരിക്കും, എങ്കിലും ഈ ദിവസങ്ങളിൽ തഖ്വയോടുകൂടി പ്രവർത്തിച്ചുകൊണ്ട് അവർ തങ്ങളുടെ സഹിഷ്ണുതയുടെ അളവ് വർദ്ധിപ്പിക്കേണ്ടതാണ്. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ ശ്രമിക്കുക. വ്യക്തിപരമായ പിണക്കങ്ങൾ അവസാനിപ്പിക്കുക, അല്ലെങ്കിൽ കുറഞ്ഞപക്ഷം വ്യക്തിപരമായ പിണക്കങ്ങൾ അന്തരീക്ഷത്തിൽ അസ്വസ്ഥതയ്ക്ക് കാരണമാക്കാതിരിക്കുക. സംഘാടകരെ ബുദ്ധിമുട്ടിലുമാക്കാതിരിക്കുക. ഏത് സത്കർമ്മത്തിനുവേണ്ടിയാണോ നിങ്ങൾ വന്നിട്ടുള്ളത്, അതുതന്നെയാണ് നിങ്ങൾ പൂർത്തീകരിക്കേണ്ടത് എന്ന് എപ്പോഴും ഓർക്കുക. ഇതല്ലെങ്കിൽ പിന്നെ യാതൊരു പ്രയോജനവുമുണ്ടാകില്ല. ഇവിടെ നമസ്കാരങ്ങളുടെ ക്രമീകരണം കൃത്യമായിട്ടുണ്ട്, എങ്കിലും ദീർഘനാൾ താമസിക്കുന്നവരും ജമാഅത്തിന്റെ താമസസ്ഥലങ്ങളിൽ കഴിയുന്നവരും ജൽസയ്ക്ക് ശേഷവും നമസ്കാരങ്ങളുടെ നേർക്ക് കൃത്യമായ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ജമാഅത്തായി നമസ്കരിക്കാൻ ശ്രമിക്കേണ്ടതുണ്ട്. ഇവിടെ ടെന്റുകളിലോ പന്തലുകളിലോ താമസിക്കുന്ന എല്ലാവരും; ഈ മൂന്ന് ദിവസങ്ങളിൽ തഹജ്ജുദും ഉണ്ടാകാറുണ്ട്, തഹജ്ജുദിന്റെ സമയത്ത് വിളിച്ചുണർത്തുമ്പോൾ എഴുന്നേൽക്കണം. ഈ ഭാഗത്തേക്ക് പ്രത്യേക ശ്രദ്ധ പതിപ്പിക്കുക. അഞ്ചുനേര നമസ്കാരങ്ങളിൽ കൃത്യത പാലിക്കുന്നതുപോലെ തഹജ്ജുദും അനുഷ്ഠിക്കാൻ പ്രത്യേകമായി ശ്രമിക്കണം, കാരണം ഏതൊരു ലക്ഷ്യത്തിനു വേണ്ടിയാണോ നിങ്ങൾ ഇവിടെ വന്നിട്ടുള്ളത്, അത് ഇക്കാര്യങ്ങളാണ്. ഇത് കൈവരിക്കുമ്പോൾ നിങ്ങൾ നിങ്ങളുടെയും നിങ്ങളുടെ തലമുറകളുടെയും ജീവിതം മെച്ചപ്പെടുത്തുന്നവരായി മാറും.

അതുപോലെ പാർക്കിംഗിന്റെ കാര്യത്തിലേക്കും ഞാൻ ശ്രദ്ധ ക്ഷണിക്കുകയാണ്. പാർക്കിംഗിൽ സംഘാടകർ എന്ത് രീതിയിലാണോ മാർഗ്ഗനിർദ്ദേശം നൽകുന്നത്, അതനുസരിച്ച് കാറുകൾ പാർക്ക് ചെയ്യുക. പരിശോധനാവേളയിൽ കാറുകളും മറ്റും പരിശോധന നടക്കുന്നിടത്തും വലിയ ക്യൂ ആണെങ്കിൽ പോലും ജാഗ്രതയോടും ക്ഷമയോടും ആത്മവിശ്വാസത്തോടും കൂടി സ്വന്തം ഊഴത്തിനായി കാത്തുനിൽക്കുകയും, പരിശോധന കഴിഞ്ഞ് വരികയും ചെയ്യുക. തിടുക്കം കൂട്ടരുത്. അതിഥികൾ ആതിഥേയർക്കോ സംഘാടകർക്കോ യാതൊരുവിധ ബുദ്ധിമുട്ടുകളും ഉണ്ടാക്കരുത്. അതുപോലെ അതിഥികളും ഡ്യൂട്ടിയിലുള്ളവരും മറ്റൊരു കാര്യം കൂടി ശ്രദ്ധിക്കേണ്ടതുണ്ട്, പ്രത്യേകിച്ച് ഇന്നത്തെക്കാലത്ത് രാജ്യത്തെ സാഹചര്യങ്ങളും, അന്യരിൽ മുസ്ലിങ്ങൾക്കെതിരെ ചിലപ്പോൾ നിലനിൽക്കുന്ന വിദ്വേഷവും ശത്രുതയും കണക്കിലെടുത്ത്, അന്തരീക്ഷം നിരീക്ഷിക്കുകയും ജാഗ്രതപാലിക്കുകയും ചെയ്യുക. ഏതെങ്കിലും സംശയകരമായ വസ്തുവോ വ്യക്തിയോ കണ്ടാൽ ഉടൻ തന്നെ സംഘാടകരുമായി ബന്ധപ്പെടുക, ജൽസയിൽ ഇരുന്നുകൊണ്ട് പോലും പരസ്പരം ശ്രദ്ധിക്കുക.

അതുപോലെ ഈ ദിവസങ്ങളിൽ പ്രത്യേകിച്ച് കാലാവസ്ഥ വളരെ വരണ്ടതായതിനാൽ, ഞാൻ മുമ്പും പറഞ്ഞിരുന്നു, തീ പിടിക്കുന്നതിനുള്ള സാധ്യതയുമുണ്ടാകാം. അതിനാൽ വ്യക്തിഗതമായോ കൂട്ടായോ ഉള്ള താമസസ്ഥലങ്ങളിൽ യാതൊരുവിധത്തിലുള്ള തീയും കത്തിക്കരുത്. തീപ്പെട്ടിക്കോലും കത്തിക്കരുത്. അങ്ങനെ വല്ല ആവശ്യവും നേരിടുകയാണെങ്കിൽ, ബന്ധപ്പെട്ടവരുമായി ബന്ധപ്പെട്ടുകൊണ്ട്, അവർ ഇതിനായി ക്രമീകരണം ചെയ്തിട്ടുള്ള സ്ഥലത്ത് പോകുക. അവിടെ തീ കത്തിച്ചാൽ കുഴപ്പമില്ല. എങ്കിലും എല്ലാ സ്ഥലങ്ങളിലും ഇരുന്നുകൊണ്ടുള്ള ഏതെങ്കിലും തരത്തിലുള്ള തീപ്പൊരികളിൽ നിന്നും വിട്ടുനിൽക്കുകയും ജാഗ്രത പാലിക്കുകയും ചെയ്യുക. കാരണം ഇതിന്റെ കാരണത്താൽ വല്ല ദുരന്തവും സംഭവിച്ചേക്കാം.

അതുപോലെ ഇന്നലെ ഞാൻ പ്രവർത്തകരോടും പറഞ്ഞിരുന്നു, പഴയ കാറുകളുള്ളവരും ജാഗ്രത പാലിക്കുക. പഴയ കാറുകളുള്ള നിരവധി അതിഥികളുണ്ട്, അവയുടെ എഞ്ചിനുകൾ ചൂടാകാറുണ്ട്. പുല്ലുള്ള സ്ഥലത്താണ് അവ നിർത്തിയിടുന്നതെങ്കിൽ അവിടെ തീപിടിക്കുന്നതിനുള്ള സാധ്യതയുണ്ട്. അതുപോലെ ചിലപ്പോൾ ചില കാറുകളിൽ നിന്നും, പഴയ കാറുകളിൽ നിന്നും, എണ്ണ ചോരാറുണ്ട്. അതിനാൽ അവരും ജാഗ്രത പാലിക്കേണ്ടതുണ്ട്. പാർക്ക് ചെയ്യുന്ന സമയത്ത് എന്റെ കാറിന് ഈ തകരാറുണ്ട്, അതിനാൽ സുരക്ഷിതമായ സ്ഥലത്ത് പാർക്ക് ചെയ്യുക എന്ന് അഡ്മിനിസ്ട്രേഷനോട് പറയുകയും വേണം. ശുചിത്വത്തിന്റെ കാര്യവും ശ്രദ്ധിക്കുക. ടോയ്ലറ്റുകളുടെ മറ്റും ശുചീകരണം ഉറപ്പാക്കാൻ അഡ്മിനിസ്ട്രേഷൻ ശ്രമിക്കുമ്പോൾ, ശുചിമുറികൾ ഉപയോഗിക്കുമ്പോൾ നിങ്ങളും അത് വൃത്തിയാക്കിയതിനുശേഷം മാത്രം വരിക. അല്ലാതെ വെള്ളം തറയിലൂടെ ഒഴുകിപ്പരക്കുകയോ അലങ്കോലമായി കിടക്കുകയോ ചെയ്യരുത്. ഹദീസനുസരിച്ച് ശുചിത്വത്തിന് പ്രത്യേക ശ്രദ്ധ നല്കണമെന്ന് അതിഥികളും ശ്രമിക്കേണ്ടതാണ്. കാരണം ശുചിത്വവും ഈമാന്റെ ഒരു ഭാഗമാണ്. നാം ഇവിടെ വന്നിരിക്കുന്നത് തന്നെ ഈമാൻ വർദ്ധിപ്പിക്കാനാണല്ലോ. അതിനാൽ ശുചിത്വത്തിന്റെ വശത്തെയും അവഗണിക്കരുത്. ഈ ദിവസങ്ങളിൽ ഓരോരുത്തരും സ്വയം ഒരു പ്രവർത്തകനായി മനസ്സിലാക്കുകയും, അന്തരീക്ഷം ശുചിത്വമുള്ളതായിരിക്കാൻ വേണ്ടി ശുചിത്വത്തിന് പ്രത്യേക ശ്രദ്ധ നല്കുകയും ചെയ്യുക.

നിങ്ങളുടെ ഈമാന്റെ നിലവാരം ഉയർത്തുന്നതിന്റെ നേർക്ക് ശ്രദ്ധ പതിപ്പിക്കുക. ഈ ദിവസങ്ങളിൽ ദൈവ സ്മരണയ്ക്ക് കൂടുതൽ ഊന്നൽ നല്കുക. ഒഴിവുസമയങ്ങളിൽ എവിടെയാണോ ഇരിക്കുന്നത്, അവിടെ സലാത്തിലേക്കും ദുആകളിലേക്കും ഇസ്തിഗ്ഫാറിലേക്കും കൂടുതൽ ശ്രദ്ധ പതിപ്പിക്കുക. അനർത്ഥമായ വർത്തമാനങ്ങൾ പറയുന്നതിന് പകരം അല്ലാഹുവിന്റെ സ്മരണയോ ദീനീ ചർച്ചകളോ നടത്തുക. അതുപോലെ ഈ ദിവസങ്ങളിൽ ചില പ്രദർശനങ്ങളും ഒരുക്കിയിട്ടുണ്ട്, അവ കാണുന്നതിനായി നിങ്ങൾ പോകുകയും വേണം, താത്പര്യത്തോടും ശ്രദ്ധയോടും കൂടി അവ കാണുക. ഇത് നിങ്ങൾക്ക് പ്രയോജനപ്രദവുമായിരിക്കും, ജ്ഞാനപരമായ നിലയിലും പ്രയോജനപ്രദമാണ്, ദീനീപരമായ നിലയിലും പ്രയോജനപ്രദമാണ്. അതിനാൽ ഈ കാര്യങ്ങൾ ഉണ്ടാകുകയാണെങ്കിൽ, ഇൻശാ അല്ലാഹ്, നിങ്ങൾ ജൽസയിൽ നിന്നും പൂർണ്ണമായ പ്രയോജനം നേടുന്നവരായി മാറും.

അല്ലാഹു നിങ്ങളെല്ലാവരെയും ഈ ജൽസയിൽ എല്ലാവിധേനയും ദീനീപരമായും ആത്മീയപരമായും പ്രയോജനം നേടുന്നവരാക്കിതീർക്കുമാറാകട്ടെ, വൈജ്ഞാനികമായ നിലയിലും പ്രയോജനം നേടുന്നവരായിത്തീരട്ടെ, ജൽസയുടെ ബറകത്തുകൾ എപ്പോഴും നിങ്ങളുടെ ജീവിതത്തിന്റെയും വരുംതലമുറകളുടെയും ജീവിതത്തിന്റെ ഭാഗമായി നിലനിൽക്കട്ടെ. നിങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ആഗമന ലക്ഷ്യം പൂർത്തീകരിക്കുന്നവരും ആയിത്തീരട്ടെ.

ഇൻശാ അല്ലാഹ്, വൈകുന്നേരം ജൽസയുടെ ഔദ്യോഗിക ഉദ്ഘാടനം ഉണ്ടായിരിക്കുന്നതാണ്. ഈ പ്രഭാഷണവും മറ്റ് പ്രഭാഷകരുടെ പ്രഭാഷണങ്ങളും നിങ്ങൾ ശ്രദ്ധയോടെ കേൾക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും ചെയ്യുക. അല്ലാഹു തആല എല്ലാവർക്കും അതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

(വിവ: അംനാസ്. പി.കെ)

ഖുത്ബ ജുമുഅ

2026 ജൂലൈ 31, 1405 വഫാ 31

*മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറി), യു.കെ.*

# ജൽസ സാലാനാ യു.കെ: പ്രധാന സംഭവങ്ങളും വിശിഷ്ടാതിഥികളുടെ അനുഭവങ്ങളും

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിഞ്ഞ ഞായറാഴ്ച അഹ്മദിയ്യാ ജമാഅത്ത് യുണൈറ്റഡ് കിങ്ഡത്തിന്റെ മൂന്ന് ദിവസത്തെ ജൽസ സാലാനാ ദൈവാനുഗ്രഹങ്ങളെ സ്വാംശീകരിച്ചു കൊണ്ട് പരിസമാപ്തി കുറിച്ചു. ജൽസയുടെ തയ്യാറെടുപ്പുകൾക്ക് മാസങ്ങൾ എടുക്കുന്നു, മറിച്ച് ആ വർഷത്തെ ജൽസയ്ക്ക് ശേഷം തന്നെ അടുത്ത ജൽസയ്ക്കായുള്ള തയ്യാറെടുപ്പുകൾ ആരംഭിക്കുന്നു. ജൽസയ്ക്ക് ഏതാനും ആഴ്ചകൾക്ക് മുമ്പ് തയ്യാറെടുപ്പുകൾ അതിതീവ്ര ഗതി പ്രാപിക്കുന്നു, അതുപോലെ ജൽസയ്ക്ക് ഒന്നോ രണ്ടോ ആഴ്ച മുമ്പാകട്ടെ അത് അങ്ങേയറ്റം വർധിക്കുകയും ചെയ്യുന്നു. ജൽസയുടെ ദിവസങ്ങളിലാകട്ടെ ആയിക്കണക്കിന് സന്നദ്ധപ്രവർത്തകർ, ജീവനക്കാർ, പെൺകുട്ടികൾ, സ്ത്രീകൾ, കുട്ടികൾ, പുരുഷന്മാർ, വൃദ്ധന്മാർ, യുവജനങ്ങൾ എന്നിവർ തങ്ങളുടെ സർവ കഴിവുകളോടും ആത്മാർത്ഥതയോടും കൂടി സദാ സേവനനിരതരാകുന്നു. അവർ അഹ്മദികളായ അതിഥികൾക്ക് മാത്രമല്ല സൗകര്യം ചെയ്തുകൊടുക്കുന്നത്, മറിച്ച് ജൽസയിലേക്ക് വരുന്ന ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള അനഹ്മദികളും അമുസ്ലീങ്ങളുമായ അതിഥികളുടെയും ആവശ്യങ്ങൾ നിറവേറ്റുകയും അതോടൊപ്പം ഇസ്ലാമിന്റെ യഥാർത്ഥ ചിത്രം അവതരിപ്പിച്ചുകൊണ്ട് ഒരു നിശബ്ദ തബ്‌ലീഗ് (മതപ്രചരണം) ചെയ്യുകയുമാണ് ചെയ്യുന്നത്. അതിനാൽ ഈ നിലയിൽ ജൽസയുടെ എല്ലാ വകുപ്പിലും പ്രവർത്തിച്ചുകൊണ്ടിരുന്ന സർവ പ്രവർത്തകരും നന്ദി അർഹിക്കുന്നവരാണ്. അല്ലാഹു അവരുടെ സേവനത്തിന് ഏറ്റവും മികച്ച പ്രതിഫലം നല്കട്ടെ. അതുപോലെ ജൽസയിൽ സന്നിഹിതരായി സേവനം ചെയ്യുന്ന പ്രവർത്തകരല്ലാത്ത എം.ടി.എയുടെ പ്രവർത്തകരുമുണ്ട്. അതിൽ ധാരാളം സന്നദ്ധപ്രവർത്തകർ ഉൾപ്പെടുന്നു, അവരും നന്ദി അർഹിക്കുന്നവരാണ്, അവർ ജൽസയുടെ പരിപാടികളെ ലോകത്തിന്റെ എല്ലാ കോണുകളിലും എത്തിക്കുന്നതിന് വേണ്ടി വളരെ മികച്ച രീതിയിൽ പൂർണമായ പരിശ്രമം നടത്തുകയുണ്ടായി. ഇതും തബ്‌ലീഗിന്റെ വലിയൊരു മാർഗമാണ്.

അതുപോലെ പ്രസ് ആൻഡ് മീഡിയയും വാർത്തകൾ എത്തിക്കുന്നതിൽ അവരുടെ ഭാഗധേയം നിർവഹിച്ചു. അതിൽ കേന്ദ്ര പ്രസ് ഉൾപ്പെടുന്നു. യു.കെയുടെ പ്രസ് വകുപ്പും ഉൾപ്പെടുന്നു. കോടിക്കണക്കിന് ആളുകളിലേക്ക് സന്ദേശം എത്തി. അതിൽ സ്ത്രീകളും പുരുഷന്മാരും എല്ലാവരും ഉൾപ്പെടുന്നു. അതുപോലെ എല്ലാ വർഷത്തെയും പോലെ ഇവിടെ പ്രവർത്തകരെ സഹായിക്കുന്നതിനായി ഈ വർഷവും ഖുദ്ദാമുൽ അഹ്മദിയ്യാ കാനഡയുടെ ധാരാളം സന്നദ്ധ പ്രവർത്തകർ വന്നിട്ടുണ്ട്. അവർ ജൽസയ്ക്ക് ശേഷമുള്ള കാര്യങ്ങൾ ചെയ്തു തീർക്കുന്ന പണിയിലാണ്. ജൽസ വൈൻഡ് അപ്പ് ചെയ്യുന്ന പണിയാണ് ചെയ്യുന്നത്. ഇപ്പോൾ ഓസ്ട്രേലിയക്കാരുടെയും വരാൻ തുടങ്ങിയിട്ടുണ്ട്. അവർ വളരെ മികച്ച രീതിയിൽ പണി ചെയ്തുകൊണ്ടിരിക്കുന്നു. ഇവരെല്ലാവരും നന്ദി അർഹിക്കുന്നവരാണ്. അല്ലാഹു അവർക്കും തക്കപ്രതിഫലം നല്കുമാറാകട്ടെ.

ഏതായാലും അന്യരുടെമേൽ ഉണ്ടാകുന്ന പ്രവർത്തകരുടെ സ്വാധീനഫലമായി ജമാഅത്തിന്റെയും ഇസ്ലാമിന്റെയും യഥാർത്ഥ ചിത്രം അവരുടെ മുന്നിൽ അവതരിപ്പിക്കപ്പെടുന്നു. അതുവഴി അവർ അങ്ങേയറ്റം സ്വാധീനിക്കപ്പെടുന്നു. ഒട്ടനവധി അഭിപ്രായങ്ങൾ അവർ എഴുതി അയക്കുന്നു. നന്ദിയും പ്രകടിപ്പിക്കുന്നു. ചില അഭിപ്രായങ്ങൾ ഞാൻ ഇപ്പോൾ അവതരിപ്പിക്കുന്നതാണ്. ഏതാനും ചിലത് ഞാൻ തിരഞ്ഞെടുത്തിട്ടുണ്ട്. അവയും ഒരുപക്ഷേ മുഴുവനായും അവതരിപ്പിക്കാൻ കഴിഞ്ഞെന്നു വരില്ല. എങ്കിലും കുറച്ചെണ്ണം അവതരിപ്പിക്കുന്നതാണ്. അതുപോലെ ഞാൻ സ്വയവും സ്ത്രീ പുരുഷന്മാരായ എല്ലാ പ്രവർത്തകർക്കും നന്ദി പ്രകടിപ്പിക്കുന്നു, അവർ വലിയ നിസ്വാർത്ഥ സേവനം ചെയ്തു. എന്നാൽ അതോടൊപ്പം അവരും ഒരുകാര്യം ഓർക്കേണ്ടതുണ്ട്. അതായത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അതിഥികളുടെ സേവനം ചെയ്യുന്നതിന് അല്ലാഹു പ്രസ്തുത എല്ലാ പ്രവർത്തകർക്കും തൗഫീഖ് നല്കിയതിന് അവരും അല്ലാഹുവിനോട് കൃതജ്ഞതയുള്ളവരായിരിക്കണം. ജനങ്ങളുടെ നന്ദിപ്രകടനങ്ങളുടെ കാര്യത്തിൽ നിന്ന് നിങ്ങൾ കൂടുതൽ വിനീതരാകേണ്ടതുണ്ട്, അല്ലാഹുവിന്റെ മുന്നിൽ കൂടുതൽ കുനിയേണ്ടതുണ്ട്. അവനോട് കൃതജ്ഞതയുള്ളവരായിരിക്കേണ്ടതുണ്ട്. അല്ലാഹു അതിനും നിങ്ങൾക്ക് തൗഫീഖ് നല്കുമാറാകട്ടെ.

ഞാൻ പറഞ്ഞതുപോലെ ചില അഭിപ്രായനിർദേശങ്ങൾ അവതരിപ്പിക്കുകയാണ്. ഇപ്പോൾ എന്റെ മുന്നിലുള്ള ആദ്യത്തേത് ഗാംബിയയുടെ വാർത്താവിനിമയ ഡിജിറ്റൽ സമ്പദ്–വ്യവസ്ഥ മന്ത്രിയായ ലാമീൻ ജാബി സാഹിബിന്റെതാണ്. അദ്ദേഹം പറയുന്നു, ജൽസ സാലാന കണ്ടുകൊണ്ട് ഞാൻ അഗാധമായ യാഥാർത്ഥ്യത്തിൽ അത്ഭുതപ്പെട്ട് നിശ്ചലനായിപ്പോയി. ഇതൊരു വലിയ ആഗോള സമ്മേളനമാണ്. അത് നിസ്വാർത്ഥ സേവനത്തിന്റെയും നിശബ്ദവും സ്ഥിരചിത്തവുമായ ത്യാഗത്തിന്റെയും അടിസ്ഥാനത്തിലാണ് നിലനിൽക്കുന്നത്. ഇത്രയും വിപുലമായ തോതിലുള്ള ഈ സമ്മേളനം ഖാദിയാനിൽ വെറും എഴുപത്തഞ്ച് ആളുകളിൽ നിന്നാണ് ആരംഭിച്ചതെന്നും ഇന്ന് സംഘടനാപരമായ നിലയിൽ ഒരു അത്ഭുതകരമായ മാസ്റ്റർപീസ് ആയി രൂപാന്തരപ്പെട്ടിട്ടുണ്ടെന്നും അറിയുമ്പോൾ മനസ്സ് ആഴത്തിൽ സ്വാധീനിക്കപ്പെടുന്നു. സാറ്റലൈറ്റ് വഴി ലോകത്തിലെ ഇരുനൂറു രാജ്യങ്ങളിൽ ഇത് സംപ്രേക്ഷണം ചെയ്യുന്നു, ഇതിന്റെ സംഘാടനത്തിന് യാതൊരു പോലീസിന്റെയും ആവശ്യമില്ല എന്നതാണ് എന്നെ അത്ഭുതപരതന്ത്രനാക്കുന്നത്. ആർക്കും ഭൗതികമായ ഒരു അത്യാഗ്രഹവുമില്ല. കോർപ്പറേറ്റ് ഉദ്യോഗസ്ഥർ, ഡോക്ടർമാർ, യുവജനങ്ങൾ എന്നിവർ തങ്ങളുടെ ലൗകിക പദവികൾ ഒരുവശത്ത് മാറ്റി വച്ചുകൊണ്ട് സന്നദ്ധപ്രവർത്തകരായി തറ വൃത്തിയാക്കിക്കൊണ്ടിരിക്കുകയായിരുന്നു, തീയിൽ ഭക്ഷണം പാകം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു, ട്രാഫിക്കിന് വഴി കാണിച്ചുകൊണ്ടിരിക്കുകയായിരുന്നു, നമസ്കാരത്തിന് വേണ്ടി ബാങ്ക് കൊടുത്തപ്പോഴാകട്ടെ വിവിധ ദേശീയതകളിൽ ഉൾക്കൊണ്ടിട്ടുള്ള ഈ ആവേശഭരിതമായ ജനക്കൂട്ടം പെട്ടെന്ന് പൂർണമായ മൗനം ദീക്ഷിച്ചു. ഒരു സൂചി വീഴുന്ന ശബ്ദം പോലും കേൾക്കാൻ കഴിഞ്ഞില്ല. ഈ കാഴ്ച എനിക്ക് കൂട്ടായ അച്ചടക്കത്തിന്റെയും ആത്മീയ ബന്ധത്തിന്റെയും ജീവനുള്ള അനുഭൂതി നൽകി, അത് ഇന്നത്തെ ഭൗതിക ലോകത്തിൽ പ്രായോഗികമായി ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നു. തുടർന്ന് അദ്ദേഹം പറയുന്നു, ആഗോള ബൈഅത്തിൽ ഒരു കണ്ണീരണിഞ്ഞ മനുഷ്യച്ചങ്ങലമുഖേന ആയിരക്കണക്കിന് ആളുകൾ അവരുടെ ഇമാമുമായി ബന്ധിക്കപ്പെടുന്നു.

ഈ സവിശേഷമായ ബാന്ധവം എനിക്ക് അവിശ്വസനീയമായി തോന്നി. ഇതെല്ലാം എന്നിൽ ഉളവാക്കിയ സ്ഥായിയായ പ്രഭാവം ഇതാണ്, ജമാഅത്തിന്റെ മഹത്തായ ആഗോള സ്വാധീനം ഏതെങ്കിലും ഭൗതിക ധനത്തിന്റെയോ രാഷ്ട്രീയ ലക്ഷ്യങ്ങളുടെയോ ഫലമല്ല, മറിച്ച് പൂർണ്ണമായ തഖ്‌വയുടെയും സമാധാനത്തിന്റെയും ഒരു യഥാർത്ഥ പ്രായോഗിക സന്ദേശവുമായുള്ള ബന്ധത്തിന്റെ ഫലമാണ്.

നൈജീരിയയിൽ നിന്നുള്ള ഒരു സ്റ്റേറ്റിന്റെ രാജാവ്, ഏതാണ്ട് പകുതി സ്റ്റേറ്റ് അദ്ദേഹത്തിന്റെ ഭരണത്തിന് കീഴിലാണ്, കോബ കഹേണ്ടെ വോളെ ബാഡെ വോളെ. അദ്ദേഹം പറയുന്നു, ഞാൻ ജൽസ സാലാന യു.കെയിൽ പങ്കെടുക്കുന്നതിനായി പുറപ്പെട്ടപ്പോൾ, എന്റെ ജീവിതത്തിൽ അത്രയും ആഴത്തിലുള്ള സ്വാധീനം ചെലുത്താൻ പോകുന്ന ഒരു മഹത്തായ, സംഘടിതവും ആത്മീയവുമായ സമ്മേളനത്തിന്റെ ഭാഗമാകാൻ പോവുകയാണെന്ന് എനിക്ക് യാതൊരു ഊഹവുമുണ്ടായിരുന്നില്ല. ഇവിടെ എത്തിച്ചേർന്നതിനുശേഷം ഞാൻ അസാധാരണമായ അച്ചടക്കവും, സാഹോദര്യവും, സൃഷ്ടിസേവനത്തിന്റെ പ്രായോഗിക മാതൃകയും കാണുക മാത്രമല്ല ചെയ്തത്, മറിച്ച് ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നും ദേശീയതകളിൽ നിന്നും ഉള്ള വ്യക്തികളെ സ്നേഹത്തിന്റെയും ആദരവിന്റെയും സാഹോദര്യത്തിന്റെയും ബന്ധത്തിൽ കെട്ടുപിണഞ്ഞവരായി കണ്ടെത്തുകയും ചെയ്തു, ഞങ്ങളുടെ അതിഥികൾ വളരെ ആത്മാർത്ഥമായ രീതിയിൽ സൽക്കരിക്കപ്പെടുകയും ചെയ്തു, അത് എക്കാലത്തും ഞങ്ങളുടെ ഓർമ്മകളുടെ ഭാഗമായിരിക്കും. അദ്ദേഹം പറയുന്നു, ഇവിടെ എനിക്ക് ധാരാളം കാര്യങ്ങൾ പഠിക്കാൻ അവസരം ലഭിച്ചു, എന്നാൽ ഏ

റ്റവും അവിസരണീയ മുഹൂർത്തം ജമാഅത്തിന്റെ ഇമാമുമായുള്ള കൂടിക്കാഴ്ചയും അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളുമായിരുന്നു, അവ കേട്ടുകൊണ്ട് ഞാൻ വലിയ പാഠം ഉൾക്കൊള്ളുകയും അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള പുരോഗതിയെക്കുറിച്ചുള്ള റിപ്പോർട്ട് കേൾക്കുകയും ചെയ്തു. ഇതും വളരെ അത്ഭുതപ്പെടുത്തുന്നതായിരുന്നു. അദ്ദേഹം പറയുന്നു, അവിടുത്തെ മുദ്രാവാക്യം Love for all, Hatred for none എന്നത് വെറുമൊരു മുദ്രാവാക്യമല്ല, മറിച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ പ്രായോഗിക തിരിച്ചറിയൽ(practical identity) ആണ്. ലോകം ഈ സ്നേഹത്തിന്റെ വികാരത്തെയും, സഹിഷ്ണുതയെയും, മനുഷ്യത്വത്തോടുള്ള ആദരവിനെയും സ്വീകരിക്കുകയാണെങ്കിൽ, നിസ്സംശയമായും ലോകം സമാധാനത്തിന്റെ വിളനിലമായി മാറും. പിന്നെ അദ്ദേഹം പറയുന്നു, ലോകത്തിലെ വിവിധ ഭാഷകളിൽ സംപ്രേഷണം ചെയ്യപ്പെട്ടുകൊണ്ടിരുന്ന ലൈവ് പ്രോഗ്രാമും എന്നെ വലിയ അത്ഭുതത്തിലാഴ്ത്തി. അതുപോലെ രാജ്ഞി, അഥവാ അദ്ദേഹത്തിന്റെ ഭാര്യയും ഇതേ വികാരങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി. അവർ പറയുന്നു: സ്ത്രീകൾക്കായി ചെയ്ത മാതൃകാപരമായ ക്രമീകരണങ്ങളും അവരുടെ ആദരവും സ്വാതന്ത്ര്യവും അന്തസ്സുമുള്ള ചുറ്റുപാടും കണ്ടതുകൊണ്ട് എനിക്ക് അത്യധികം അത്ഭുതം തോന്നി. ആയിക്കണക്കിന് സ്ത്രീകൾ വളരെ സംഘടിതമായ രീതിയിൽ വന്നുപോകുന്നതും പൂർണ്ണമായ അന്തസ്സോടുകൂടി ജൽസയിൽ പങ്കെടുക്കുന്നതും കണ്ടുകൊണ്ട് ഇസ്ലാമിനെക്കുറിച്ചുള്ള എന്റെ പല ധാരണകളും മാറിമറിഞ്ഞു. അഹ്മദിയ്യാ ജമാഅത്ത് ഇസ്ലാമിക അധ്യാപനങ്ങൾക്ക് അനുസൃതമായി സ്ത്രീകളുടെ ബഹുമാനത്തെയും അവരുടെ അവകാശങ്ങളെയും പ്രായോഗിക രൂപത്തിൽ അവതരിപ്പിച്ചിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കി.

സെനഗലിൽ നിന്നുള്ള ഒരു അതിഥിയുണ്ടായിരുന്നു, സെന്റ് ലൂയിസിന്റെ മുൻ ഗവർണർ അലിയൂൻ ബദ്ര സാമ് സാഹിബ്. അദ്ദേഹം പറയുന്നു, എന്നെ ഏറ്റവും കൂടുതൽ സ്വാധീനിച്ചത് ഇതിന്റെ സംഘാടന മികവായിരുന്നു. പങ്കെടുത്തവരുടെ വലിയൊരു സംഖ്യ ഉണ്ടായിരുന്നിട്ടും ജൽസയുടെ ക്രമീകരണങ്ങൾ അത്യധികം മികവോടെയാണ് ചെയ്തതെന്ന് വ്യക്തമായി അനുഭവപ്പെട്ടിരുന്നു. വന്നുപോകുന്നതിനുള്ള (transportation)സംവിധാനവും മികച്ചതായിരുന്നു. സന്നദ്ധപ്രവർത്തകർ സത്സ്വഭാവികളായിരുന്നു, എപ്പോഴും ഹാജരായിരുന്നു, അദ്ദേഹം പറയുന്നു ഞാൻ എല്ലാ പ്രഭാഷണങ്ങളും സശ്രദ്ധം കേട്ടു. ഇപ്പോൾ അന്യരായ ആളുകൾ പോലും പ്രഭാഷണങ്ങളിൽ വെറുതെ ഇരിക്കുകയല്ല ചെയ്യുന്നത്, മറിച്ച് ഞങ്ങൾ ശ്രദ്ധയോടെ കേട്ടു എന്ന് അവർ പറയുന്നു. വിവിധ ഭാഷകളുടെ സംവിധാനം വളരെ മികച്ചതായിരുന്നു, തത്ഫലമായി ഞങ്ങൾക്ക് എല്ലാ പ്രഭാഷണങ്ങളും സന്ദേശങ്ങളും നന്നായി മനസ്സിലാക്കാൻ കഴിഞ്ഞു. മുഴുവൻ ജൽസയിലും ആവർത്തിച്ച് കേട്ടത് സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശമായിരുന്നു എന്ന് അദ്ദേഹം പറയുന്നു.

അതുപോലെ റാദു ദൂതാ സാഹിബ്, റാദു ദൂതാ എന്നത് അദ്ദേഹത്തിന്റെ പേരാണ്. ലക്സംബർഗിൽ അഭിഭാഷകനാണ്, ബാരിസ്റ്ററാണ്, തന്റെ മകനോടൊപ്പം ആദ്യമായി പങ്കെടുത്തതായിരുന്നു. അദ്ദേഹം പറയുന്നു, ജൽസയുടെ മൂന്ന് ദിവസങ്ങൾ എന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദിവസങ്ങളായി മാറിയിരിക്കുന്നു. ഇത്രയും വലിയ, സംഘടിതവും മാന്യവുമായ ഒരു ഇസ്ലാമിക സമ്മേളനം ഞാൻ ആദ്യമായിട്ടാണ് കാണുന്നത്. ഇത്രയും വലിയ ഹാജരി ഉണ്ടായിരുന്നിട്ടും മുഴുവൻ ക്രമീകരണവും സന്നദ്ധപ്രവർത്തകരിലൂടെ വളരെ മികച്ച രീതിയിലാണ് നടത്തിക്കൊണ്ടിരുന്നത്. വിവിധ രാജ്യങ്ങളിൽ നിന്ന് വന്നിട്ടുള്ള ആളുകൾ ഒരേ കുടുംബത്തിലെ അംഗങ്ങളെപ്പോലെയാണെന്നാണ് എനിക്ക് അനുഭവപ്പെട്ടത്. ഓരോ വളണ്ടിയറും ചെറുപുഞ്ചിരിയോടെ അതിഥികളെ സേവിച്ചുകൊണ്ടിരുന്നു. ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഓരോ പ്രവർത്തകനും ഓരോ അതിഥിയോടും അവർ ഏറ്റവും പ്രധാനപ്പെട്ടവരും ആദരണീയരുമാണ് എന്ന മട്ടിൽ സ്നേഹത്തോടും ആദരവോടും കൂടി ശ്രദ്ധയോടെ പെരുമാറിക്കൊണ്ടിരുന്നു., ആഗോള ബൈഅത്തിന്റെ ദൃശ്യവും അതിഥികളെ വലിയ തോതിൽ സ്വാധീനിക്കുന്നു എന്ന് അദ്ദേഹം പറയുന്നു. ആഗോള ബൈഅത്തിന്റെ ആത്മാവിനെ തൊട്ടുണർത്തുന്ന കാഴ്ച എനിക്ക് മറക്കാനാവാത്തതായിരുന്നു. ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്ന് വന്നിട്ടുള്ള ആയിക്കണക്കിന് ആളുകൾ ഒരേ ഇമാമിന്റെ കയ്യിൽ ബൈഅത്ത് ചെയ്യുകയും അങ്ങേയറ്റം വിനയത്തോടുകൂടി അല്ലാഹുവിന്റെ സന്നിധാനത്തിൽ പ്രാർത്ഥിക്കുകയും ചെയ്യുന്നത് കണ്ടത് എന്റെ ഹൃദയത്തിൽ ആഴത്തിലുള്ള സ്വാധീനം ചെലുത്തിയ വിശ്വാസത്തെ ഉണർത്തുന്നതും ആത്മീയവുമായ ഒരു അനുഭവമായിരുന്നു. തുടർന്ന് അദ്ദേഹം പറയുന്നു, ജമാഅത്തിന്റെ ഇമാമുമായും ഞാൻ കൂടിക്കാഴ്ച നടത്തി. എനിക്ക് ആദ്യം പരിഭ്രമമുണ്ടായിരുന്നു.എന്നാൽ അദ്ദേഹത്തെ കണ്ടപ്പോൾ എന്റെ പരിഭ്രമം ഇല്ലാതായി. അതുപോലെ ഞാൻ അദ്ദേഹത്തോട് ചോദിക്കാൻ ആഗ്രഹിച്ചിരുന്ന, എന്റെ മനസ്സിലുണ്ടായിരുന്ന കാര്യങ്ങളും വികാരങ്ങളും ഞാൻ ചോദിക്കാതെ തന്നെ അദ്ദേഹം എന്നോട് ചോദിക്കുകയും ചെയ്തു. എനിക്ക് പറഞ്ഞുതരികയും ചെയ്തു.

പിന്നെ ഒരു നവഅഹ്മദി ഏലായ്ജാ ഗബ്രിയേൽ സാഹിബ് പറയുന്നു, ഇസ്ലാം സ്വീകരിക്കുന്നതിന് മുമ്പ് ഞാൻ ഒരു ക്രിസ്തുമതസ്ഥനായിരുന്നു. വിശ്വാസത്തിന് സംഗീതവുമായി ബന്ധമുണ്ടെന്നാണ് ഞങ്ങളെ എപ്പോഴും പഠിപ്പിച്ചിരുന്നത്. സംഗീതം അത്യാവശ്യമാണെന്നുള്ളത് ഇക്കാലത്ത് ലോകത്ത് വലിയൊരു ഫാഷനായി മാറിയിട്ടുമുണ്ട്, എന്നാൽ എനിക്ക് ഒരിക്കലും ആ രീതിയിൽ യഥാർത്ഥ ആത്മീയ സമാധാനവും അല്ലാഹുവിനോടുള്ള സാമീപ്യവും അനുഭവിക്കാൻ കഴിഞ്ഞിരുന്നില്ല. മുസ്ലീമായ ശേഷവും ഞാൻ നമസ്കാരങ്ങൾ നിർവഹിക്കാറുണ്ടായിരുന്നു. എന്നാൽ ഒരിക്കലും കരഞ്ഞു പ്രാർഥിക്കാനുള്ള തൗഫീഖ് ലഭിച്ചിരുന്നില്ല, എന്നാൽ ജൽസ സാലാനയിൽ ബൈഅത്തിൽ പങ്കെടുക്കാൻ അവസരം ലഭിച്ചപ്പോൾ, വർണിക്കാനാവാത്ത തരത്തിലുള്ള ആത്മീയ അവസ്ഥയാണ് എന്നിൽ ഉണ്ടായത്. തുടർച്ചയായി എന്റെ പാപങ്ങളിൽ ഖേദിച്ച് ഞാൻ ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരുന്നു. പ്രാർത്ഥിച്ചുകൊണ്ടിരുന്നു, എന്റെ കണ്ണുകളിൽ നിന്ന് അനിയന്ത്രിതമായി കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു. ഖിലാഫത്തുമായി എനിക്ക് ഒരു ആത്മീയ ബന്ധം സ്ഥാപിക്കപ്പെട്ടു, അല്ലാഹുവുമായി ഒരു ആത്മബന്ധം സ്ഥാപിക്കപ്പെട്ടു. അതിനുശേഷം അദ്ദേഹം പറയുന്നു, നമസ്കാരം നടന്നു. നമസ്കാരത്തിലും ഈ ആത്മീയ അവസ്ഥ എന്നിൽ നിലനിന്നു, അതേ അവസ്ഥയിൽ ഞാൻ ജൽസാഗാറിന് പുറത്തേക്ക് പോയി, ഞാൻ എന്റെ ചെരിപ്പുകൾ ധരിക്കാൻ മറന്നുപോയി എന്ന ബോധം എനിക്കുണ്ടായില്ല. അതേ അവസ്ഥയിൽ ഞാൻ വാഷ്റൂമിലേക്ക് പോയി, അവിടെ നിന്നിരുന്ന ഒരു സന്നദ്ധപ്രവർത്തകൻ എന്റെ കാലുകൾ കണ്ടു, പിന്നീട് തന്റെ ചെരിപ്പ് ഊരി എനിക്ക് തന്നു, എന്നിട്ട് പറഞ്ഞു, നിങ്ങൾ ഇത് ധരിക്കുക. നഗ്നപാദനായി അകത്തേക്ക് പോകുമ്പോൾ താങ്കൾക്ക് ബുദ്ധിമുട്ടുണ്ടാകും. അതിനാൽ അദ്ദേഹം പറയുന്നു, ഈ ചെറിയ സംഭവം എന്റെ വിശ്വാസത്തെ കൂടുതൽ ശക്തമാക്കി, ദൈവത്താൽ സ്ഥാപിതമായ ദൈവിക ജമാഅത്താണ് ഇതെന്ന് ബോധ്യമായി. കാരണം ഇവിടെ ഒരു വ്യക്തി തന്റെ സഹോദരനെ സഹായിക്കുന്നതിന് എപ്പോഴും തയ്യാറായി നിൽക്കുന്നു. അതിനാൽ അഹ്മദീ സന്നദ്ധപ്രവർത്തകരും ജീവനക്കാരും അതിഥികളുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതുവഴി ആളുകളുടെ വിശ്വാസങ്ങളും സുദൃഢമാകുന്നു.

ചെക്ക് റിപ്പബ്ലിക്കിൽ നിന്ന് യാരോസ്ലാവ് ഫ്രാങ്ക് എന്നൊരു പ്രൊഫസർ വന്നിട്ടുണ്ടായിരുന്നു, മറ്റൊരു പ്രൊഫസർ മാർക്ക് ചായിക സാഹിബും ഉണ്ടായിരുന്നു. അവർ പറയുന്നു, ജൽസ സാലാന ഞങ്ങൾക്ക് വളരെ ഇഷ്ടപ്പെട്ടു, ഞങ്ങളുടെ വികാരങ്ങൾ പ്രകടിപ്പിക്കാൻ ഞങ്ങൾക്ക് കഴിയുന്നില്ല. ചെക്ക് റിപ്പബ്ലിക്കിലേക്ക് തിരികെ പോയി ഞങ്ങളുടെ വിദ്യാർത്ഥികളോടും പ്രൊഫസർമാരോടും ഞങ്ങൾക്ക് പറയാനുള്ളത് ഇത്രമാത്രം ആണ്, നിങ്ങൾ നേരിട്ട് ഇവിടെ വന്ന് ആത്മീയനിർഭരവും ഉദാത്തമായ ക്രമീകരണങ്ങളാൽ അലങ്കരിക്കപ്പെട്ടതുമായ ഈ മഹത്തായ സദസ്സ് അനുഭവിച്ചറിയണം എന്നാണ്. ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നുള്ള ആളുകൾ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും വികാരത്താൽ ഒരിടത്ത് ഒത്തുകൂടിയിരുന്നു. ആരാധനയ്ക്ക് ശേഷം ആളുകളെ

**• ഹദീഥുന്നബവി ﷺ •**



**മരിച്ചവരെ ചീത്ത പറയരുത്,**
**എന്തുകൊണ്ടെന്നാൽ അവർ മുമ്പേ**
**അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**
(ബുഖാരി 23:77)

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

**• ഹദീഥുന്നബവി ﷺ •**

**"ഊസ്വീക്കും ബിൽജാരി."**
**അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന്**
**ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.**

ത്വാലിബെ ദുആ
**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

കണ്ടുമുട്ടുന്ന അനുഭവം എനിക്ക് അങ്ങേയറ്റം സന്തോഷം തരുന്നതും സ്വാധീനിക്കുന്നതുമായിരുന്നു. ലോകമെമ്പാടുമുള്ള ആളുകളെ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ഐക്യത്തിന്റെയും ബന്ധത്തിൽ എങ്ങനെയാണ് ഒരു വിശ്വാസം ബന്ധിപ്പിക്കുന്നത് എന്ന് കാണുന്നത് വലിയ സന്തോഷം നല്കി. കാലത്തിന്റെ ഖലീഫയുടെ പ്രഭാഷണത്തിന് ശേഷം ഞങ്ങൾക്ക് ഇസ്ലാമിന്റെയും തഖ്‌വയുടെയും യഥാർത്ഥ തിരിച്ചറിവ് ലഭിച്ചു എന്ന് അവർ പറയുന്നു. ഈ വിഷയത്തെക്കുറിച്ച് ഞങ്ങൾക്ക് ആഴത്തിലുള്ള ധാരണയും അറിവും ലഭിച്ചു, അതുപോലെ ലോകത്തിലെ എം.ടി.എ വഴിയുള്ള കവറേജും അതിശയകരമായിരുന്നു എന്ന് അവർ പറയുന്നു.

കസാക്കിസ്ഥാനിൽ നിന്ന് സാവ്‌ലേ സാഹിബ ജൽസയിൽ പങ്കെടുത്തു. അവർ പറയുന്നു, എന്റെ ഹൃദയത്തിൽ ഏറ്റവും സന്തോഷം തരുന്നതും ആഴത്തിലുള്ള സ്വാധീനങ്ങൾ അവശേഷിപ്പിച്ചതും ആത്മാവിനെ തൊട്ടുണർത്തുന്നതും ഓർമ്മനിൽക്കുന്നതുമായ സമ്മേളനമായിരുന്നു അത്. ജമാഅത്തിന്റെ ഇമാമിന്റെയും മറ്റ് പ്രഭാഷകരുടെയും പ്രഭാഷണങ്ങളിൽ വിശ്വാസം, ഉന്നത ധാർമികത, സമാധാനം, സഹവർത്തിത്വം, കുടുംബ മൂല്യങ്ങൾ, യുവജനങ്ങളുടെ പരിശീലനം, സമൂഹത്തിന്റെ സേവനം തുടങ്ങിയ പ്രധാനപ്പെട്ട വിഷയങ്ങളിൽ വെളിച്ചം വീശപ്പെട്ടു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള വ്യക്തികൾക്കിടയിലെ സാഹോദര്യ അന്തരീക്ഷവും സമാധാനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും കാര്യങ്ങൾ സംസാരിച്ചുകൊണ്ടിരുന്നതുമാണ് തന്നെ ഏറ്റവും കൂടുതൽ സ്വാധീനിച്ചത് എന്ന് അവർ പറയുന്നു.

പിന്നെ അമേരിക്കയിൽ നിന്ന് ഡോക്ടർ പ്രൊഫസർ ബ്രാഡ് ഷാഫ്- അദ്ദേഹം നിയമം പഠിപ്പിക്കുന്ന പ്രൊഫസറാണ്––– വന്നിട്ടുണ്ടായിരുന്നു. അദ്ദേഹം പറയുന്നു, ലോകമെമ്പാടുമുള്ള വിവിധ അന്താരാഷ്ട്ര സമ്മേളനങ്ങളിലും കൺവെൻഷനുകളിലും പങ്കെടുക്കാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. എന്നാൽ ജൽസ സാലാന യു.കെയുടെ അനുഭവം തികച്ചും വ്യതിരിക്തമായിരുന്നു. നൂറിലധികം രാജ്യങ്ങളിൽ നിന്ന് വന്നിട്ടുള്ള ആളുകൾ, വിവിധ മതങ്ങൾ, ദേശീയതകൾ, ജീവിതത്തിന്റെ വിവിധ മേഖലകൾ എന്നിവയുമായി ബന്ധപ്പെട്ട അതിഥികളെ കണ്ടുമുട്ടാൻ കഴിഞ്ഞു. ഇവരുടെയെല്ലാം ഒരേയൊരു അഭിപ്രായം ഇവിടെ കാണാൻ കഴിഞ്ഞ സ്നേഹത്തിന്റെയും ആദരവിന്റെയും സമാധാനത്തിന്റെയും പരസ്പര സാഹോദര്യത്തിന്റെയും അന്തരീക്ഷം യഥാർത്ഥത്തിൽ അസാധാരണമാണ് എന്നതായിരുന്നു.

അതുപോലെ അദ്ദേഹം പറയുന്നു, ഹ്യൂമാനിറ്റി ഫസ്റ്റും വിവിധ വിദ്യാഭ്യാസപരവും ചരിത്രപരവുമായ പ്രദർശനങ്ങൾ എന്നെ വളരെ സ്വാധീനിച്ചു. ജമാഅത്ത് അതിന്റെ സ്വന്തം വിഭവങ്ങൾ ഉപയോഗിച്ച് ലോകമെമ്പാടുമുള്ള അർഹരായവരുടെ അവർ ഏതെങ്കിലും മതവുമായോ ദേശീയതയുമായോ ബന്ധപ്പെട്ടവരാകട്ടെ സേവനം ചെയ്യുന്നു എന്ന് കാണുന്നത് സന്തോഷം നൽകുന്നു, പിന്നെ അദ്ദേഹം പറയുന്നു, എല്ലാവരും അഭ്യസ്തവിദ്യരാണ്. ഉന്നത വിദ്യാഭ്യാസം നേടിയ ഡോക്ടർമാർ, എൻജിനീയർമാർ, വക്കീലന്മാർ, മറ്റ് വിദഗ്ധർ എന്നിവർ അങ്ങേയറ്റം വിനയത്തോടെ സന്നദ്ധസേവനം നിർവഹിച്ചുകൊണ്ടിരുന്നു, അത് എന്നെ വലിയ തോതിൽ സ്വാധീനിച്ചു.

ബ്രസീലിൽ നിന്നുള്ള ടെലിവിഷൻ റിപ്പോർട്ടർ ആരിക് പോർട്ടിളർ സാഹിബ് പറയുന്നു. ഈ ചടങ്ങിന്റെ മഹത്തായ അളവും വ്യാപ്തിയും കണ്ടുകൊണ്ട് ഞാൻ അത്ഭുതപ്പെട്ടുപോയി എന്ന് പറയാതെ വയ്യ. പ്രത്യേകിച്ചും ലങ്കർഖാനയുടെ വലിപ്പവും ഭക്ഷണം തയ്യാറാക്കുന്ന എല്ലാ സ്ഥലങ്ങളും. ആധുനികവും വിശാലവും സംഘടിതവും അത്യധികം ശുചിത്വമുള്ളതുമാണ്. ഓരോ സന്നദ്ധ പ്രവർത്തകന്റെയും അധ്വാനവും കൃത്യതയും സമർപ്പണവും കാണാനുള്ള വളരെ മനോഹരമായ ഒരു അനുഭവമാണ്, അത് എന്റെ ഹൃദയത്തെ സമാധാനവും സന്തോഷവും കൊണ്ട് നിറയ്ക്കുന്നു.

ഫിലിപ്പീൻസിൽ നിന്ന് പ്രൊഫസർ യൂസഫ് മോർലിസ്, അദ്ദേഹം തന്റെ ഭാര്യയോടൊപ്പമാണ് വന്നിരുന്നത്, അവരും ഒരു പ്രൊഫസറാണ്. പ്രൊഫസർ ഷരീമ മോർലിസ്. അവർ പറയുന്നു, അവർ ക്രിസ്തുമതത്തിൽ നിന്ന് ഇസ്ലാം സ്വീകരിച്ചിട്ടുണ്ട്, നാഷണൽ കമ്മീഷൻ ഓഫ് മുസ്ലിം ഫിലിപ്പീനോസിന്റെ ചെയർമാനുമായിരുന്നിട്ടുണ്ട്. ഇതുവരെ അഹ്മദിയായിട്ടില്ല. അദ്ദേഹം പറയുന്നു, ഔദ്യോഗിക ഹാജർ ഏകദേശം അമ്പതിനായിരമാണെന്ന് പറയപ്പെട്ടെങ്കിലും, ജൽസാഗാഹിന്റെ വ്യാപ്തിയും ക്രമീകരണങ്ങളുടെ അളവും കണ്ടുകൊണ്ട് ഈ സമ്മേളനം അതിനേക്കാൾ വളരെ വലുതാണെന്ന് എനിക്ക് തോന്നി. പ്രത്യേകിച്ചും തങ്ങളുടെ സമയവും സേവനവും സമർപ്പിച്ചുകൊണ്ട് പതിനായിരക്കണക്കിന് ആളുകൾക്ക് താമസവും ഭക്ഷണവും ട്രാൻസ്പോർട്ടും ശുചിത്വവും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുന്ന പൂർണമായ ഒരു താത്കാലിക നഗരം കെട്ടിപ്പടുക്കുന്ന ആയിരക്കണക്കിന് സന്നദ്ധപ്രവർത്തകരുടെ പ്രയത്നങ്ങളിൽ അത്ഭുതം തോന്നി. സാമ്പത്തികമായി സുരക്ഷിതരാണെങ്കിലും സന്നദ്ധപ്രവർത്തകർ സേവനം ചെയ്യുന്നു. അത്യധികം ലളിതമായതും ശാരീരിക അധ്വാനമുള്ളതുമായ സേവനം ചെയ്യുന്നു. വലിയ വിനയത്തോടെയാണ് ചെയ്യുന്നത്, ഇതാണ് സമാധാനപൂർണവും ഐക്യവുമുള്ള ഒരു സമൂഹം കെട്ടിപ്പടുക്കാൻ കഴിയുന്ന കാര്യങ്ങൾ. ചെറിയ കുട്ടികൾ വെള്ളം കുടിപ്പിക്കുന്നത് കണ്ടു. അതുപോലെ അദ്ദേഹം പറയുന്നു, പതിനൊന്നും പതിനഞ്ചും വയസ്സുള്ള രണ്ട് കുട്ടികളുണ്ടായിരുന്നു, ഭക്ഷണവിതരണത്തിൽ ആയിരുന്നു അവരുടെ ഡ്യൂട്ടി, അത്രയും ഉത്തരവാദിത്വത്തോടെ അവർ ഓടിനടന്ന് മുന്നൂറു ആളുകൾക്ക് ഭക്ഷണം ഊട്ടിക്കൊണ്ടിരുന്നു, അത്ഭുതം തോന്നിപ്പോകും. സർ മുഹമ്മദ് സഫ്റുല്ലാ ഖാൻ സാഹിബ് ഒരു അഹ്മദി ആയിരുന്നു എന്ന് ഇവിടെ വച്ചാണ് എനിക്ക് അറിയാൻ കഴിഞ്ഞത്,. ഡോക്ടർ അബ്ദുസ്സലാം സാഹിബിന്റെ സംഭാവനകളെക്കുറിച്ചും കൂടുതൽ മനസ്സിലായി. അതുപോലെ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണങ്ങൾ എന്നെ വലിയ തോതിൽ സ്വാധീനിച്ചു. ചുരുങ്ങിയ സമയത്തിനുള്ളിൽ ഒട്ടനവധി വിഷയങ്ങൾ അദ്ദേഹം അവതരിപ്പിച്ചു. ഓരോ വിഷയവും വിശദമായതും എന്നാൽ ലളിതവും ഗ്രഹിക്കാൻ കഴിയുന്നതുമായ രീതിയിൽ അവതരിപ്പിച്ചു.

എൽ സാൽവദോറിൽ നിന്നുള്ള ഒരു അതിഥി, സെൻട്രൽ അമേരിക്കൻ പാർലമെന്റിൽ എൽ സാൽവദോറിന്റെ പ്രതിനിധിയായ സൗൾ ലെഗാഡോ, വന്നിട്ടുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: ഇത് എന്റെ ആദ്യത്തെ ജൽസ സാലാന യു.കെ ആയിരുന്നു, അതിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിനെ വളരെ അടുത്തുനിന്ന് കാണാൻ എനിക്ക് അവസരം ലഭിച്ചു. ഞാൻ പഠിച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യം നമ്മൾ എങ്ങനെയാണ് ദൈനംദിന ജീവിതം നയിക്കേണ്ടത് എന്നതാണ്. അതിന്റെ പ്രധാന സന്ദേശം ഇതായിരുന്നു, ഒരു കൊമ്പ് മരത്തിൽ നിന്ന് അടർന്നുമാറി ഉണങ്ങിപ്പോകുന്നത് പോലെ, കാരണം ആ മരമാണ് അതിന് ജീവൻ നൽകുന്നത്- നമ്മളും അല്ലാഹുവിൽ നിന്ന് അകന്നുപോയാൽ അത് നമ്മുടെ ആത്മീയ മരണമാണ്. നാം ബുദ്ധിമുട്ടിലായിരിക്കുമ്പോൾ മാത്രമാണ് ദൈവത്തെ തേടുന്നത് എന്ന് ജമാഅത്തിന്റെ ഇമാമായ ഖലീഫ പറഞ്ഞത് തികച്ചും സത്യമാണ്. അതുപോലെ ഭാര്യാഭർത്താക്കന്മാരുടെ ബന്ധത്തെക്കുറിച്ച് അദ്ദേഹം നല്കിയ ഉപദേശങ്ങൾ, നമ്മൾ പാലിക്കുകയും ഗസ്സെ ബസർ (കണ്ണുകൾ താഴ്ത്തുക) ചെയ്യുകയും ചെയ്താൽ ദാമ്പത്യ ജീവിതത്തിലെ പല പ്രശ്നങ്ങളിൽ നിന്നും നമുക്ക് രക്ഷപ്പെടാം. നോക്കുക് അന്യരായ ആളുകൾക്ക് ഈ സന്ദേശം മനസ്സിലാക്കാൻ കഴിയുമെങ്കിൽ, നിങ്ങൾ അഹ്മദികൾ ഈ സന്ദേശം എത്രയധികം മനസ്സിലാക്കേണ്ടതുണ്ട്. തുടർന്ന് അദ്ദേഹം പറയുന്നു, അസാധാരണമായ ക്രമീകരണങ്ങൾ എന്നെ സ്വാധീനിച്ചു. ജമാഅത്തിന്റെ ഇമാമുമായുള്ള കൂടിക്കാഴ്ച വളരെ ചെറിയ സമയത്തേക്കായിരുന്നു, കൂടുതൽ സമയം ലഭിക്കണമെന്നായിരുന്നു എന്റെ ആഗ്രഹം, എന്നാൽ ആ ചെറിയ സമയത്തിനുള്ളിൽ പോലും അദ്ദേഹം എല്ലാ കാര്യങ്ങളും പരിശോധിക്കുകയും എന്നോട് സംസാരിക്കുകയും ചെയ്തു, അദ്ദേഹം പറയുന്നു കൂടിക്കാഴ്ചയ്ക്ക് ശേഷം എനിക്ക് ഉറപ്പായി, ഖലീഫക്ക് തന്റെ ജമാഅത്തിനെക്കുറിച്ച് ധാരാളം വിവരങ്ങളുണ്ട്, എവിടെയൊക്കെയാണ്, ഏത് നിലയിലാണ് അത് നിൽക്കുന്നത് എന്നതിൽ അദ്ദേഹത്തിന് ആഴത്തിലുള്ള താത്പര്യമുണ്ടായിരുന്നു, ഈ കാര്യങ്ങളിൽ നിന്ന് അത് വ്യക്തമായി.

ബെലീസിൽ നിന്നുള്ള ഒരു നവാഗത അഹ്മദിയായ മോസി കൊറിയാനോ സാഹിബ് പറയുന്നു, ഞങ്ങളുടെത് വളരെ ചെറിയ ഒരു രാജ്യമാണ്. ഞങ്ങളുടെ നഗരത്തിലെ ജനസംഖ്യ വെറും അൻപതിനായിരം മാത്രമാണ്. നൂറു പേർ ഒത്തുകൂടിയാൽ പോലും വഴക്കുകൾ ആരംഭിക്കും, എന്നാൽ ജൽസയുടെ ക്രമീകരണത്തിൽ അസാധാരണമായ സമാധാനമുണ്ടായിരുന്നു, ആളുകൾ വളരെ മികച്ച രീതിയിലാണ് പരസ്പരം ഇടപഴകുന്നത്. എന്റെ വികാരങ്ങൾ വാക്കുകളിൽ പ്രകടിപ്പിക്കാൻ എനിക്ക് സാധ്യമല്ല എന്ന് അവർ പറയുന്നു. ഇപ്പോൾ ഒരു അഹ്മദീ മുസ്ലീം എന്ന് സ്വയം വിളിക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു. അവർ പറയുന്നു, കഴിഞ്ഞ വർഷത്തെ ജൽസ സാലാനയിൽ പങ്കെടുക്കാൻ എന്റെ ഭർത്താവിന് തൗഫീഖ് ലഭിച്ചിരുന്നു, ആ സമയത്ത് ജമാഅത്തിന്റെ ഇമാം അദ്ദേഹത്തൊട് താങ്കളുടെ ഭാര്യയ്ക്കും അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിക്കണമെന്ന് പറഞ്ഞിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് ഞാൻ പൂർണ്ണമായ വിശ്വാസത്തോടും അഭിമാനത്തോടും കൂടി പറയുന്നു, ഞാൻ ഒരു അഹ്മദീ മുസ്ലീമാണ്.

ബൾഗേറിയയിൽ നിന്ന് ലേബർ ആൻഡ് സോഷ്യൽ പോളിസി മിനിസ്ട്രിയിലെ സെക്രട്ടറി ജനറലായ സോളിൻ പെൻകോവ് പറയുന്നു, ജർമ്മനിയുടെ വിവിധ നഗരങ്ങളിൽ സംഘടിപ്പിക്കപ്പെട്ട ജൽസ സാലാനകളിൽ ഞാൻ പലതവണ പങ്കെടുത്തിട്ടുണ്ട്, എന്നാൽ ബ്രിട്ടനിലെ ജൽസ സാലാനയുടെ അനുഭവം അതിന്റെ വ്യാപ്തി, സംഘടന, ഉയർന്ന നിലവാരം എന്നിവയുടെ കാര്യത്തിൽ സവിശേഷവും സമാനതകളില്ലാത്തതുമായിരുന്നു. ജൽസാഗാഹിന്റെ അസാധാരണമായ വ്യാപ്തി

യും അവിടെ നിർമ്മിക്കപ്പെട്ട താത്കാലിക നഗരവുമായിരുന്നു എന്നെ ഏറെ സ്വാധീനിച്ചത്. എല്ലാ അടിസ്ഥാന സൗകര്യങ്ങളും അത്യധികം മികവോടെയാണ് ഒരുക്കിയിരിക്കുന്നത്, അൻപതിനായിരത്തിന് മുകളിലുള്ള ആളുകളുടെ സംഖ്യയാണ് അവിടെ ഒത്തുകൂടിയിരുന്നത്. ജൽസയിൽ നടന്ന പ്രഭാഷണങ്ങൾ വളരെ വിജ്ഞാനപ്രദവും അക്കാദമികവും ഉയർന്ന നിലവാരമുള്ളതുമായിരുന്നു. പ്രഭാഷകർ മതപരവും ശാസ്ത്രീയവുമായ വിഷയങ്ങൾ വളരെ മികച്ച രീതിയിൽ അവതരിപ്പിച്ചു, അതുവഴി ശ്രോതാക്കളുടെ അറിവും തിരിച്ചറിവും വർദ്ധിച്ചു. വിവിധ പ്രദർശനങ്ങൾ എന്നെ അങ്ങേയറ്റം സ്വാധീനിച്ചു. ആധുനിക ആവശ്യങ്ങൾക്ക് അനുസൃതമായി വളരെ പ്രൊഫഷണൽ രീതിയിലാണ് അവ ക്രമീകരിക്കപ്പെട്ടിരുന്നത്. കുട്ടികൾക്കായുള്ള പരിശീലന പരിപാടികളും അവിടെ പ്രദർശനങ്ങളും ഉണ്ടായിരുന്നു. വരുംതലമുറയുടെ പരിശീലനത്തിന് നല്ല കാര്യങ്ങളാണ് ഇവ.

സെനഗലിൽ നിന്നുള്ള അഹ്മദു ബാ സാഹിബ് തിജാനിയ്യ വിഭാഗവുമായി ബന്ധപ്പെട്ട തന്റെ പ്രദേശത്തെ ഒരു മതപരമായ നേതാവാണ്. ഈ ജൽസയുടെ മികച്ച സംഘാടനവും ക്രമീകരണവും തന്നെ അത്യന്തം സ്വാധീനിച്ചിരിക്കുന്നു എന്ന് അദ്ദേഹം പറയുന്നു. ഈ ജൽസ ഏത് രീതിയിലാണ് സംഘടിപ്പിക്കപ്പെട്ടത്, മികച്ച സുരക്ഷാ ക്രമീകരണങ്ങൾ, ജൽസയിൽ പങ്കെടുത്തവരുടെ ഉയർന്ന സ്വഭാവം, അവരുടെ ജ്ഞാനം, നല്ല സ്വഭാവം, പ്രത്യേകിച്ച് അഹ്മദിയാ ജമാഅത്തിലെ വ്യക്തികളുടെ ഉയർന്ന സ്വഭാവം എന്നിവ എന്റെ ഹൃദയത്തിൽ ആഴത്തിലുള്ള സ്വാധീനം ചെലുത്തിയിരിക്കുന്നു. അഹ്മദിയാ ജമാഅത്തിനെ കുറിച്ച് മുമ്പ് കേൾക്കുക മാത്രമാണ് ചെയ്തിരുന്നത് എന്നാൽ ഇന്ന് സ്വന്തം കണ്ണുകൊണ്ട് വളരെ സംഘടിതവും വളരെ ആത്മാർത്ഥവും തന്റെ ഖലീഫയുടെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കുന്നതുമായ അത്തരമൊരു ജമാഅത്തിനെ കണ്ടതുകൊണ്ട് അതിയായ സന്തോഷമുണ്ടായി എന്ന് അദ്ദേഹം പറയുന്നു. നിങ്ങൾ മനുഷ്യസേവനത്തിനായി ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ട് എന്ന് എനിക്ക് മുമ്പേ അറിയാമായിരുന്നു, അതായത് ദാനങ്ങൾ, ജലലഭ്യതക്കായി കിണറുകൾ, പള്ളികൾ, ആശുപത്രികൾ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ, മറ്റ് ക്ഷേമ പദ്ധതികൾ എന്നിവ. എന്നാൽ നിങ്ങളുടെ മാനവ മൂല്യങ്ങൾക്കും മാനവ വികസനത്തിനുമുള്ള ശ്രമങ്ങൾ, ജ്ഞാനം, പ്രാഥമിക വിദ്യാഭ്യാസത്തിന്റെ പ്രചാരണം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ പ്രദർശനങ്ങളിൽ കണ്ടുകൊണ്ടും ഇന്ന് ഞാൻ കൂടുതൽ സ്വാധീനിക്കപ്പെട്ടിരിക്കുന്നു. ഞാൻ നിങ്ങൾക്ക് ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്ന് അഭിനന്ദനങ്ങൾ അറിയിക്കുന്നു. ജമാഅത്തിന്റെ ഇമാമുമായി എനിക്ക് കൂടിക്കാഴ്ച നടത്താനായി. അതുവഴി ജമാഅത്തിനെ മനസ്സിലാക്കാൻ തനിക്ക് വലിയ അവസരം ലഭിച്ചു എന്ന് അദ്ദേഹം പറയുന്നു.

അതുപോലെ സെനഗലിൽ നിന്നുള്ളപാർലമെന്റ് അംഗം മോർ മാൻ കാബാ ജാകാതെ സാഹിബ് പറയുന്നു: ജനങ്ങളുടെ സേവനം, ആത്മാഭിമാനം, ധൈര്യം, ദൃഢനിശ്ചയം എന്നിവ നിങ്ങളുടെ പ്രമുഖ സവിശേഷതകളാണെന്ന് ഞാൻ എന്റെ കണ്ണുകൊണ്ട് കണ്ടു. വാക്കുകൾക്കപ്പുറം ഞാൻ ഇവിടെ സേവനമുള്ള ഇസ്ലാമിനെ കണ്ടു. നൽകുന്ന കൈകൾ ഞാൻ കണ്ടു, മാപ്പുനൽകുന്ന ഹൃദയങ്ങൾ ഞാൻ കണ്ടു, മറ്റുള്ളവർക്കായി എപ്പോഴും തുറന്നുകിടക്കുന്ന വാതിലുകൾ ഞാൻ കണ്ടു.

കൊസോവോയിൽ നിന്ന് പ്രൊഫസർ ഡോക്ടർ ഖലീൽ ഇബ്രാഹിമി സാഹിബ്, അദ്ദേഹം ഒരു പ്രമുഖ വിദ്യാഭ്യാസ വിചക്ഷണനാണ്, ഗവേഷകനാണ്, യൂണിവേഴ്സിറ്റി പ്രൊഫസറുമാണ്, തന്റെ അക്കാദമിക പ്രയത്നങ്ങളും ഗവേഷണ പ്രവർത്തനങ്ങളും കാരണം കൊസോവോയിൽ അത്യധികം ആദരവോടെയും ബഹുമാനത്തോടെയും കാണപ്പെടുന്നയാളാണ്. അദ്ദേഹം പറയുന്നു. : എല്ലാ മേഖലകളിലും അച്ചടക്കവും സഹകരണവും നിസ്വാർത്ഥതയുടെ പ്രായോഗിക ചിത്രവും കാണാൻ കഴിഞ്ഞത് യഥാർത്ഥത്തിൽ അസൂയാവഹമായിരുന്നു. അതോടൊപ്പം ഓരോ വ്യക്തിയുടെയും ഭാഗത്തുനിന്ന് ലഭിച്ച സ്നേഹവും ആത്മാർത്ഥതയും ബഹുമാനവും ഉദാരമായ അതിഥി സൽക്കാരവും ഈ അനുഭവത്തെ എനിക്ക് അവിസ്മരണീയമാക്കി മാറ്റി. ഈ ദിവസങ്ങളിൽ വിവിധ പ്രഭാഷണങ്ങൾ കേൾക്കാനും പ്രത്യേകിച്ച് ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം കേൾക്കാനും അവസരം ലഭിച്ചു. അദ്ദേഹവുമായി കൂടിക്കാഴ്ചയുമുണ്ടായി. പറയുന്നു: എന്നെ ഏറ്റവും കൂടുതൽ സ്വാധീനിച്ചത്, സമാധാനം, മതസൗഹാർദം, മനുഷ്യസമത്വം, പരസ്പര ബഹുമാനം, സമൂഹത്തിലെ ഓരോ വ്യക്തിയെയും കൈപിടിച്ചു മുന്നോട്ടു ഗമിക്കുക എന്ന സങ്കൽപ്പത്തിലുള്ള തുടർച്ചയായതും അസാധാരണവുമായ ഊന്നൽ എന്നിവയായിരുന്നു. ഇന്നത്തെ കാലത്ത് ലോകത്തിന്റെ പല ഭാഗങ്ങളിലും മതപരമായ തെറ്റിദ്ധാരണകളും തീവ്രവാദവും അസഹിഷ്ണുതയും ഗുരുതരമായ വെല്ലുവിളിയായി മാറിയിട്ടുള്ളപ്പോൾ, അവിടെ ഈ സന്ദേശങ്ങൾ വളരെ സമയോചിതവും പ്രതീക്ഷയ്ക്കു വക നല്കുന്നതും മനുഷ്യരാശിയ്ക്ക് മാർഗ്ഗനിർദ്ദേശം നല്കുന്നതുമായി അനുഭവപ്പെടുന്നു.

സ്പെയിനിൽ നിന്നുള്ള പെഡ്രോ ബാദിന്റെ മേയറായ ജുവാൻ അന്റോണിയോ റെജിസ് പറയുന്നു. ഈ സമ്മേളനം കേവലം വിശ്വാസത്തിന്റെ ആഘോഷമല്ല, മറിച്ച് വിവിധ രാജ്യങ്ങൾ, സംസ്കാരങ്ങൾ, യാഥാർത്ഥ്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ആളുകൾക്കിടയിലെ സമാധാനത്തിന്റെയും ആദരവിന്റെയും സാഹോദര്യത്തിന്റെയും പങ്കിട്ട മൂല്യങ്ങളുടെ മാർഗനിർദേശത്താൽ ഒരുമിച്ചുകൂടിയിരിക്കുന്ന സമാധാനപരമായ സഹവർത്തിത്വത്തിന്റെ അസാധാരണമായ പ്രകടനമാണെന്ന് കാണാൻ ജൽസ സാലാന ഞങ്ങൾക്ക് അവസരം നല്കിയിരിക്കുന്നു. വിവിധ പ്രദർശനങ്ങളിലൂടെയും വിജ്ഞാനപ്രദമായ പരിപാടികളിലൂടെയും വിവിധ മേഖലകളിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ചെയ്തുവരുന്ന സേവനങ്ങളെക്കുറിച്ചും എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

ഓസ്ട്രേലിയയിൽ നിന്ന് രണ്ട് വക്കീലുമാർ, കരോലിൻ സാഹിബും ഹാന സാഹിബും പങ്കെടുത്തു. ജൽസ സാലാനയിൽ പങ്കെടുക്കാൻ കഴിഞ്ഞത് ഞങ്ങൾ ഞങ്ങളുടെ സൗഭാഗ്യമായി കരുതുന്നു എന്ന് അവർ പറയുന്നു. ക്രമീകരണങ്ങൾ കണ്ടുകൊണ്ട് അത്ഭുതപ്പെട്ടുപോയി. എല്ലാ ഭാഗത്തും സമാധാനത്തിന്റെ അന്തരീക്ഷമായിരുന്നു. ജൽസാഗാഹിനുള്ളിലും പുറത്തും ഞാൻ എല്ലാ ഭാഗത്തും നടന്ന് പരിശോധിച്ചു എന്ന് അവർ പറയുന്നു. വഴക്കോ ബഹളമോ ഉണ്ടായിരുന്നില്ല. ലോകത്ത് ഇത്രയും ശാന്തരും സമാധാനമുള്ളവരുമായ ആളുകൾ വേറെയില്ല. എല്ലാവരും പരസ്പരം സഹായിക്കാൻ തയ്യാറായിരുന്നു. കുട്ടികൾ വെള്ളം കുടിപ്പിക്കുന്നത് കണ്ടതിൽ സന്തോഷം തോന്നി, ഹ്യൂമൻ റൈറ്റ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു. ലോകമെമ്പാടും സമാധാനം പരത്തണമെന്ന സമൂഹത്തിന്റെ ചിന്തയും അവകാശങ്ങൾ സ്ഥാപിക്കണമെന്ന ചിന്തയും, അതും കേവലം അഹ്മദികൾക്ക് വേണ്ടിയുള്ളതല്ല, മറിച്ച് ഏതൊരു പീഡിപ്പിക്കപ്പെട്ടവനും വേണ്ടി ശബ്ദമുയർത്തുക എന്നത് വലിയൊരു കാര്യമാണ്, അത് എന്നെ വളരെ സ്വാധീനിച്ചു. അടുത്ത വർഷവും ഇവിടെ കൂട്ടിക്കൊണ്ടുവരണമെന്ന് തന്റെ മിഷനറിയോട് വാഗ്ദാനം വാങ്ങിയാണ് അവർ മടങ്ങിയത്, അത്രയധികം അവർ സ്വാധീനിക്കപ്പെട്ടിരിക്കുന്നു.

ബൊളീവിയയിൽ നിന്ന് മാധ്യമപ്രവർത്തകൻ ഗൈഡർ ഗെയ്ൻ ജൽസയിൽ പങ്കെടുക്കാൻ വന്നിരുന്നു, അദ്ദേഹം പറയുന്നു, അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ജൽസ സാലാനയിൽ പങ്കെടുത്തത് എനിക്ക് ഒരു മികച്ച അനുഭവമായിരുന്നു. അതുപോലെ ഞാൻ പ്രഭാഷണങ്ങളിൽ പ്രത്യേകിച്ച് ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണത്തിൽ വളരെ സ്വാധീനിക്കപ്പെട്ടു, ഞങ്ങളുടെ ജീവിതത്തിൽ എക്കാലത്തും പതിഞ്ഞുകിടക്കുന്നതും ഞങ്ങളുടെ നാഥന്റെ സാമീപ്യവും അനുഗ്രഹം നേടാനുമുള്ള വഴി കാണിച്ചുതരുന്നതുമായ ഒരു ജൽസയായിരുന്നു ഇത്. ഇസ്ലാമിന്റെ സന്ദേശം സ്വീകരിക്കാൻ കഴിയുന്നവരായി മാറാൻ അല്ലാഹു അനുഗ്രഹിക്കട്ടെ. മുസ്ലിം സ്ത്രീ പീഡിപ്പിക്കപ്പെടുന്നുവെന്നും സമ്മർദ്ദത്തിലാണെന്നും വർഷങ്ങളായി തെറ്റായ രീതിയിൽ പ്രചരിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന പ്രൊപ്പഗാണ്ട തികച്ചും വ്യാജമാണെന്ന് വ്യക്തിപരമായി കാണാൻ എനിക്ക് അവസരം ലഭിച്ചു എന്ന് അദ്ദേഹം പറയുന്നു, ഇതിന് വിപരീതമായി ഇസ്ലാമിൽ സ്ത്രീക്ക് നൽകപ്പെടുന്ന ബഹുമാനവും സംരക്ഷണവും പ്രാധാന്യവും കണ്ട് ഞാൻ വളരെ സ്വാധീനിക്കപ്പെട്ടിരിക്കുന്നു.

കൊസോവോയിൽ നിന്ന് അലിജാൻ മുനിസിപ്പാലിറ്റിയുടെ ചീഫ് ഓഫ് കാബിനറ്റായ ഔനി ജോഷ്രി സാഹിബ് പറയുന്നു, ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം കേൾക്കാൻ അവസരം ലഭിച്ചു, ജൽസ നടക്കുന്നതിന് തൊട്ടുമുമ്പ് അതിഥിസേവനത്തെ ഒരു വലിയ ഉത്തരവാദിത്വമായി കണക്കാക്കിക്കൊണ്ട് സ്നേഹത്തോടും വിനയത്തോടും ആത്മാർത്ഥതയോടും മികച്ച സ്വഭാവത്തോടും കൂടി അത് നിർവഹിക്കണമെന്ന് അദ്ദേഹം പ്രവർത്തകർക്ക് ഉപദേശം നല്കിയിരുന്നു. അത് വ്യാഴാഴ്ച രാത്രിയായിരുന്നു. അപ്പോൾ എനിക്ക് ആ ഉപദേശം ഇഷ്ടപ്പെട്ടു, എന്നാൽ അടുത്ത ദിവസം തന്നെ അതിന്റെ പ്രായോഗിക മാതൃക സ്വന്തം കണ്ണുകൊണ്ട് കാണാൻ എനിക്ക് കഴിയുമെന്ന് ഞാൻ കരുതിയിരുന്നില്ല. എന്റെ അരോഗ്യസ്ഥിതി പെട്ടെന്ന് വഷളായി. തലകറക്കം വരാൻ തുടങ്ങി, ശാരീരിക അസ്വസ്ഥതയുണ്ടായി, ഛർദ്ദി വരാൻ തുടങ്ങി, പെട്ടെന്ന് തന്നെ ഫസ്റ്റ് എയ്ഡ് വിഭാഗത്തിലുള്ളവർ എന്നെ പരിശോധിച്ചു, ആറ് ഡോക്ടർമാർ എന്റെ ചുറ്റും ഒത്തുകൂടി. എന്റെ സ്വന്തം വീട്ടിൽ എന്നപോലെയാണ് എനിക്ക് അനുഭവപ്പെട്ടത്. അപ്പോൾ ഖലീഫത്തുൽ മസീഹിന്റെ നിർദ്ദേശങ്ങൾ വെറും വാക്കുകളല്ല, മറിച്ച് ഓരോ പ്രവർത്തകന്റെയും പ്രായോഗിക ജീവിതത്തിന്റെ ഭാഗമാണെന്ന് എനിക്ക് ബോധ്യപ്പെട്ടു.

ജപ്പാനിൽ നിന്ന് ഹിരോയുകി ഇവാമോത്തോ സാഹിബ് പറയുന്നു, ഞങ്ങൾക്ക് വളരെ അവിസ്മരണീയമായ ഒരു യാത്രയായിരുന്നു അത്. ജൽസയുടെ അന്തരീക്ഷം സ്നേഹവും ആത്മീയതയും നിറഞ്ഞതായി ഞങ്ങൾക്ക് അനുഭവപ്പെട്ടു. സേവനം ചെയ്യുന്ന പ്രവർത്തകരുടെ ആവേശം, വെള്ളം

കുടിപ്പിക്കുന്ന കുട്ടികളുടെ സേവനത്തിന്റെ രീതി, ഖിലാഫത്തുമായി ജമാഅത്തിനുള്ള ബന്ധം, അദ്ദേഹത്തെ കാണാനുള്ള ആഗ്രഹം ഇതൊക്കെ വളരെ മികച്ച ഒരു അനുഭവമായിരുന്നു.

ലെബനനിൽ നിന്നുള്ള, ബെൽജിയത്തിൽ താമസിക്കുന്ന മറ്റൊരു സുഹൃത്ത് പറയുന്നു, ഞാൻ ഡിപ്ലോമാറ്റിക് കോറിൽ ജോലി ചെയ്യുന്നതിനാൽ ലോകത്ത് വലിയ മീറ്റിംഗുകൾ നടക്കുന്ന വിവിധ സ്ഥലങ്ങളിൽ ഞാൻ പോകാറുണ്ട്, ഖത്തറോ ബ്രസ്സൽസോ മറ്റ് വലിയ സ്ഥലങ്ങളോ ആകട്ടെ ഈ ജൽസ പോലെയുള്ള ഇത്രയും ഉയർന്നതും സംഘടിതവുമായ ഒരു പരിപാടി ഞാൻ എവിടെയും കണ്ടിട്ടില്ല, അൻപതിനായിരത്തിലധികം ആളുകളുണ്ടായിട്ടും ഒരു ഉന്തുംതള്ളുമില്ല. ആരും മോശമായി സംസാരിക്കുന്നില്ല. എല്ലാവരും ബഹുമാനത്തോടും ആദരവോടും സ്നേഹത്തോടും കൂടിയാണ് കാണുന്നത്. ഇസ്ലാമിന്റെ സാഹോദര്യത്തിന്റെ അധ്യാപനം ഞാൻ ഇവിടെ പ്രായോഗികമായി കണ്ടിട്ടുണ്ട്. അതുപോലെ 'ലാ ഇക്രാഹ ഫിദ്ദീൻ' (മതത്തിൽ ബലപ്രയോഗമില്ല) എന്ന ഖുർആന്റെ അധ്യാപനം ഇവിടെ ജൽസയിൽ എനിക്ക് പ്രായോഗികമായി കാണാൻ കഴിഞ്ഞു. ഇവിടെ മറ്റ് മതങ്ങളിൽപ്പെട്ട ആളുകളും വരുന്നുണ്ട്, ഇവിടെ താമസിക്കുന്നുണ്ട്. അവരെയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നുണ്ട്. അവർ സന്തോഷത്തോടെ സ്വതന്ത്രമായി വിഹരിക്കുന്നുമുണ്ട്.

അർജന്റീനയിൽ നിന്നുള്ള ഹർജിയോ റൂബൻ സെർജിയോ റൂബൻ ഇവിടെ പങ്കെടുത്തു. അദ്ദേഹം തന്റെ രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട ദേശീയ പത്രമായ ക്ലാരിനിൽ മതപരമായ കാര്യങ്ങളുടെ ചീഫ് എഡിറ്ററാണ്. അദ്ദേഹം പറയുന്നു: വരുന്നതിന് മുമ്പ് ഞാൻ എന്റെ പത്രത്തെ ഈ ജൽസയിൽ പങ്കെടുക്കുന്നതിനെക്കുറിച്ച് അറിയിച്ചപ്പോൾ, എന്റെ പല സഹപ്രവർത്തകരും ഇസ്ലാമിനെതിരെയുള്ള പൊതുവായ മുൻവിധികളുടെ അടിസ്ഥാനത്തിൽ എന്റെ തീരുമാനത്തിൽ പുനർവിചിന്തനം നടത്താൻ ഉപദേശിച്ചു. എങ്കിലും, ഞാൻ ജൽസയുടെ അന്തരീക്ഷം നേരിട്ട് നിരീക്ഷിച്ചപ്പോൾ, ഇസ്ലാം ഒരു സമാധാനപരമായ മതമാണെന്നതിന്റെ മികച്ച തെളിവ് നിങ്ങളുടെ ജമാഅത്ത് തന്നെയാണ് എന്നും നിങ്ങളുടെ ജൽസയുടെ ഈ സമാധാനപരമായ അന്തരീക്ഷമാണ് എന്നും മനസ്സിലായി. ഇത്രയും വലിയതും വിശാലവുമായ ജനക്കൂട്ടം ഉണ്ടായിരുന്നിട്ടും എല്ലാ ഭാഗത്തും സമാധാനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും അന്തരീക്ഷമുണ്ടായിരുന്നു. ജൽസയുടെ അവസാന ദിവസം അവർ ടി.എൻ ടി.വി ചാനലിൽ ജൽസയുടെ ലൈവ് സംപ്രേഷണം സംപ്രേഷണം ചെയ്തു എന്ന് അദ്ദേഹം പറയുന്നു, അതുവഴി ഈ അന്തരീക്ഷം കാഴ്ചക്കാർക്കും കാണിച്ചുകൊടുക്കാൻ വേണ്ടിയും, ഇസ്ലാം സമാധാനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും മതമാണെന്ന് ഊന്നിപ്പറയാൻ വേണ്ടിയും, ജമാഅത്തിനെ ഒരു തെളിവായി അവതരിപ്പിക്കുകയും ചെയ്തു. അദ്ദേഹം സ്വയം കത്തോലിക്കനാണ്, അദ്ദേഹം പറയുന്നു, നിങ്ങളുടെ ഖലീഫയുടെ ജൽസയുടെ ഉദ്ഘാടന പ്രഭാഷണം എനിക്ക് ഇഷ്ടപ്പെട്ടു, അതിൽ തഖ്‌വയെക്കുറിച്ചാണ് അദ്ദേഹം സംസാരിച്ചത്. അതാണ് എല്ലാ മതത്തിന്റെയും അടിസ്ഥാനം. ഒരു ക്രിസ്തീയൻ എന്ന നിലയിൽ ഈ വശത്തിന്റെ കാര്യത്തിൽ എന്റെ അറിവും തിരിച്ചറിവും ഒരുപാട് വർദ്ധിപ്പിക്കാൻ എനിക്ക് അവസരം ലഭിച്ചു എന്ന് അദ്ദേഹം പറയുന്നു.

ലിത്തോണിയയിൽ നിന്നുള്ള സോതേലാന മാർകി വിച്നെ സാഹിബ് പറയുന്നു: ജൽസ സാലാനയുടെ അവസരത്തിൽ മുസ്ലീങ്ങൾക്കിടയിൽ ജീവിച്ചുകൊണ്ട് അവരുടെ രീതികളും ശീലങ്ങളും അടുത്തുനിന്ന് കാണാൻ അവസരം ലഭിച്ചു. പുതിയതായി ധാരാളം കാര്യങ്ങൾ പഠിച്ചു. ജമാഅത്തിന്റെ ഇമാമിന്റെ സ്ത്രീകളോടുള്ള പ്രഭാഷണം കേട്ടുകൊണ്ട് ഇസ്ലാമിലെ സ്ത്രീയുടെ സ്ഥാനത്തെക്കുറിച്ച് എന്റെ പല തെറ്റിദ്ധാരണകളും അകന്നു. സ്ത്രീക്ക് ബഹുമാനവും സംരക്ഷണവും അടിസ്ഥാന അവകാശങ്ങളും നല്കാൻ ഇസ്ലാം പഠിപ്പിക്കുന്നു എന്ന് അറിഞ്ഞതിൽ സന്തോഷമുണ്ടായി. പ്രഭാഷണം വളരെ സന്തുലിതവും തെളിവുകളുള്ളതും ഹൃദയസ്പർശിയുമായിരുന്നു, അത് ഇസ്ലാമിനെക്കുറിച്ച് കൂടുതൽ പോസിറ്റീവായ രീതിയിൽ ചിന്തിക്കാൻ എനിക്ക് അവസരം നല്കി.

സ്വിറ്റ്സർലൻഡിൽ നിന്നുള്ള ഐക്യരാഷ്ട്രസഭയുടെ ഹ്യൂമൻ റൈറ്റ്സ് കൺസൾട്ടന്റായ ജൂലിയ പെർട്ടിസി പറയുന്നു. എനിക്ക് അതൊരു സവിശേഷമായ അനുഭവമായിരുന്നു, സമ്മേളനത്തിൽ പങ്കെടുത്തതിലൂടെ മുമ്പ് എനിക്ക് പരിമിതമായ അറിവുകൾ മാത്രമുണ്ടായിരുന്ന ഒരു മതപരമായ സമൂഹത്തെ അടുത്തുനിന്ന് കാണാനും മനസ്സിലാക്കാനും എനിക്ക് അവസരം ലഭിച്ചു. സന്നദ്ധപ്രവർത്തകരുടെയും പങ്കെടുക്കുന്നവരുടെയും അതിഥി സൽക്കാരവും നല്ല സ്വഭാവവും സഹകരണവും എന്നെ വളരെ സ്വാധീനിച്ചു. എല്ലാവരും പുഞ്ചിരിയോടെയാണ് കണ്ടുമുട്ടുന്നത്. ചോദ്യങ്ങൾക്ക് ഉത്തരം തരുന്നു, ഞങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരം നല്കാൻ എപ്പോഴും അവർ തയ്യാറാണ്. അക്കാരണത്താൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ചരിത്രവും സമ്പ്രദായങ്ങളും അടിസ്ഥാന മൂല്യങ്ങളും മികച്ച രീതിയിൽ മനസ്സിലാക്കാൻ എനിക്ക് അവസരം ലഭിച്ചു. വിവിധ പ്രദർശനങ്ങളെക്കുറിച്ചും അവർ പ്രശംസിച്ചിട്ടുണ്ട്, ചരിത്രം, മനുഷ്യസേവന പദ്ധതികൾ, എല്ലാ മേഖലകളിലും മാനവ സേവനങ്ങൾ എന്നിവ ഫലപ്രദമായ രീതിയിൽ അവതരിപ്പിച്ച വളരെ രസകരമായ പ്രദർശനങ്ങൾ ആയിരുന്നു അവ. സ്ത്രീകളുടെ പങ്കാളിത്തത്തെക്കുറിച്ചുള്ള പ്രദർശനം എനിക്ക് പ്രത്യേകിച്ചും അറിവ് നല്കുന്നതായി മാറി, കാരണം ജമാഅത്തിന്റെ സ്വന്തം കാഴ്ചപ്പാടിലൂടെ ഈ വിഷയം മനസ്സിലാക്കാൻ അത് എനിക്ക് അവസരം നല്കി.

ഇറ്റലിയിലെ ടൂറിനിൽ നിന്നുള്ള പ്രൊഫസർ ഫെദറിക സോണ സാഹിബ പറയുന്നു, ജൽസ സാലാനയിൽ അവർക്ക് ദീർഘവീക്ഷണത്തിന്റെയും ആത്മീയതയുടെയും മനോഹരമായ ഒരു സങ്കലനം കാണാൻ കഴിഞ്ഞു, ദീർഘവീക്ഷണത്തിന്റെയും ആത്മീയതയുടെയും മനോഹരമായ ഒരു സങ്കലനം അവർക്ക് കാണാൻ കഴിഞ്ഞു. യുക്തിസഹമായ കാഴ്ചപ്പാടിൽ നോക്കുകയാണെങ്കിൽ, മുഴുവൻ ക്രമീകരണവും കാറ്റ് ഒഴുകുന്നത് പോലെ എത്ര മനോഹരമായാണ് നടന്നുപോകുന്നത് എന്നത് അത്ഭുതപ്പെടുത്തുന്ന കാര്യമായിരുന്നു. വെള്ളം കുടിപ്പിക്കുന്ന ഡ്യൂട്ടിയിലുള്ള ഏറ്റവും ചെറിയ സന്നദ്ധപ്രവർത്തകർ മുതൽ മുതിർന്ന പ്രായത്തിലുള്ള പ്രവർത്തകർ വരെ എല്ലാവരിലും സദുദ്ദേശ്യം, അതിഥിസൽക്കാരം, സത്സ്വഭാവം, പുഞ്ചിരി എന്നിവ പൊതുവായി ഉണ്ടായിരുന്നു. വൈകാരികമായി ഞാൻ പറയുന്നു, ഒരു വലിയ അന്താരാഷ്ട്ര കുടുംബത്തിലേക്ക് ഞാൻ സ്വാഗതം ചെയ്യപ്പെടുകയാണെന്ന് അനുഭവപ്പെട്ടു. അതിഥിയെ സന്തോഷത്തോടെ സ്വീകരിക്കുന്നു, ശ്രദ്ധയോടും സ്നേഹത്തോടും കൂടി പെരുമാറുന്നു. അവർ പറയുന്നു, എന്നോട് പുഞ്ചിരി പങ്കുവെച്ച, വഴി കണ്ടെത്താൻ സഹായിച്ച, അല്ലെങ്കിൽ അവരുടെ ജീവിതത്തിലെ അനുഭവങ്ങൾ – ചിലപ്പോൾ വേദനാജനകമായത്, ചിലപ്പോൾ സന്തോഷകരമായത്, ചിലപ്പോൾ പ്രകാശമുള്ളത് – പങ്കുവെച്ച പല പുരുഷന്മാരെയും സ്ത്രീകളെയും കുട്ടികളെയും എനിക്ക് കാണാൻ കഴിഞ്ഞു. പ്രത്യേകിച്ച് ആത്മീയവും സൂക്ഷ്മവുമായ വശങ്ങളെക്കുറിച്ച് പരാമർശിച്ചുകൊണ്ട് അവർ പറയുന്നു, ചില സുഹൃത്തുക്കൾ അവരുമായി പങ്കുവെച്ച വ്യക്തമായ സ്വപ്നങ്ങളിലെ മുൻകൂട്ടിയുള്ള വിവരങ്ങൾ പോലുള്ള സംഭവങ്ങൾ വളരെ സ്വാധീനിച്ചിരിക്കുന്നു. ഈ ജമാഅത്ത് ഭൂമിശാസ്ത്രപരമായ അതിരുകൾക്കതീതമായ ഒരു വലിയതും ഐക്യമുള്ളതുമായ കുടുംബമാണെന്ന് അവർ പറയുന്നു.

റോമിലെ മതങ്ങളുടെ സോഷ്യോളജി സ്കോളറായ മിസ്റ്റർ ഐദൻ സാഹിബ് പറയുന്നു, ഏറ്റവും ആദ്യം കണ്ണിൽപെടുന്ന കാര്യം, വളരെയധികം ദേശീയതകളും ഭാഷകളും സംസ്കാരങ്ങളും ഒരിടത്ത് ഒത്തുകൂടിയിരിക്കുന്നു. വിവിധ രാജ്യങ്ങളുടെ പതാകകൾ ജമാഅത്തിന്റെ പതാകയോടൊപ്പം ഉയർത്തുന്ന ചടങ്ങ് ഈ അന്താരാഷ്ട്ര ഐക്യത്തെ പ്രകടമാക്കുന്നു. അതായത് വിവിധ രാഷ്ട്രങ്ങൾ തങ്ങളുടെ വ്യക്തിത്വം നഷ്ടപ്പെടുത്താതെ ഒന്നിച്ചുജീവിക്കുന്ന ഒരു ചെറിയ ലോകം. മതപരമായ സോഷ്യോളജിയുടെ വിദ്യാർത്ഥി എന്ന നിലയിൽ, ഒരു മതപരമായ ജമാഅത്തിന് എങ്ങനെയാണ് പ്രാദേശിക ഐഡന്റിറ്റിയെയും ആഗോള ഐക്യത്തെയും ഒരുമിച്ച് കൊണ്ടുപോകാൻ കഴിയുന്നത് എന്ന് കാണാൻ എനിക്ക് അവസരം ലഭിച്ചു എന്ന് അദ്ദേഹം പറയുന്നു. അതുപോലെ അദ്ദേഹം അതിഥിസൽക്കാരത്തെയും പ്രവർത്തകരെയും വളരെ അധികം പ്രശംസിച്ചു.

കാനഡയിലെ സ്റ്റോണി നകോഡ ഫസ്റ്റ് നേഷനിൽ നിന്നുള്ളയാളാണ്, അദ്ദേഹത്തിന്റെ പേര് റെവന്റോണി സ്നോ സാഹിബ്. അദ്ദേഹം പറയുന്നു, ഇത്രയും വലിയ വിശാലമായ സമ്മേളനം കാണുന്നത് എനിക്ക് വളരെ ഹൃദയാവർജകമായിരുന്നു. ഇവിടെ മികച്ച ക്രമീകരണങ്ങൾ ചെയ്യപ്പെട്ടിരുന്നു, ഓരോ വ്യക്തിയും തന്റെ കഴിവനുസരിച്ച് കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ പൂർണമായ പരിശ്രമം നടത്തിക്കൊണ്ടിരുന്നു, അദ്ദേഹം പറയുന്നു ഈ കാര്യം എളുപ്പമല്ല, എന്നാൽ ഈ കാര്യം നടന്നുകൊണ്ടിരുന്ന ആവേശം എന്നെ വളരെ സ്വാധീനിച്ചിരിക്കുന്നു.

തുർക്കിയിൽ നിന്ന്, ജമാഅത്തിന് പുറത്തുള്ള അതിഥിയായ പ്രൊഫസർ മത്തീൻ ബോസാൻ സാഹിബ്, അദ്ദേഹം ദജ്‌ല യൂണിവേഴ്സിറ്റിയിലെ പ്രൊഫസറാണ്, മതങ്ങളുടെ ചരിത്ര വിഭാഗത്തിന്റെ ഇസ്ലാമിക മേധാവിയാണ്, തന്റെ മേൽനോട്ടത്തിൽ ജമാഅത്തിനെക്കുറിച്ച് വിദ്യാർത്ഥികളെക്കൊണ്ട് തീസിസും എഴുതിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു: ജൽസയുടെ ഓരോ ക്രമീകരണത്തിലും ഓരോ കാര്യത്തിലും സമ്പൂർണ്ണമായ ഡിസിപ്ലിൻ കാണാൻ കഴിഞ്ഞു. അദ്ദേഹം പറയുന്നു: അല്ലാഹുവിനെയും റസൂലിനെയും പരലോകത്തെയും പോലുള്ള വിശ്വാസത്തിന്റെ നിബന്ധനകളെയും ഇസ്ലാമിന്റെ നിബന്ധനകളെയും അംഗീകരിക്കുന്ന ഏതൊരു വ്യക്തിയെയും ഞങ്ങൾ മുസ്ലീമായി കണക്കാക്കുന്നു. അവരെ കാഫിറാക്കി മുദ്രകുത്തുന്നത് ശരിയല്ലെന്ന് കരുതുന്നു എന്നത് ഞങ്ങളുടെ താത്വികമായ

കാഴ്ചപ്പാടാണ്. അതിനാൽ ഞങ്ങളുടെ കാഴ്ചപ്പാടിൽ അഹ്മദികളും മുസ്ലീങ്ങളാണ്. പാകിസ്ഥാനിലെ ഉലമാക്കൾക്ക് ഈ കാര്യം മനസ്സിലാക്കാൻ കഴിഞ്ഞിരുന്നെങ്കിൽ! തുടർന്ന് അദ്ദേഹം പറയുന്നു: ജമാഅത്തിന്റെ അന്താരാഷ്ട്ര സമാധാനത്തിനും സുരക്ഷയ്ക്കും വേണ്ടിയുള്ള പ്രയത്നങ്ങളെ ഞാൻ വളരെ അധികം അഭിനന്ദിക്കുന്നു. അതുപോലെ അദ്ദേഹം എല്ലാ അവസരങ്ങളിലും പുരുഷന്മാർക്കും സ്ത്രീകൾക്കും വെവ്വേറെയുള്ള ക്രമീകരണങ്ങൾ കണ്ടു. അദ്ദേഹം ജമാഅത്തിൽ ഇസ്ലാമിക പർദയുടെ അധ്യാപനത്തിന് പ്രത്യേക പരിഗണന നൽകപ്പെടുന്നുണ്ടെന്ന നിഗമനത്തിലെത്തി.

ഫ്രാൻസിൽ നിന്നുള്ള, കോർഡിനേഷൻ അസോസിയേഷനായ ഫ്രീഡം കോൺഷ്യസിന്റെ പ്രസിഡന്റായ തേരി വാലെ സാഹിബ് പറയുന്നു, കുറ്റമറ്റ ക്രമീകരണങ്ങളും സമാധാനപരമായ അന്തരീക്ഷവും വലിയൊരു ശാന്തതയും ഉണ്ടായിരുന്നു. ജമാഅത്തിന്റെ ഇമാമിന്റെ സമാപന പ്രഭാഷണം യഥാർത്ഥത്തിൽ ഒരു വലിയ മാർഗ്ഗദീപവും ഹൃദയത്തെ സ്വാധീനിക്കുന്നതുമായിരുന്നു. നമുക്കായി നമ്മൾ സ്ഥാപിക്കേണ്ട ഉയർന്ന മാതൃകകളെയും നമ്മളെല്ലാം നിർമ്മിക്കാൻ പരിശ്രമിക്കേണ്ട സമാധാനപരമായ ലോകത്തെയും അത് ഓർമ്മിപ്പിച്ചു. അദ്ദേഹം തുടർന്ന് പറയുന്നു: ഇവിടെ എനിക്ക് ലഭിച്ച ഈ അനുഭവത്തിന് ഞാൻ വലിയ നന്ദി പ്രകടിപ്പിക്കുന്നു. ലോകത്ത് സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശം അഹ്മദിയ്യാ ജമാഅത്ത് നല്കുന്നുണ്ട്. അതിന്റെ പ്രായോഗിക തെളിവ് നൂറിലധികം രാജ്യങ്ങളിൽ നിന്നുള്ള ആളുകൾ ഒരു പൂച്ചെണ്ട് പോലെ ഒത്തുകൂടിയിരിക്കുന്നതായാണ് ഞാൻ കണ്ടത്. അതിന്റെ പരിമളം ഞാൻ നേരിട്ട് അനുഭവിച്ചു.

ബെൽജിയത്തിൽ നിന്നുള്ള ഒരു മാധ്യമപ്രവർത്തകൻ പറയുന്നു, ഞാൻ മുമ്പും ഇതിൽ പങ്കെടുത്തിട്ടുണ്ട്, എന്നാൽ ഈ വർഷം സ്ത്രീകൾക്ക് മതപരമായ വിദ്യാഭ്യാസം മാത്രമല്ല, ലൗകിക വിദ്യാഭ്യാസവും നേടാനും ലോകത്തിലെ എല്ലാ മേഖലകളിലും മുന്നേറാനും പ്രോത്സാഹനം നൽകിക്കൊണ്ടുള്ള ജമാഅത്തിന്റെ ഇമാമിന്റെ സ്ത്രീകളോടുള്ള പ്രഭാഷണം എന്നെ ഹഠാദാകർഷിച്ചു.

അതുപോലെ ജപ്പാനിൽ നിന്നുള്ള പ്രൊഫസർ മേനെസാക്കി ഹിരോകോ സാഹിബ, അവർ അഹ്മദിയാ ജമാഅത്തിനെക്കുറിച്ച് ഒരു ഗവേഷണ പുസ്തകം തന്നെ തയ്യാറാക്കിയിട്ടുണ്ട്. അതിനായി അവർ റബ്വയിലും ഖാദിയാനിലും പോയിട്ടുണ്ട്, വിവിധ സ്ഥലങ്ങളിലും പോയിട്ടുണ്ട്. അവർക്ക് ആഴത്തിലുള്ള അറിവുണ്ട്. അവർ പറയുന്നു, ഒരു ജർമ്മൻ യുവാവിനെ എനിക്ക് ജൽസയിൽ വച്ച് കാണാനിടയായി. അവൻ അന്ന് തന്നെയാണ് ബൈഅത്ത് ചെയ്തത്. ബൈഅത്ത് ചെയ്യാൻ താങ്കളെ പ്രേരിപ്പിച്ചത് എന്താണ് എന്ന് ഞാൻ അവനോട് ചോദിച്ചു. അവൻ പറഞ്ഞു: ജൽസയുടെ അന്തരീക്ഷവും അഹ്മദികളുടെ സാഹോദര്യവും പരസ്പര സ്നേഹവുമാണ് എന്നെ നിർബന്ധിതനാക്കിയത്. അതുപോലെ ഡ്യൂട്ടിയിലുള്ളവരെ അവർ വളരെ അധികം പ്രശംസിച്ചു.

അതുപോലെ ആർച്ചി സാഹിബ് അദ്ദേഹം ഇന്തോനേഷ്യക്കാരനാണ്, ഗ്രീസിൽ തന്റെ ഗ്രീക്കുകാരിയായ നവ അനഹ്മദിമുസ്ലീമായ ഭാര്യയോടൊപ്പം താമസിക്കുന്നു. പറയുന്നു: ക്ഷണം ലഭിച്ചപ്പോൾ ഞാൻ ചിന്തിച്ചത് ഇതൊരു ആത്മീയ യാത്രയാണ്, എന്നെ അല്ലാഹുവിനോട് അടുപ്പിക്കും എന്നാണ്. അതിനാൽ ഞാൻ ഗ്രീസ് വിട്ട് ഇവിടെ വന്നു, കാലത്തിന്റെ ഖലീഫയുടെ പ്രഭാഷണങ്ങൾ എനിക്കുമേൽ വലിയ സ്വാധീനം ചെലുത്തി. പ്രവർത്തകർ ചെയ്ത സേവനങ്ങൾ എനിക്ക് മേൽ വലിയ സ്വാധീനം ചെലുത്തി.

ലേട്വിയയിൽ നിന്നുള്ള അതിഥിയാണ് നർമൊണ്ടൂർ സെൻസ്, അദ്ദേഹം പൊളിറ്റിക്കൽ സയൻസിൽ മാസ്റ്റേഴ്സ് ചെയ്തിട്ടുള്ളയാളാണ്. അദ്ദേഹത്തിന്റെ പ്രബന്ധം പാകിസ്ഥാനിൽ അഹ്മദികൾക്കെതിരെയുള്ള അതിക്രമങ്ങളും അനീതികളും എന്ന വിഷയത്തിലായിരുന്നു. അദ്ദേഹം ഇവിടെ പങ്കെടുത്തു. അദ്ദേഹം പറയുന്നു, ജൽസയ്ക്കിടയിൽ ഇസ്ലാമിനെയും അഹ്മദിയ്യത്തിനെക്കുറിച്ചും എനിക്കുണ്ടായിരുന്ന എന്റെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം ലഭിച്ചു.

പിന്നെ ഗ്രീസിലെ സംഘത്തിലെ ഒരു അതിഥി വനിതയുണ്ടായിരുന്നു, അവർ പറയുന്നു, ഇതൊരു മനോഹരമായ അനുഭവമായിരുന്നു. സന്നദ്ധപ്രവർത്തകരിൽ ഓരോരുത്തരും അതിഥികളോട് വളരെ സൗഹൃദപരവും സഹായകരവുമായിരുന്നു. പ്രദർശനങ്ങൾ വളരെ മികച്ചതായിരുന്നു, പ്രത്യേകിച്ചും റിവ്യൂ ഓഫ് റിലിജിയൻസിന്റെ ഇസ്ലാമിന്റെ ചരിത്രത്തെക്കുറിച്ചുള്ള പ്രദർശനം. ഞാൻ മണിക്കൂറുകളോളം ചെലവഴിക്കാൻ ആഗ്രഹിച്ചു. പുരാവസ്തുക്കളെക്കുറിച്ച് എനിക്ക് പറഞ്ഞുതന്നു. എല്ലാ പ്രശംസകൾക്കും ശേഷം അവർ പറയുന്നു: എനിക്ക് ഇഷ്ടപ്പെടാത്ത ഒരു കാര്യം, ചില സ്ത്രീകൾ ഇസ്ലാമിക ഡ്രസ് കോഡ് അതായത് പർദ ശരിയായ രീതിയിൽ പാലിക്കുന്നില്ലായിരുന്നു, ചില പുരുഷന്മാർ ഗസ്സെ ബസർ (കണ്ണുകൾ താഴ്ത്തുക) ചെയ്യുന്നതിൽ ദൗർബല്യം കാണിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ഞാൻ ഇക്കാര്യത്തിൽ പ്രത്യേകം ഉണർത്തിയിരുന്നു. അതിനാൽ നെഗറ്റീവ് കമന്റുകളെയും നമ്മൾ നമ്മുടെ നന്മയ്ക്കായി, കേൾക്കുകയും അതെ കുറിച്ച് ചിന്തിക്കുകയും വേണം.

അതുകൊണ്ട് അശ്രദ്ധ കാണിച്ചുകൊണ്ടിരിക്കുന്നവർ ഓർക്കണം, നമ്മെ അന്യർ വളരെ സൂക്ഷ്മമായി വീക്ഷിക്കുന്നുണ്ട്, ഇസ്ലാമിന്റെ യഥാർത്ഥ ചിത്രത്തിന് കളങ്കം വരുത്തുന്ന യാതൊരു അവസരവും നാം അവർക്ക് നൽകാൻ പാടില്ല, മറിച്ച് ജൽസയുടെ പ്രഭാഷണങ്ങൾക്കിടയിൽ നമ്മെക്കുറിച്ച് വിരൽ ചൂടാൻ തക്കവണ്ണം അന്യർക്ക് അവസരം കൊടുക്കരുത് എന്ന ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഈ ഉദ്ധരണിയും ഞാൻ വായിച്ചിരുന്നു.

പോളണ്ടിൽ നിന്നുള്ള പോവേജക് ലിമന്തോവേച്ച്, ഇവരുടെ പേരുകൾ കുറച്ചു ബുദ്ധിമുട്ടുള്ളതാണ്, ഏതായാലും ഇദ്ദേഹം മനുഷ്യാവകാശങ്ങളുടെ പ്രൊഫസറാണ്, യൂണിവേഴ്സിറ്റിയുടെ മുൻചാൻസലറുമാണ്. നിയമം പഠിപ്പിക്കുന്നു. അദ്ദേഹം പറയുന്നു, ക്രമീകരണങ്ങൾ കണ്ടുകൊണ്ട് വളരെ അധികം സ്വാധീനിക്കപ്പെട്ടു. ജമാഅത്തിന്റെ ഇമാമുമായുള്ള എന്റെ കൂടിക്കാഴ്ചയുടെ അനുഭവങ്ങളും വികാരങ്ങളും പ്രകടിപ്പിക്കാൻ എന്റെ പക്കൽ വാക്കുകളില്ല. വ്യക്തിപരമായി എന്നോട് അദ്ദേഹം സംസാരിച്ചു, വളരെ അധികം സ്വാധീനിക്കപ്പെട്ടു എന്ന് അദ്ദേഹം പറയുന്നു. ഞാൻ ഇവിടെ നിന്ന് എന്തൊക്കെ പഠിച്ചുവോ, അത് ഇനി ഞാൻ എന്റെ വിദ്യാർത്ഥികളിലേക്ക് എത്തിക്കും, അതുവഴി അവർക്ക് ഇസ്ലാമിക അധ്യാപനങ്ങളുടെ യഥാർത്ഥ അർത്ഥങ്ങൾ മനസ്സിലാകും.

ചില സംഭവങ്ങൾ ഞാൻ എടുത്തിരുന്നു, അവയിൽ നിന്നും ഏതാനും ചില സംഭവങ്ങൾ മാത്രമേ ഞാൻ വിവരിച്ചിട്ടുള്ളു.

ഈ ദിവസങ്ങളിൽ ഞാൻ പറഞ്ഞതുപോലെ പ്രസ് സെക്ഷന്റെ ഭാഗത്തുനിന്നും യു.കെയുടെ പ്രസ്സിന്റെ ഭാഗത്തുനിന്നും ധാരാളം കവറേജ് ലഭിച്ചിട്ടുണ്ട്, ബ്രിട്ടനിലെ പ്രമുഖ പത്രമായ ഭദ ടൈംസ്ഭ അത് അതിന്റെ ഫ്രണ്ട് പേജിൽ വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. മറ്റ് പ്രസ്സിന്റെ ഭാഗത്തുനിന്നുമുണ്ടായി. മീഡിയ കവറേജ് പ്രിന്റ് ആർട്ടിക്കിളുകളുടെ എണ്ണം പതിനാറാണ. ആകെ വായനക്കാരുടെ എണ്ണം ഒരു കോടിയാണ്. റേഡിയോ പ്രോഗ്രാമുകൾ മുപ്പത്തിയഞ്ചുണ്ടായി. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് പത്തിന്റെ വർദ്ധനവുണ്ട്. ടി.വി പ്രോഗ്രാമുകൾ ആറുണ്ടായി, അത് കണ്ടവരുടെ എണ്ണം എഴുപത്തിരണ്ട് ലക്ഷമാണെന്നാണ് കണക്കാക്കുന്നത്. സോഷ്യൽ മീഡിയയിൽ അഞ്ച് ലക്ഷത്തി മുപ്പതിനായിരം വ്യൂസ് ഉണ്ടായി, യു.കെ സെക്ഷനിൽ കോടികൾ കാണികളുണ്ടായി എന്നാണ് അവരുടെ ഒരു റിപ്പോർട്ട്. മൊത്തത്തിലുള്ള കവറേജ് അഞ്ച് കോടി ഇരുപത്തിയെട്ട് ലക്ഷം ആളുകളിലേക്കാണ് എത്തിയിട്ടുള്ളത്. പ്രസ് ആൻഡ് മീഡിയയിലൂടെയും ഏകദേശം പന്ത്രണ്ട് വ്യത്യസ്ത പത്രങ്ങളും ടെലിവിഷൻ ചാനലുകളും കവർ ചെയ്തു, അതിൽ പ്രശസ്തമായ നാഷണൽ ചാനലുകളും പത്രങ്ങളും ഉൾപ്പെടുന്നു.

മാധ്യമപ്രവർത്തകരുടെ അഭിപ്രായങ്ങൾ:

ഒരു മാധ്യമപ്രവർത്തക പറയുന്നു, അവസാന ദിവസം ബൈഅത്ത് കണ്ടതിനുശേഷം ഞാൻ വളരെ അധികം സ്വാധീനിക്കപ്പെട്ടിരിക്കുന്നു. വികാരങ്ങൾ കൊണ്ട് എന്റെ കണ്ണുകൾ നിറഞ്ഞുപോയി. ലോകത്ത് ഞാൻ ഒരിക്കലും കാണാത്ത തരത്തിലുള്ള ഒരു കാഴ്ചയായിരുന്നു അത്. ലോകത്ത് മറ്റാർക്കും. എപ്പോഴെങ്കിലും അത്തരത്തിലുള്ള ഒരു അനുഭവവും അത്തരത്തിലുള്ള ചടങ്ങും സംഘടിപ്പിക്കാൻ കഴിയുമെന്ന് ഞാൻ കരുതുന്നില്ല. ഈ കാഴ്ച ശ്വാസം അടക്കിപിടിച്ചു നിർത്തുന്ന ഒന്നായിരുന്നു. ഞാൻ പൂർണമായും അതിന്റെ ലഹരിയിലാണ്. അതുപോലെ മറ്റ് ആളുകളുടെ അഭിപ്രായങ്ങളുമുണ്ട്. എം.ടി.എ ആഫ്രിക്കയുടെ ഭാഗത്തുനിന്നും വലിയ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഇരുപത് മാധ്യമപ്രവർത്തകർ ഇവിടെ പങ്കെടുത്തിരുന്നു, അവർ നൂറ്റിയിരുപത്തിഏഴ് റിപ്പോർട്ടുകൾ അയച്ചു. ആറ് കോടി മുപ്പത് ലക്ഷത്തിലധികം വീടുകളിലേക്ക് ജൽസയുടെ വാർത്ത എത്തി. ആഫ്രിക്ക ജൽസ സാലാന ആഫ്രിക്കയുടെ പതിനെട്ടിലധികം ചാനലുകളുടെ തത്സമയ വാർത്ത സംപ്രേഷണം ചെയ്യപ്പെട്ടു. പ്രഭാഷണങ്ങൾ സംപ്രേഷണം ചെയ്യപ്പെട്ടു.

**• ഹദീഥുന്നബവി ﷺ •**

**“അൽഅഅ്മാലു ബിൽ ഖവാതീമി”**

**കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.**

ത്വാലിബെ ദുആ
**RAHMAN SHAKEER & FAMILY**
AHMADIYYA JAMA-ATH KARULAI, KERALA

സംപ്രേഷണത്തിന്റെ റീച്ച് മൂന്ന് കോടി അമ്പതി ലക്ഷത്തിലധികം ആളുകളിലേക്കാണ്. ആഫ്രിക്കയിലെ അനഹമദി കാഴ്ചക്കാരുടെ അഭിപ്രായങ്ങൾ ഇപ്രകാരമണ്,

സിയേറ ലിയോണിലെ ഭടന്റോ ഫോർഭ ഗ്രാമത്തിൽ നിന്നുള്ള പാസ്റ്റർ ജോർജ് പറയുന്നു, തൊഴിൽ പരമായി ഞാൻ ഒരു അധ്യാപകനാണ്, സിയേറ ലിയോണിലെ ടെന്റോ ഫോർ ഗ്രാമത്തിലാണ് ഞാൻ താമസിക്കുന്നത്. ഞാൻ ഒരു അഹ്മദീ മുസ്ലീം അല്ല. ബ്രിട്ടനിലെ ജൽസ സാലാനയുടെ മൂന്ന് ദിവസങ്ങൾക്കിടയിൽ എന്നെ ഏറ്റവും കൂടുതൽ സ്വാധീനിച്ച കാര്യം, അഹ്മദീ മുസ്ലീങ്ങൾക്ക് ഖിലാഫത്തുമായുള്ള ആഴത്തിലുള്ള സ്നേഹവും, ഏത് രാജ്യത്തുനിന്നുള്ളവരായാലും ശരി, മുഴുവൻ മനുഷ്യരാശിക്കും വേണ്ടിയുള്ള അവരുടെ ഭാഗത്തുനിന്നുള്ള സമാധാനം, സ്നേഹം, വിശ്വസ്തത, ആദരവ് എന്നിവയുടെ പ്രകടനവുമായിരുന്നു. അദ്ദേഹം പറയുന്നു, എനിക്ക് ഞായറാഴ്ച ചർച്ചിൽ പോകേണ്ടതുണ്ടായിരുന്നു, എന്നാൽ ഞാൻ മസ്ജിദിൽ പോയി ആഗോള ബൈഅത്ത് കാണാൻ തീരുമാനിച്ചു, അവിടെ ഞാൻ കണ്ട കാര്യങ്ങൾ എന്റെ സങ്കല്പത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു. ലോകമെമ്പാടും അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ഇത്രയും വേഗത്തിൽ പടർന്നുപിടിക്കുന്നത് എന്തുകൊണ്ടാണെന്ന് ഇപ്പോൾ എനിക്ക് മനസ്സിലായി.

അതുപോലെ വേറെയും ധാരാളം പാസ്റ്റർമാരും ഉന്നതവിദ്യാഭ്യാസം നേടിയവരും അവരുടെ അഭിപ്രായങ്ങൾ അറിയിച്ചിട്ടുണ്ട്. ജമാഅത്തിന്റെ എല്ലാ വ്യക്തികളിലും ഈ ജൽസയുടെ നല്ല സ്വാധീനങ്ങൾ അല്ലാഹു നിലനിർത്തട്ടെയെന്നും അതുപോലെ ആളുകൾക്കും മാർഗ്ഗനിർദ്ദേശം നല്കട്ടെയെന്നും യഥാർഥ ഇസ്ലാമിലേക്കും അഹ്മദിയ്യത്തിലേക്കും അവരെ ആകർഷിക്കട്ടെയെന്നും ഞാൻ ദുആ ചെയ്യുന്നു.

(അംനാസ്. പി.കെ)

പേജ് 16 ൽ നിന്ന്

മാത്രം നിവേദനം ചെയ്ത കാര്യത്തിലോ അല്ലെങ്കിൽ മറ്റ് നിവേദകരുമായി അഭിപ്രായവ്യത്യാസമുള്ളപ്പോഴോ ഒരു ബുദ്ധിജീവിക്കും ആധികാരികമായി സ്വീകരിക്കാൻ കഴിയില്ല. വല്ലാഹു അഅ്‌ലമു ബിസ്സവാബ്.

ഏതുവിധേനയും, ഞങ്ങളുടെ അന്വേഷണപ്രകാരം ആദ്യകാല ചരിത്രകാരന്മാരിൽ പെട്ടയാളാണെങ്കിലും മുഹമ്മദ് ബിൻ ഉമർ വാഖിദി പൂർണ്ണമായും വിശ്വസിക്കാൻ യോഗ്യനല്ല. മാത്രമല്ല, ആധികാരികമായ സീറത്ത് ഗ്രന്ഥങ്ങളുടെ കാര്യത്തിൽ, തിരുനബി (സ)യുടെ സീറത്തിന്റെയും ജീവചരിത്രത്തിന്റെയും അടിത്തറ പാകേണ്ടത് ഇബ്നു ഹിശാം, ഇബ്നു സഅ്ദ്, ഇബ്നു ജരീർ ത്വബരി എന്നീ മൂന്ന് ആദ്യകാല ചരിത്രകാരന്മാരുടെ മേൽ മാത്രമാണ്. ഈ ചരിത്രകാരന്മാർ നൽകുന്ന എല്ലാ നിവേദനങ്ങളും ശരിയും ആധികാരികവുമാണെന്നല്ല ഇത് അർത്ഥമാക്കുന്നത്. ചരിത്രകാരന്മാരുടെ കാര്യം നിൽക്കട്ടെ, മുഹദ്ദിസീതുകളുടെ കാര്യത്തിൽപോലും ഇത്തരത്തിലുള്ളൊരു അവകാശവാദം ഉന്നയിക്കാൻ കഴിയില്ല. മറിച്ച്, ഈ മൂന്ന് ചരിത്രകാരന്മാർ പൊതുവെ വിശ്വസനീയരാണ് എന്ന് സൂചിപ്പിക്കാനാണ് ഇത്; എങ്കിലും അശ്രദ്ധമൂലമോ ദുർബലരായ പരമ്പരമൂലമോ ചിലപ്പോൾ ചില നിവേദനങ്ങൾ തെറ്റായെന്ന് വരാം. എങ്കിലും, തിരുനബി(സ)യുടെ സീറത്തിന്റെ യഥാർത്ഥ വാഹകരായി അവരെ കണക്കാക്കാവുന്നതാണ്. എന്നിരുന്നാലും, അനുബന്ധ വിഷയങ്ങളുടെ പരിഹാരത്തിനായി, മുകളിൽ സൂചിപ്പിച്ച ഉള്ളടക്ക പട്ടികയിലെ ചരിത്ര ഗ്രന്ഥങ്ങൾ സഹായമായും ഉപയോഗിക്കാവുന്നതാണ്.

പേജ് 2 ൽ നിന്ന്

മനുഷ്യനുമായി ദൈവം സംസാരിക്കുന്നുണ്ടെന്ന് തീർച്ചയായും മനസ്സിലാക്കാനും കഴിയില്ല. എന്നാൽ തിരുനബി(സ)യുടെ ആഗമനത്തോടുകൂടി ഈ കഥകളെല്ലാം യാഥാർത്ഥ്യത്തിന്റെ രൂപത്തിലേക്ക് മാറി.' ഇപ്പോൾ കേവലം വാക്കുകൾ കൊണ്ടല്ല, മറിച്ച് അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ ഈ കാര്യം നന്നായി മനസ്സിലാക്കിയിട്ടുള്ളത്, അതായത് ഈ കാര്യങ്ങൾ കേവലം കേട്ടുകേൾവികളല്ല, മറിച്ച് അനുഭവത്തിലൂടെയാണ് നമ്മുടെ മുന്നിൽ വ്യക്തമായിട്ടുള്ളത്. 'ദൈവികമായ സംഭാഷണം എന്നാൽ എന്താണെന്ന് ഞങ്ങൾ നന്നായി മനസ്സിലാക്കുന്നു.' അവ വെറും കഥകളല്ലാതായി മാറി, മറിച്ച് അല്ലാഹു എങ്ങനെയാണ് സംസാരിക്കുന്നത്, എങ്ങനെയാണ് കൽപിക്കുന്നത്, എങ്ങനെയാണ് കേൾക്കുന്നത്, എങ്ങനെയാണ് കേൾപ്പിക്കുന്നത് എന്നെല്ലാം തിരുനബി(സ)യുടെ പവിത്രമായ കഴിവിനാൽ വെളിപ്പെട്ടു.

'അല്ലാഹുവിന്റെ അടയാളങ്ങൾ എങ്ങനെയാണ് വെളിപ്പെടുന്നതെന്നും, പ്രാർത്ഥനകൾ എങ്ങനെയാണ് അംഗീകരിക്കപ്പെടുന്നതെന്നും ഞങ്ങൾ തിരുനബി(സ)യെ പിൻപറ്റിക്കൊണ്ടാണ് നേടിയെടുത്തത്. മറ്റ് ജനങ്ങൾ കഥകളുടെ രൂപത്തിൽ വിവരിക്കുന്നതെല്ലാം ഞങ്ങൾ നേരിട്ട് കണ്ടു കഴിഞ്ഞു.'

അങ്ങനെ, ദൈവത്തെ പ്രതിഫലിപ്പിക്കുന്ന ഒരു പ്രവാചകന്റെ കൈപ്പിടിയാണ് ഞങ്ങൾ പിടിച്ചിരിക്കുന്നത്. വളരെ മനോഹരമായി ഒരു കവി പാടിയിരിക്കുന്നു:

محمدؐ عربی بادشاہِ ہر دوسرا کرے ہے روح قدس جس کے در کی دربانی

اسے خدا تو نہیں کہہ سکوں پہ کہتا ہوں کہ اس کی مرتبہ دانی میں ہے خدا دانی

***മുഹമ്മദ് അറബി(സ), ഇരുലോകങ്ങളുടെയും ചക്രവർത്തി***

***തിരുമേനിയുടെ ദർബാറിലെ കാവൽക്കാരനാണ് റൂഹുൽ ഖുദ്സ് (ജിബ്രീൽ)***

***എനിക്ക് നബിയെ ദൈവം എന്ന് വിളിക്കാൻ കഴിയുകയില്ല, എങ്കിലും ഞാൻ പറയുന്നു***

***നബിയുടെ പദവിയുടെ ആഴം അറിയുകയെന്നാൽ ദൈവത്തെ അറിയുക എന്നാണ്***

ശരീരങ്ങൾക്ക് സൂര്യൻ എന്നപോലെ, സദ്വൃത്തരുടെ ആത്മാക്കൾക്ക് സൂര്യനായിട്ടുള്ള അത്തരം ഒരു പ്രവാചകനെ പിൻപറ്റുന്നത്, ഞങ്ങൾക്ക് നൽകിയ ദൈവത്തിന് ഞങ്ങൾ ഏത് നാവുകൊണ്ടാണ് നന്ദി പറയുക? അതായത്, ഉത്തമ പ്രകൃതിയുള്ള മനുഷ്യരുടെ ആത്മാക്കൾക്ക് ഉന്മേഷം നൽകുന്നതിനും അവർക്ക് പ്രകാശം എത്തിക്കുന്നതിനും വേണ്ടിയുള്ള ഒരു സൂര്യനാണത്. നമ്മുടെ ശരീരത്തിന്റെ ആരോഗ്യത്തിന് ഒരു സൂര്യൻ ഉള്ളതുപോലെ. 'അത് അന്ധകാരത്തിന്റെ സമയത്ത് ഉദിക്കുകയും ലോകത്തെ തന്റെ പ്രകാശത്താൽ പ്രകാശമാനമാക്കുകയും ചെയ്തു. അറേബ്യയുടെ മുഴുവൻ ഭാഗങ്ങളും ശിർക്കിൽ നിന്ന് ശുദ്ധീകരിക്കപ്പെടുന്നത് വരെ അത് തളരുകയോ ക്ഷീണിക്കുകയോ ചെയ്തില്ല. അവിടുത്തെ സത്യത അവിടുന്ന് തന്നെയാണ് തെളിയിക്കുന്നത്, കാരണം അവിടുത്തെ പ്രകാശം എല്ലാ കാലഘട്ടത്തിലും നിലനിൽക്കുന്നുണ്ട്. അവിടുത്തെ യഥാർത്ഥ നിലയിൽ പിൻപറ്റുന്നത്, ശുദ്ധവും വ്യക്തവുമായ നദിയുടെ വെള്ളം അഴുക്കുള്ള തുണിയെ കഴുകി വെളുപ്പിക്കുന്നതുപോലെ മനുഷ്യനെ ശുദ്ധീകരിക്കുന്നു. ഈ പ്രകാശത്തെ നേരിൽ കണ്ടറിയാത്തതായി ആത്മാർത്ഥതയോടെ ആരാണ് ഞങ്ങളുടെ അടുക്കൽ വന്നിട്ടുള്ളത്? ആർക്കാണ് ഈ തുറക്കപ്പെട്ട വാതിൽ മുട്ടിയിട്ടും അത് തുറക്കപ്പെടാതിരുന്നിട്ടുള്ളത്?'

എന്നാൽ ഖേദകരം എന്ന് പറയട്ടെ, ഭൂരിഭാഗം മനുഷ്യരുടെയും ശീലം എന്നത്, അവർ ലൗകികമായ താഴ്ന്ന ജീവിതത്തെ ഇഷ്ടപ്പെടുകയും പ്രകാശം അവരുടെ ഉള്ളിലേക്ക് പ്രവേശിക്കാൻ ആഗ്രഹിക്കാതിരിക്കുകയും ചെയ്യുന്നു എന്നതാണ്.

*(ചശ്മെ മാരിഫത്ത് റൂഹാനീ ഖസാഇൻ, വാല്യം 23, പേജ് 301, 302, 303)*

*(അവ: അൽ ഫസൽ ഇന്റർനാഷണൽ 3 സെപ്റ്റംബർ 2026)*

• ഹദീഥുന്നബ്വി ﷺ •
"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.
tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

• ഹദീഥുന്നബ്വി ﷺ •
"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന
ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA ATH KARULAI, MALAPPURAM,KERALA.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ(റ)
സീറത്തുൽ മഹ്ദി(അ)
വിവ: എ.നാസിർ

# സിയാൽകോട്ടിലെ ജോലി

ഹദ്റത്ത് അമ്മാജാൻ (റ) പറയുന്നു : ഒരു തവണ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ യുവത്വകാലത്ത് നിങ്ങളുടെ പിതാമഹന്റെ പെൻഷൻ വാങ്ങാൻ പോയപ്പോൾ, മിർസാ ഇമാം ദീനും അദ്ദേഹത്തിന് പിന്നാലെ പോയിരുന്നു. അവിടുന്ന് പെൻഷൻ തുക കൈപ്പറ്റിയപ്പോൾ, അയാൾ തന്ത്രപൂർവ്വം കബളിപ്പിച്ച് അദ്ദേഹത്തെ ഖാദിയാനിലേക്ക് കൂട്ടിക്കൊണ്ടുവരുന്നതിന് പകരം പുറത്തേക്ക് കൊണ്ടുപോവുകയും ഇങ്ങോട്ടും അങ്ങോട്ടും കറക്കിക്കൊണ്ടിരിക്കുകയും ചെയ്തു. പിന്നീട് അയാൾ പണമെല്ലാം ധൂർത്തടിച്ച് തീർത്തപ്പോൾ അദ്ദേഹത്തെ ഉപേക്ഷിച്ച് വേറെ എവിടേക്കോ പോയി. ഹദ്റത്ത് മസീഹ് മൗഊദ്(അ) ലജ്ജ കാരണം വീട്ടിലേക്ക് മടങ്ങിയെത്തിയില്ല. നിങ്ങളുടെ വല്യുപ്പയുടെ ആഗ്രഹം അദ്ദേഹത്തെ എവിടെയെങ്കിലും ജോലിക്ക് കയറ്റണം എന്നായിരുന്നു. അങ്ങനെ അദ്ദേഹം സിയാൽകോട്ട് നഗരത്തിൽ ഡെപ്യൂട്ടി കമ്മീഷണറുടെ ഓഫീസിൽ തുച്ഛമായ ശമ്പളത്തിൽ ജോലിയിൽ പ്രവേശിക്കുകയും കുറച്ചുകാലം അവിടെ ജോലി ചെയ്യുകയും ചെയ്തു. പിന്നീട് നിങ്ങളുടെ വല്യുമ്മ രോഗബാധിതയായപ്പോൾ, ജോലി ഉപേക്ഷിച്ചു പോരാൻ ആവശ്യപ്പെട്ട് നിങ്ങളുടെ വല്യുപ്പ ഒരാളെ അയച്ചു. അതുകേട്ട് ഹദ്റത്ത് സാഹിബ് ഉടൻതന്നെ പുറപ്പെട്ടു. അമൃതസറിലെത്തി ഖാദിയാനിലേക്ക് വരാനായി ഒരു കുതിരവണ്ടി വാടകയ്ക്കെടുത്തു. ഈ അവസരത്തിൽ അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോകാൻ ഖാദിയാനിൽ നിന്ന് മറ്റൊരാളും അമൃതസറിലെത്തിയിരുന്നു. ആ വ്യക്തി പറഞ്ഞു: 'വണ്ടി വേഗത്തിൽ ഓടിക്കുക, കാരണം വല്യുമ്മയുടെ അവസ്ഥ വളരെ ഗുരുതരമാണ്. പിന്നീട് അൽപസമയത്തിന് ശേഷം അയാൾ പറഞ്ഞു: 'അവസ്ഥ വളരെ ഗുരുതരമായിരുന്നു, വേഗം പോകൂ, ഒരുപക്ഷേ അവർ വഫാത്തായിട്ടുണ്ടാകുമോ എന്തോ?.

അമ്മാജാൻ (റ) പറയുന്നു; ഹദ്റത്ത് സാഹിബ് പറയുമായിരുന്നു: അവർ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ ആ വ്യക്തി അങ്ങനെയുള്ള വാക്കുകൾ ഉപയോഗിക്കില്ലായിരുന്നുവെന്ന് ആ നിമിഷം തന്നെ എനിക്ക് മനസ്സിലായി. അങ്ങനെ ഖാദിയാനിൽ എത്തിയപ്പോൾ അവർ യഥാർത്ഥത്തിൽ വഫാത്തായിരിക്കുന്നുവെന്ന് മനസ്സിലായി.

അമ്മാജാൻ (റ) വിവരിക്കുന്നു; ഹദ്റത്ത് സാഹിബ് പറയുമായിരുന്നു: ഞങ്ങളെ വിട്ടുപോയ മിർസാ ഇമാം ദീൻ വീണ്ടും അങ്ങോട്ടുമിങ്ങോട്ടും കറങ്ങിനടന്നു. ഒടുവിൽ ചായ കൊണ്ടുപോകുന്ന ഒരു സംഘത്തെ ആക്രമിക്കുകയും അയാൾ പിടിയിലാവുകയും ചെയ്തുവെങ്കിലും കേസിൽ വെറുതെ വിട്ടു. നമ്മുടെ കാരണം കൊണ്ടാണ് അല്ലാഹു അയാളെ ശിക്ഷയിൽ നിന്ന് രക്ഷിച്ചതെന്നാണ് തോന്നുന്നത്; കാരണം എന്നെപ്പറ്റി അയാൾ എങ്ങനെയുള്ള മനുഷ്യനായാലും ശരി, അയാളുടെ ഒരു പിതൃവ്യപുത്രൻ ജയിലിൽ കഴിഞ്ഞിട്ടുണ്ട് എന്ന് നമ്മുടെ എതിരാളികൾക്ക് പറയാൻ അവസരം കിട്ടുമായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സിയാൽകോട്ടിലെ ജോലി 1864 മുതൽ 1868 വരെയുള്ള കാലഘട്ടത്തിലായിരുന്നു.

(ഈ ചരിത്ര സംഭവത്തിൽ നിന്ന്, മിർസാ ഇമാം ദീൻ പിതാമഹന്റെ പെൻഷൻ തുക കബളിപ്പിച്ച് എടുത്തതുകൊണ്ടാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) സിയാൽകോട്ടിൽ ജോലിക്ക് പ്രവേശിച്ചതെന്ന് ധരിക്കരുത്. കാരണം, ഹദ്റത്ത് മസീഹ് മൗഊദ്(അ) തങ്ങളുടെ ഗ്രന്ഥങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ, അവിടുന്ന് ജോലി സ്വീകരിക്കാനുള്ള കാരണം പിതാവിന്റെ നിരന്തരമായ നിർബന്ധം മാത്രമായിരുന്നു; അല്ലാത്തപക്ഷം ജോലി ചെയ്യുന്നതിനോട് അദ്ദേഹത്തിന തീരെ താൽപ്പര്യമുണ്ടായിരുന്നില്ല. അതുപോലെ ജോലി ഉപേക്ഷിക്കാനുള്ള യഥാർത്ഥ കാരണവും, ഹദ്റത്ത് മസീഹ് മൗഊദ്(അ) ജോലി ഇഷ്ടപ്പെടാത്ത ആളായിരുന്നു എന്നതുകൊണ്ടാണ്; പിതാവിനോട് ജോലി ഉപേക്ഷിക്കാൻ അനുവാദം ചോദിച്ച് അവിടുന്ന് നിരന്തരം കത്തുകൾ എഴുതിയിരുന്നു. എന്നാൽ ജോലി ഉപേക്ഷിക്കാൻ പിതാവ് അനുവാദം നൽകിയിരുന്നില്ല. എങ്കിലും, ഒടുവിൽ വല്യുമ്മ രോഗിയായപ്പോൾ, ജോലി ഉപേക്ഷിച്ചു പോരാൻ അനുവാദം നൽകുകയായിരുന്നു.)

### വൈദ്യശാസ്ത്രം

(ലേഖകൻ വിവരിക്കുന്നത്) വൈദ്യം ഞങ്ങളുടെ കുടുംബത്തിന്റെ പാരമ്പര്യ വിജ്ഞാനമാണ്. എന്നും ഞങ്ങളുടെ കുടുംബം ഈ ശാസ്ത്രത്തിൽ പ്രാവീണ്യമുള്ളവരായിരുന്നു. പിതാമഹൻ അതിൽ അത്യധികം നിപുണനും പ്രശസ്തനുമായ ഒരു വൈദ്യനായിരുന്നു. മൂത്താപ്പയും വൈദ്യം പഠിച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നും വൈദ്യശാസ്ത്രത്തിൽ നല്ല വൈദഗ്ധ്യമുണ്ടായിരുന്നു. രോഗികൾക്ക് മരുന്നു നൽകുന്നതിനായി അദ്ദേഹം വീട്ടിൽ മരുന്നുകളുടെ ഒരു ശേഖരം സൂക്ഷിക്കാറുണ്ടായിരുന്നു. മിർസാ സുൽത്താൻ അഹ്മദ് സാഹിബും വൈദ്യം പഠിച്ചിരുന്നു. കൂടാതെ, എന്നോട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി, ഒരിക്കൽ ഇപ്രകാരം പറഞ്ഞു: വൈദ്യശാസ്ത്രം പഠിക്കണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) എനിക്കും ശക്തമായ നിർദ്ദേശം നൽകിയിരുന്നു.

വൈദ്യശാസ്ത്രം ഞങ്ങളുടെ കുടുംബത്തിന്റെ ഒരു പ്രത്യേകതയായി നിലനിന്നിരുന്നുവെങ്കിലും, കുടുംബത്തിൽ ആരും ഒരിക്കലും ഈ ശാസ്ത്രത്തെ സ്വന്തം ഉപജീവനമാർഗ്ഗമാക്കി മാറ്റിയിട്ടില്ല. ചികിത്സയ്ക്ക് പകരമായി ഒരിക്കലും ആരിൽ നിന്നും യാതൊരു പ്രതിഫലവും വാങ്ങിയിട്ടുമില്ല.

പേജ് 1ൽ നിന്ന്

**തഫ്സീർ:** ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)

വാഗ്ദത്തം ചെയ്യപ്പെട്ട സമയം വന്നെത്തുന്നതുവരെ പ്രത്യേക ശ്രദ്ധയോടെ ആരാധനയിൽ വ്യാപൃതനാവുക. അതായത്, ശിക്ഷയുടെയോ വാഗ്ദത്ത സമയത്തിന്റെയോ അടയാളങ്ങൾ പ്രകടമാകുന്നതിനാണ് യഖീൻ എന്ന് പേരിട്ടിരിക്കുന്നത്. കാരണം, വാഗ്ദത്തം പൂർത്തിയാകുന്നതുവരെ അതിന്റെ യഥാർത്ഥ യാഥാർത്ഥ്യം വെളിപ്പെടുകയില്ല. അതിനാൽ അല്ലാഹുവിന്റെ പക്കൽ നിന്നുള്ള വാഗ്ദത്തം ഉണ്ടാകുമ്പോൾ, ആ വാഗ്ദത്തം എല്ലാവിധ നന്മകളോടും കൂടി പൂർത്തീകരിക്കപ്പെടുന്നതിന് വേണ്ടി പ്രത്യേകമായി പ്രാർത്ഥനയിലും ആരാധനയിലും മുഴുകേണ്ടതാണെന്ന് വ്യക്തമാക്കിയിരിക്കുന്നു.

മറ്റ് ദിവസങ്ങളിൽ ആരാധന ഉപേക്ഷിക്കാമെന്നല്ല ഇതിന്റെ അർത്ഥം. കാരണം, ഈ ആയത്ത് അവതരിച്ച വേളയിലും തിരുനബി (സ) ആരാധന നിർവഹിക്കുന്നുണ്ടായിരുന്നു. അതിനാൽ ഇതിന്റെ അർത്ഥം സാധാരണയേക്കാൾ കൂടുതലായ ആരാധനയും ശ്രദ്ധയും വേണം എന്നാകുന്നു.

ചില വിവരദോഷികളായ ബിദ്അത്തുകാർ ഈ ആയത്തിന് ഇപ്രകാരം അർത്ഥം കൽപ്പിക്കുന്നു: യഖീൻ (ദൃഢബോധം) കൈവരുന്നതുവരെ ആരാധന നിർബന്ധമാണ്, എന്നാൽ യഖീൻ കൈവന്നുകഴിഞ്ഞാൽ പിന്നെ ആരാധന ആവശ്യമില്ല. കാരണം, അല്ലാഹു യഖീൻ കൈവരുന്നതുവരെ ആരാധന ചെയ്യുക എന്ന് പറയുന്നുവതെ! ഇങ്ങനെയൊരു വ്യാഖ്യാനത്തിലൂടെ അവർ മുഹമ്മദ് റസൂലുല്ലാഹ് (സ) യുടെ മേൽ തന്നെയാണ് ആക്ഷേപം ഉന്നയിക്കുന്നത് എന്ന് ഈ വിവരദോഷികൾ അറിയുന്നില്ല. അതായത്, ഈ സൂറത്ത് അവതരിക്കുന്നതുവരെ തിരുമേനിക്ക് പൂർണ്ണമായ യഖീൻ ലഭിച്ചിരുന്നില്ല എന്നാണ് അവർ ഇതിലൂടെ പറയുന്നത്. മുഹമ്മദ് റസൂലുല്ലാഹ്(സ) ക്ക് നുബുവ്വത്തിന് ശേഷവും യഖീൻ ലഭിച്ചിരുന്നില്ലെങ്കിൽ പിന്നെ ഈ നികൃഷ്ടരായ ആളുകൾക്ക് എങ്ങനെയാണ് യഖീൻ ലഭിക്കുക? نَعُوْذُبِاللّٰہِ مِنْ هٰذِہِ الْخُرَافَاتِ

ഒരിക്കൽ ഇതുപോലൊരാൾ എന്റെ അടുക്കൽ വന്ന് ചോദിച്ചു: കപ്പലിലെ യാത്രികൻ കരയിൽ എത്തിയാൽ കപ്പലിൽ തന്നെ ഇരിക്കണോ അതോ ഇറങ്ങണോ? ഞാൻ മറുപടി പറഞ്ഞു: കടൽ പരിമിതവും അതിന് കരയുമുണ്ടെങ്കിൽ അവൻ കരയിൽ ഇറങ്ങണം, എന്നാൽ കടൽ അനന്തമാണെങ്കിലോ, അവൻ കരയാണെന്ന് വിചാരിക്കുന്നത് അത് അവന്റെ ബുദ്ധിയുടെ ഒരു വഞ്ചന മാത്രമായിരിക്കും, അതിനാൽ അവൻ എവിടെ ഇറങ്ങിയാലും അവിടെ മുങ്ങിപ്പോകും. ഇതുകേട്ട് അവൻ കടുത്ത ലജ്ജയിലായി.'

*(തഫ്സീർ കബീർ, വാള്യം 5, പേജ് 375)*


The Weekly BADR Qadian (Malayalam)

പഴയതും പുതിയമായ ലക്കങ്ങൾ വായിക്കാം




ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

www.akhbarbadr.in

EDITOR
H.SHAMSUDDIN
Mobile : +91 99460 21252
e-mail : akhbaarbadarmalayalamqdn@gmail.com
badarmalayalam@gmail.com
Layout: HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ | Weekly **BADAR** Qadian | Vol-11 Issue:37-38

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2026-28 **Thursday 10-17 September 2026**

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ

**സീറത്തുന്നബി(സ)**

വിവ: അബൂ സ്വബാഹ്

## വാഖിദിയെക്കുറിച്ച് മുസ്‌ലിം ഗവേഷകരായ പണ്ഡിതന്മാർ

**1. ഇമാം അഹ്മദ് ബിൻ ഹൻബൽ (ഹിജ്റ 161–241)**

هُوَ كَذَّابٌ يُقَلِّبُ الْحَدِيْثَ

വാഖിദി കടുത്ത കള്ളം പറയുന്നവനാണ്. അദ്ദേഹം ഹദീസുകളിൽ മാറ്റം വരുത്തി അവതരിപ്പിക്കാറുണ്ടായിരുന്നു

**2. അബൂ അഹ്മദ് അബ്ദുല്ലാഹ് ബിൻ മുഹമ്മദ് അൽമഅ്റൂഫ് ബിൻ ഇബ്നു അദിയ്യ് (ഹിജ്റ 277 365)**

اَحَادِيْثُهٗ غَيْرُ مَحْفُوْظَةٍ وَالْبَلَاءُ مِنْهُ

വാഖിദിയുടെ നിവേദനങ്ങൾ വിശ്വസനീയമല്ല. അവയിലെ പോരായ്മ അദ്ദേഹത്തിൽ നിന്നുതന്നെയാണ് ഉണ്ടായത്.

**3. അബൂ ഹാതിം മുഹമ്മദ് ബിൻ ഇദ്രീസ് (ഹിജ്റ 195–277)**

يَضَعُ الْحَدِيْثَ

വാഖിദി ഹദീസുകൾ കെട്ടിച്ചമച്ച് അവതരിപ്പിക്കാറുണ്ടായിരുന്നു.

**4. അലി ബിൻ അബ്ദുല്ലാഹ് ബിൻ ജഅ്ഫർ അൽമഅ്റൂഫ് ബിൻ ഇബ്നുൽ മദീനി (ഹിജ്റ 161 224)**

يَضَعُ الْحَدِيْثَ لَا اَرْضَاهُ فِيْ شَيْءٍ

വാഖിദി കൃത്രിമമമായി ഹദീസുകൾ കെട്ടിച്ചമയ്ക്കുന്നവനായിരുന്നു. ഒരു കാര്യത്തിലും അദ്ദേഹത്തെ അവലംബിക്കാൻ സാധ്യമല്ല.

**5. ഇമാം അലി ബിൻ മുഹമ്മദ് ദാറുഖുത്നി (ഹിജ്റ 306–385)**

فِيْهِ ضُعْفٌ

വാഖിദിയുടെ നിവേദനങ്ങൾ ദുർബലമാണ്.

**6. ഇസ്ഹാഖ് ബിൻ ഇബ്രാഹിം അൽമഅ്റൂഫ് ബിൻ ഇബ്നു റാഹുവൈഹ് (ഹിജ്റ 161 238)**

هُوَ عِنْدِيْ مِمَّنْ يَضَعُ الْحَدِيْثَ

എന്റെ അഭിപ്രായത്തിൽ, വാഖിദി. ഹദീസുകൾ കെട്ടിച്ചമയ്ക്കുന്നവരിൽ പെട്ടവനാണ്.

മീസാനുൽ ഇഅ്തിദാൽ ഫീ നഖ്ദിർ റിജാൽ, ഹാഫിള് ശംസുദ്ദീൻ അബൂ അബ്ദുള്ള മുഹമ്മദ് ബിൻ അഹ്മദ് അദ്ദഹബി, വാല്യം 3, ഹർഫുൽ മീം, 'മുഹമ്മദ് ബിൻ ഉമർ ബിൻ വാഖിദ് അസ്‌ലമി', പേജ് 110111, മത്ബഅത്തുസ് സആദ മിസ്ർ, ഒന്നാം പതിപ്പ് (ഹിജ്റ 1325).

**7. ഇമാം ബുഖാരി (ഹിജ്റ 194–256)**

مَتْرُوْكُ الْحَدِيْثِ

വാഖിദിയുടെ ഹദീസ് സ്വീകരിക്കാൻ മാത്രം യോഗ്യനല്ല.

**8. ഇമാം യഹ്യാ ബിൻ മുഈൻ (ഹിജ്റ 185 233)**

لَيْسَ بِشَيْءٍ كَانَ يُقَلِّبُ

വാഖിദിക്ക് യാതൊരു പ്രാമാണികതയുമില്ല. അദ്ദേഹം ഹദീസുകളിൽ മാറ്റം വരുത്തി അവതരിപ്പിക്കാറുണ്ടായിരുന്നു.

**9. ഇമാം ശാഫിഈ (ഹിജ്റ 150–204)**

هَا كُتُبُ الْوَاقِدِيْ كُلُّ كِذْبٍ كَانَ يَضَعُ الْاَسَانِيْدَ

വാഖിദിയുടെ ഗ്രന്ഥങ്ങൾ മുഴുവനും കള്ളങ്ങളുടെ സമാഹാരമാണ്. അദ്ദേഹം വ്യാജമായ നിവേദനപരമ്പരകൾ (അസാനീദ്) കെട്ടിച്ചമയ്ക്കാറുണ്ടായിരുന്നു.

**10. ഇമാം അബൂദാവൂദ് സിജിസ്താനി (ഹിജ്റ 202–275)**

لَا اَكْتُبُ حَدِيْثَهٗ اِنَّهٗ كَانَ يَفْتَعِلُ الْحَدِيْثَ

എന്റെ അഭിപ്രായത്തിൽ, വാഖിദിയുടെ നിവേദനങ്ങൾ സ്വീകരിക്കാൻ യോഗ്യമല്ല. അദ്ദേഹം സ്വയം ഹദീസുകൾ കെട്ടിച്ചമയ്ക്കുമായിരുന്നു.

**11. ഇമാം നസാഈ (ഹിജ്റ 215–303)**

اَلْوَاقِدِيْ مِنَ الْكَذَّابِيْنَ الْمَعْرُوْفِيْنَ بِالْكِذْبِ

കള്ളം പറയുന്നവരായി പരസ്യമായി അറിയപ്പെട്ട വ്യാജന്മാരിൽ ഒരാളായിരുന്നു വാഖിദി.

**12. മുഹമ്മദ് ബിൻ ബശ്ശാർ ബിൻദാർ (ഹിജ്റ 167–252)**

مَا رَأَيْتُ اَكْذَبَ مِنْهُ

വാഖിദിയേക്കാൾ വലിയൊരു കള്ളിയെ ഞാൻ കണ്ടിട്ടില്ല.

**13. ഇമാം നവവി (ഹിജ്റ 672ൽ വഫാത്തായി)**

ضَعِيْفٌ بِاِتِّفَاقِهِمْ

വാഖിദിയുടെ നിവേദനങ്ങൾ ദുർബലമാണെന്ന കാര്യത്തിൽ എല്ലാ ഗവേഷകരായ പണ്ഡിതന്മാരും ഏകാഭിപ്രായക്കാരാണ്.

**14. അല്ലാമ ദഹബി (ഹിജ്റ 748ൽ വഫാത്തായി)**

اِسْتَقَرَّ الْاِجْمَاعُ عَلٰى وَهْنِ الْوَاقِدِيْ

വാഖിദിയുടെ ബലഹീനതയിൽ എല്ലാ ഗവേഷകരായ പണ്ഡിതന്മാരും ഏകോപിച്ചു കഴിഞ്ഞിരിക്കുന്നു.

മീസാനുൽ ഇഅ്തിദാൽ ഫീ നഖ്ദിർ റിജാൽ, ഹാഫിള് ശംസുദ്ദീൻ അബൂ അബ്ദുള്ള മുഹമ്മദ് ബിൻ അഹ്മദ് അദ്ദഹബി, വാല്യം 5, ഹർഫുൽ മീം, 'മുഹമ്മദ് ബിൻ ഉമർ ബിൻ വാഖിദ് അസ്‌ലമി', പേജ് 234– 235, മത്ബഅത്തുസ് സആദ മിസ്ർ, ഒന്നാം പതിപ്പ് (ഹിജ്റ 1325).

**15. ഖാദി അഹ്മദ് ബിൻ മുഹമ്മദ് ബിൻ ഇബ്രാഹിം അൽമഅ്റൂഫ് ബിൻ ഇബ്നു ഖല്ലിക്കാൻ (ഹിജ്റ 681ൽ വഫാത്തായി)**

ضَعَفُوْهُ فِي الْحَدِيْثِ وَتَكَلَّمُوْا فِيْهِ

ഗവേഷകരായ പണ്ഡിതന്മാർ വാഖിദിയെ ഹദീസിന്റെ കാര്യത്തിൽ ദുർബലനായി പ്രഖ്യാപിക്കുകയും അദ്ദേഹത്തിനെതിരെ പല ആക്ഷേപങ്ങളും ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്.

വഫയ്യാത്തുൽ അഅ്യ്യാൻ, അബൂ അബ്ബാസ് അഹ്മദ് ബിൻ മുഹമ്മദ് ബിൻ ഇബ്രാഹിം അൽമഅ്റൂഫ് ഇബ്നു ഖല്ലിക്കാൻ രചിതം, വാല്യം 4, പേജ് 158, ഹർഫുൽ മീം, 'അൽവാഖിദി', ദാറുൽ കുതുവിൽ ഇൽമിയ്യ, ബെയ്റൂത്, ലബനാൻ, ഒന്നാം പതിപ്പ് (1998).

**16. അല്ലാമ സർഖാനി (ഹിജ്റ 1122ൽ വഫാത്തായി)**

اَلْوَاقِدِيْ لَا يُحْتَجُّ بِهٖ اِذَا انْفَرَدَ فَكَيْفَ اِذَا خَالَفَ

ഒരു നിവേദനം റിപ്പോർട്ട് ചെയ്യുന്നതിൽ വാഖിദി ഒറ്റപ്പെട്ടാൽ, അദ്ദേഹത്തിന്റെ നിവേദനം പ്രമാണമായി സ്വീകരിക്കാനാവില്ല. അങ്ങനെയിരിക്കെ, മറ്റുള്ള നിവേദകരുടെ റിപ്പോർട്ടുകൾക്ക് വിരുദ്ധമായി അദ്ദേഹം നിവേദനം ചെയ്യുമ്പോൾ അതിന്റെ പ്രാമാണികത എത്രത്തോളം ആയിരിക്കുമെന്ന് ഊഹിക്കാവുന്നതാണ്.

ശർഹുൽ അല്ലാമാതിസ് സർഖാനി അലൽ മവാഹിബിൽ ലദുന്നിയ്യ, മുഹമ്മദ് ബിൻ അബ്ദുൽ ബാഖി അസ്സർഖാനി രചിതം, ഭാഗം 3, പേജ് 162, ഖിസ്സത്തു ഉകലി വ ഉറൈന, ദാറുൽ കുതുവിൽ ഇൽമിയ്യ, ബെയ്റൂത്, ലബനാൻ, ഒന്നാം പതിപ്പ് (1996).

മുസ്‌ലിം ഗവേഷകരായ പണ്ഡിതന്മാർ സമഗ്രമായ അന്വേഷണത്തിന് ശേഷമാണ് ഈ സാക്ഷ്യങ്ങൾ നൽകിയിട്ടുള്ളത്. അവരിൽ ഭൂരിഭാഗവും വാഖിദിയുടെ സമകാലികരായിരുന്നു. യൂറോപ്യൻ എഴുത്തുകാർ തങ്ങളുടെ ഹൃദയത്തോട് ഇത്രയധികം ചേർത്തുപിടിക്കുന്ന ഈ ചരിത്രകാരന്റെ യഥാർത്ഥ നിലവാരം എന്താണെന്ന് അവർ ചിന്തിക്കേണ്ടതുണ്ട്. വാഖിദി ഉദ്ധരിക്കുന്ന എല്ലാ നിവേദനങ്ങളും തെറ്റാണെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. തീർച്ചയായും, അദ്ദേഹത്തിന്റെ നിവേദനങ്ങളിൽ ഗണ്യമായ ഒരു ഭാഗം ഒരുപക്ഷേ ശരിയായിരിക്കാം. എന്നിരുന്നാലും, സത്യസന്ധതയുടെയും നീതിബോധത്തിന്റെയും കാര്യത്തിൽ മേൽപ്പറഞ്ഞ നിലവാരത്തിലുള്ള ഒരു വ്യക്തി, താൻ

ശേഷം പേജ് 14 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin